
# തുളസീരവം

— ജനുവരി 2023 —



## "ഭാരതത്തിന്റെ ഹൃദയ രേഖയിൽ തൊട്ട ചരിത്ര യാത്രകൾ"

PSCEA പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ

# സംസ്ഥാന കമ്മിറ്റി 2022–23

പ്രസിഡന്റ്



രമേഷ് എം. തമ്പി

ജനറൽ സെക്രട്ടറി



സുഭാഷ് ചന്ദ്രൻ പി. കെ.

ട്രഷറർ



സൂരജ് വി.

വൈസ് പ്രസിഡന്റുമാർ



രേണുദാസ് എൻ.



അൻവർ സാജിദ് പി.

ജോയിന്റ് സെക്രട്ടറിമാർ



സഞ്ജീവ് പി.എ.



ജയലക്ഷ്മി എം.

## എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ



ശശികുമാർ വി.



സഞ്ജിത്ത് വി.



സുനിൽ വൈ.



വിനോദ് പി.ജെ.



ഷാജി എ.



അജിത്കുമാർ എസ്.



ശ്രീലത ടി.സി.

# തുളസീരവം
## പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ മുഖപത്രം
പുതുവർഷപ്പതിപ്പ് 2023

സ്ഥാപിതം : 1989
രജി. നമ്പർ : 267/91
ജനുവരി 2023
പുസ്തകം : 9
ലക്കം : 1



**ചീഫ്എഡിറ്റർ**
ആൽബിൻരാജ് ഡി.എസ്.

**മാനേജിംഗ് എഡിറ്റർ**
അനിൽകുമാർ വി.എസ്.

**എഡിറ്റർമാർ**
സഞ്ജീവ് പി.എ.
സുരേഷ്കുമാർ ആർ.സി.

**പത്രാധിപസമിതി അംഗങ്ങൾ**
രമേശ് എം. തമ്പി
സുഭാഷ്ചന്ദ്രൻ പി.കെ.
പ്രദീപ്കുമാർ. ഐ.പി.
സഞ്ജിത്ത് വി.
ഫ്രഞ്ചസ് ഡി.
വനജ പി.
അനൂപ് വി. എസ്.
ശ്രീദേവ് എം.എസ്.
അനിൽകുമാർ വി.



**പി.എസ്.സി. എംപ്ലോയീസ് അസോസിയേഷനുവേണ്ടി ജനറൽ സെക്രട്ടറി സുഭാഷ്ചന്ദ്രൻ പി.കെ. പ്രസിദ്ധീകരിക്കുന്നത്**
പി.എസ്.സി. ജീവനക്കാർക്ക് മാത്രം.

**ഡി.റ്റി.പി**
സി.എസ്.ഐ.പി.എഫ്

**ലേഔട്ട് & പ്രിന്റിംഗ്**
ടൈം ഓഫ്സെറ്റ്



ലേഖകരുടെ അഭിപ്രായങ്ങൾ തുളസീരവത്തിന്റേത് ആയിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



Email : psceatvpm@gmail.com
Follow us on f keralapscEA



**ഗവൺമെന്റ് ഓഫ് ദ പാർട്ടി, ബൈ ദ പാർട്ടി, ഫോർ ദ പാർട്ടി** ..... 6
രമേഷ്. എം. തമ്പി

**33-ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്** ..... 11
സുഭാഷ് ചന്ദ്രൻ. പി.കെ.

**നാൽക്കാലിയിലേയ്ക്ക് ഒരു യാത്ര** ..... 14
ഷാനവാസ് ഇ.

**ഇന്ത്യയുടെ ആത്മാവ് തിരിച്ചു പിടിക്കാൻ ഒരു തീർത്ഥയാത്ര** ..... 20
അബ്ദുസലാം വി. വി.

**യാത്രയുടെ ഉൾക്കാഴ്ചകൾ** ..... 24
സഞ്ജിത്ത് വി.

**സഹയാത്രികരില്ലാത്ത ബോഗി** ..... 25
വനജ

**നമ്മുത്തുകൾ** ..... 26
ലത എൻ.

**നിന്റെ പിറന്നാളിന്റെ ഓർമ്മയ്ക്ക്** ..... 27
ജിതിൻജോസ്

**സമഗ്ര ലൈംഗികവിദ്യാഭ്യാസം ?** ..... 33
ഡോ. സരിൻ പി. & ഡോ. സൗമ്യ എസ്. സരിൻ

**ഒരു മറവിക്കഥ @ 7B** ..... 36
വി. ലോറൻസ്

**ഒരല്പം Artificial Intelligence എടുക്കട്ടെ** ..... 38
രാജേഷ് കൃഷ്ണൻ

**മലയാള സിനിമ - 2022 ഒരു തിരനോട്ടം** ..... 42
സുനിൽ വൈ.

**സമകാലിക രാഷ്ട്രീയവും കേരളവും** ..... 45
എ.കെ. സാദിക്

**കണ്ണീർ മഴയിലൂടെ** ..... 51
അമ്പിളി ആർ.

**ഇര തേടുന്നവർ** ..... 51
ഷാജി എ.

**കാൽപന്ത് കളിയിലെ ലോകവിസ്മയം** ..... 52
വിനോദ് പി.ജെ.

**കാകദൃഷ്ടി** ..... 55
പി.എസ്.സി.ഇ.എ.



# എഡിറ്റോറിയൽ

നിഴൽ പോലെ പിൻതുടർന്ന എല്ലാ സ്വപ്നങ്ങൾക്കും പ്രതീക്ഷകളുടെ പുതുവർണ്ണമേകാൻ ഒരു പുതുവർഷം. പുതിയൊരു പുലരിയെ കണികണ്ടുണരാൻ പുതുമകൾ ഒന്നും ഇല്ലായെങ്കിലും നഷ്ടപ്പെട്ട അവസരങ്ങളെയോർത്ത് ദുഃഖിക്കാതെ കഴിഞ്ഞ നാളിൽ നമ്മിൽ നിന്ന് അണഞ്ഞുപോയ ദീപങ്ങളെ തെളിയിച്ച് നമ്മിലെ മൂല്യങ്ങളെ നഷ്ടപ്പെടുത്താതെ ഓരോ ദിനങ്ങളെയും വിജയസാഫല്യത്തിന്റെ ചവിട്ടുപടികളാക്കി നേരിന്റെ പാതയിൽ വഴിതെറ്റാതെ നടന്നു നീങ്ങാം. പുതുവത്സരത്തിൽ എഴുതി തുടങ്ങുന്ന ശൂന്യമാകുന്ന പുസ്തകത്തിൽ അത് എഴുതാനുള്ള പേന നിങ്ങളുടെ കരങ്ങളിലാണ്. അതുകൊണ്ട് മനോഹരമായ വർണ്ണങ്ങൾ തീർത്ത് ഓർമ്മത്തുരുത്തുകൾ പോലെ മറ്റുള്ളവരുടെ പ്രതീക്ഷകൾക്ക് നിറം പിടിപ്പിക്കാം. ഇന്നലെകളിലെ നഷ്ടങ്ങളെ മറക്കാം. ശുഭപ്രതീക്ഷയോടെ നല്ല നാളെയുടെ ഭാഗമാകാം. പുതിയ ദിനം, പുതിയ വർഷം, പുതിയ തുടക്കം, പുതിയ പ്രതീക്ഷകൾക്ക് നന്മയുടെ മുഖം നൽകി അന്യന്റെ പ്രതീക്ഷകൾക്ക് കോട്ടം വരാതെ, എവിടെയാണോ നാം പരാജയപ്പെട്ടത് അവിടെ നിന്ന് വിജയിക്കാൻ പഠിക്കാം. എവിടെയാണോ കരഞ്ഞത് അവിടെ നിന്ന് ചിരിയ്ക്കാൻ പഠിക്കാം. ആരൊക്കെയാണോ പരിഹസിച്ചത് അവർക്ക് മുന്നിൽ തലയുയർത്തി നിൽക്കാം. മുന്നേറാം നമുക്ക് ഒരുമയോടെ ഈ നവവത്സരത്തിൽ.

വ്യത്യസ്തതയാണ് ഇന്ത്യയുടെ സൗന്ദര്യം. ബഹുസ്വരതയുടെ, മതേതരത്വത്തിന്റെ, അഹിംസയുടെ, അഖണ്ഡതയുടെ സുന്ദരമായ ഇന്ത്യ. വ്യത്യസ്ത ജാതി-മത വിശ്വാസമുള്ളവർ, വ്യത്യസ്ത നിറമുള്ളവർ, വ്യത്യസ്ത സംസ്കാരമുള്ളവർ ഉൾപ്പെട്ട മതനിരപേക്ഷിത ഇന്ത്യയാണ് നമുക്ക് കാണാൻ കഴിഞ്ഞിരുന്നത്. എല്ലാ പേരെയും ഉൾക്കൊള്ളുവാൻ കഴിയുന്ന എല്ലാ ജനങ്ങളെയും ചേർത്തു നിർത്തുന്ന എല്ലാ ചിന്തകൾക്കും വാക്കുകൾക്കും വില നൽകുന്ന എല്ലാ പേരും ഒരമ്മയുടെ മക്കളെന്ന ചിന്തയിൽ ജീവിച്ച ഇന്ത്യൻ ജനതയെ മതത്തിന്റെയും, ഭാഷയുടെയും, വസ്ത്രത്തിന്റെയും, ആഹാരത്തിന്റെയും, നിറങ്ങളുടെയും പേരിൽ വിഭിന്നമായി കാണുന്ന വർത്തമാന കാലഘട്ടത്തിൽ ''ഒരൊറ്റ ഇന്ത്യ ഒരൊറ്റ ജനത'' എന്ന മുദ്രാവാക്യവുമായി ''വെറുപ്പിന്റെ ചന്തയിൽ സ്നേഹത്തിന്റെ കട'' തുറന്ന് ഇന്ത്യൻ ജനതയെ ഒന്നായി കാണുവാൻ രാഹുൽഗാന്ധി നയിക്കുന്ന ജോഡോ യാത്രയ്ക്ക് കഴിയുന്നു എന്നത് സ്വതന്ത്ര ഇന്ത്യയുടെ ജനാധിപത്യ വ്യവസ്ഥയുടെ പുതിയ തലങ്ങളിലേക്ക് വീണ്ടും ഇന്ത്യ നയിക്കപ്പെടും എന്ന ഇന്ത്യൻ ജനതയുടെ തിരിച്ചറിവാണ്. ആ തിരിച്ചറിവിലൂടെ ആ നല്ല നാളേയ്ക്കായി നമുക്ക് കാത്തിരിക്കാം.

സംഭവബഹുലമായ വർഷമായിരുന്നു 2022. റഷ്യൻ-യുക്രെയ്ൻ യുദ്ധവും അഫ്ഗാനിസ്ഥാൻ താലിബാൻ എന്ന ഭീകരസംഘടനയുടെ അടിമത്വത്തിൽ ആയതും ജനഹൃദയങ്ങളിൽ നൊമ്പരമായ സംഭവങ്ങളാണ്. ഇന്ത്യയിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനാധിപത്യ സർക്കാരുകളെ ധനവും അധികാരവും ഉപയോഗിച്ച് എങ്ങനെ അസ്ഥിരപ്പെടുത്തി തങ്ങളുടെ വശത്താക്കാം എന്നതിന്റെ പരീക്ഷണവർഷം കൂടെയായിരുന്നു കഴിഞ്ഞ വർഷം. ഇന്ത്യയുടെ ആത്മാവ് തൊട്ടറിഞ്ഞ

പൊതുമേഖലാ സ്ഥാപനങ്ങളെ മുതലാളിവർഗ്ഗത്തിന് സമർപ്പിച്ച് ധനം സ്വരൂപിച്ചുകൊണ്ട് ഇന്ത്യയുടെ സമ്പദ്ഘടനയെ പോലും ഇല്ലാതാക്കുന്ന പ്രവർത്തനങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോകുന്നു. തുടർഭരണ ജീർണ്ണത നടമാടിയ വർഷം കൂടെയാണ് പിന്നിട്ട വർഷം. ബന്ധു നിയമനങ്ങളും സ്വജനപക്ഷപാതവും സർവ്വകലാശാലകളിലെ അനധികൃത നിയമനങ്ങളും ലഹരിമാഫിയകൾക്ക് എല്ലാവിധ ഒത്താശയും ചെയ്തു കൊടുക്കുന്ന പാർട്ടി സംവിധാനവും സാമ്പത്തിക അച്ചടക്കമില്ലാത്ത ധൂർത്തും വിദേശയാത്രകളും അഴിമതിയും നിയന്ത്രണമില്ലാത്ത ആഭ്യന്തരവും കൊണ്ട് സർക്കാർ ഒരു വശത്ത് കളം നിറഞ്ഞപ്പോൾ മറുവശത്ത് നരബലിയും കപട നവോത്ഥാനവും അന്ധവിശ്വാസവും പ്രേമനൈരാശ്യം കൊണ്ടുള്ള കൊലപാതകങ്ങളും ആത്മഹത്യകളും ഗുണ്ടാവിളയാട്ടങ്ങളും കൊണ്ട് കേരളത്തെ ദുസഹമാക്കുന്നതിൽ കേരള ജനതയും മത്സരിക്കുകയായിരുന്നു.

സർക്കാർ ജീവനക്കാരന്റെ ജീവന് തന്നെ വിലയിട്ട വർഷമായിരുന്നു കഴിഞ്ഞ വർഷം. ജീവനക്കാരന്റെ എല്ലാ ആനുകൂല്യങ്ങളും നഷ്ടമാക്കിയ ഈ സർക്കാർ ബാക്കിയുള്ള മറ്റ് ആനുകൂല്യങ്ങളും ഇല്ലായ്മ ചെയ്യുവാനുള്ള തിരക്കിലാണ്. ഡി.എ, ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശികയും നാളെ നാളെ നീളെ നീളെ എന്ന പല്ലവി ആയി കഴിഞ്ഞു. പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നിട്ട് ഇപ്പോൾ പഠിച്ചിട്ടും പഠിച്ചിട്ടും തീരാത്ത അവസ്ഥയിലായി. സർക്കാരിന്റെ വിഹിതമില്ലാതെ നടപ്പിലാക്കിയ ജീവനക്കാരന്റെ വിഹിതത്താൽ മാത്രം നടത്തപ്പെട്ട മെഡിസെപ്പ് ജീവനക്കാരന് ആവശ്യഘട്ടങ്ങളിൽ പ്രയോജനകരമല്ലാത്ത പദ്ധതി ആയി മാറിയിരിക്കുന്നു.

പി.എസ്.സി യിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ വരെ നഷ്ടപ്പെട്ട നഷ്ടങ്ങളുടെ വർഷമായിരുന്നു. ബന്ധുനിയമനത്തിനും പിൻവാതിൽ നിയമനങ്ങൾക്കും വേണ്ടി പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിച്ചു. സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്ന് പറയുന്ന ഈ സമയത്ത് നിയമഭേദഗതിയിലൂടെ പൊതുമേഖലാ റിക്രൂട്ട്മെന്റ് വിങ് പി.എസ്.സി യിൽ സ്ഥാപിച്ച് പി.എസ്.സി യ്ക്ക് തസ്തികകൾ അനുവദിച്ച് നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടാതെ വരുംകാലങ്ങളിൽ പി.എസ്.സി യുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്ന പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരികയാണ് ഈ സർക്കാർ ചെയ്തത്. ലീവ് പ്രമോഷൻ ഇല്ലാതാക്കി ജീവനക്കാരന്റെ പ്രമോഷൻ സാധ്യതകളെ ഇല്ലാതാക്കി ഈ സർക്കാർ. വിവിധ ജില്ലകളിൽ പി.എസ്.സി പരീക്ഷാ നടത്തിപ്പുകൾക്ക് വേണ്ടി കമ്പൽസറിയായി നിയമിച്ചിട്ട് ജീവനക്കാരന്റെ കൂലിയിൽ കയ്യിട്ടുവാരുന്ന ദ്രോഹനടപടിയായി മാറിയിരിക്കുന്നു ടിഎ സീലിംഗ് നടപ്പിലാക്കിയതിലൂടെ സർക്കാർ ചെയ്തിരിക്കുന്നത്

പുതിയ വർഷത്തിൽ ബഹു കമ്മിഷന്റെ ഭാഗത്തു നിന്നും ഉണ്ടായ തീരുമാനങ്ങൾ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രതീക്ഷ നൽകുന്നതാണ്. മുൻകാലങ്ങളിൽ നടത്തിയ പ്രിലിംസ് എക്സാമിന്റെ പോരായ്മകൾ കൂടെ വിശകലനം ചെയ്ത് വേണം തുടർ പ്രിലിംസ് പരീക്ഷകൾ ആവശ്യമാണോ എന്ന് തീരുമാനിക്കേണ്ടത്. പ്രസ്തുത വിഷയത്തിലും നല്ല തീരുമാനങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

പുതിയ മാറ്റം, പുതിയ ആശയങ്ങൾ, പുതിയ തീരുമാനങ്ങൾ, പുതിയ ചിന്തകൾ എന്നിവ പുതിയ പ്രതീക്ഷകൾക്ക് ചിറകേകട്ടെ എന്ന് ആശംസിക്കുന്നു. 33-ാം സംസ്ഥാന സമ്മേളനത്തിന് സാന്നിദ്ധ്യം കൊണ്ടും സഹകരണം കൊണ്ടും ജീവനക്കാർ നൽകിയ പിന്തുണയ്ക്ക് ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി. ഇന്നിന്റെ മൗനം നാളെയുടെ ശബ്ദമാകില്ല, ഇന്നിന്റെ ശബ്ദമാണ് നാളെയുടെ വിജയം. ആ വിജയത്തിനായി നമുക്ക് ഒന്നായ് മുന്നേറാം. പി.എസ്.സി യിലെ എല്ലാ ജീവനക്കാർക്കും ഐശ്വര്യപൂർണ്ണമായ ഒരു നവവത്സരം ആശംസിക്കുന്നു.

സ്നേഹാദരങ്ങളോടെ,

ആൽബിൻരാജ് D.S.
ചീഫ് എഡിറ്റർ



ലേഖനം

# ഗവൺമെന്റ് ഓഫ് ദ പാർട്ടി, ബൈ ദ പാർട്ടി, ഫോർ ദ പാർട്ടി

**സം**ഭവബഹുലമായ 2022 കടന്നു പോയിരിക്കുന്നു. പബ്ലിക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ചിടത്തോളം അതീവ സംഭവ ബഹുലമായ 6 വർഷം 2022 ഒക്ടോബർ മാസത്തോടുകൂടി അസ്തമിച്ചിരിക്കുന്നു. ബിംബവൽക്കരണത്തിന്റെയും, പ്രഹസനങ്ങളുടെയും, പാർശ്വവൽക്കരണത്തിന്റെയും നീണ്ട ആറ് കൊല്ലം ഈ സ്ഥാപനത്തിന് എന്ത് നന്മയാണ് നേടിക്കൊടുത്തതെന്ന് ഒരു നിമിഷം ചിന്തിക്കുന്നത് നല്ലതായിരിക്കും. പ്രവർത്തന പാരമ്യത കൊണ്ട് അന്നും എന്നും ഉയർന്ന നിലവാരം പുലർത്തുന്ന പി.എസ്.സി കഴിഞ്ഞ 6 കൊല്ലം പൊതുസമൂഹത്തിന് പ്രദാനം ചെയ്തത് നേട്ടങ്ങളാണോ അതോ കോട്ടങ്ങളാണോ എന്നും വിലയിരുത്തേണ്ടതുണ്ട്. പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പരീക്ഷയിൽ കൃത്രിമം കാട്ടി ഉയർന്ന റാങ്ക് നേടിയവർക്കെന്തു സംഭവിച്ചു. ആ വിഷയത്തിൽ സത്യസന്ധമായ അന്വേഷണം നടന്നോ ? അതുമൂലം വിശ്വാസ്യതയുടെ ഉത്തുംഗശൃംഗത്തിൽ നിന്നിരുന്ന ഈ മഹത്തായ സ്ഥാപനത്തിന് പൊതുസമൂഹത്തിൽ ഉണ്ടാക്കിയ മാനഹാനി നിസ്സാരമായിരുന്നോ? തുടർന്ന് പ്ലാനിംഗ് ബോർഡ് ചീഫ് തസ്തികയുടെയും, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് (എൻ.സി.എ) എസ്.സി തസ്തികയുടെയും തെരഞ്ഞെടുപ്പുകളിൽ സംശയത്തിന്റെ അഗാധഗർത്തങ്ങളിലേയ്ക്ക് ഈ സ്ഥാപനത്തെ ചവിട്ടിത്താഴ്ത്തിയത് ആരുടെ ശ്രമഫലമായാണ്? കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലേയ്ക്ക് പി.എസ്.സി. ജീവനക്കാർക്ക് വിലക്ക് ഏർപ്പെടുത്തിയത് എന്തു ലക്ഷ്യത്തിനു വേണ്ടിയാണ്.? പ്രവർത്തനമാരംഭിച്ച കാലം മുതൽ ഇന്നു വരെ ഓരോ തസ്തികയുടെയും വിജ്ഞാപനം മുതൽ റാങ്കുപട്ടിക പ്രസിദ്ധീകരിക്കുന്നതു വരെയുള്ള നടപടികൾ പൂർണ്ണ ഉത്തരവാദിത്വത്തോടു കൂടി പി.എസ്.സി സ്വാഭാവികമായി നടത്തി വന്നിരുന്ന പ്രക്രിയയായിരിക്കെ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിജ്ഞാപനം വലിയ ആഘോഷമാക്കി, ഉദ്ഘാടന സമ്മേളനം നടത്തി പരസ്യം നൽകിയത് എന്തിനു വേണ്ടിയായിരുന്നു? അവസാനം ആ തെരഞ്ഞെടുപ്പിന്റെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് കീഴ്വഴക്കങ്ങൾ ലംഘിച്ച് പത്രസമ്മേളനം നടത്തിയതും, പത്രസമ്മേളനത്തിൽ തെറ്റായ റാങ്ക് ക്രമം വിവരിക്കുകയും ചെയ്തത് ഈ സ്ഥാപനത്തിന്റെ യശസ്സിന് എത്രമാത്രം മങ്ങൽ ഏൽപ്പിച്ചു എന്ന് മാധ്യമങ്ങൾ തന്നെ വിലയിരുത്തിയില്ലേ ? നിയമന ശുപാർശ കൈയിൽ നൽകുന്ന വേള ഉത്സവമാക്കിയതും, റാങ്ക് ജേതാക്കൾക്കൊപ്പം ഉയർന്ന അധികാരികൾ സെൽഫി എടുത്താഘോഷിച്ചതും ഈ സ്ഥാപനത്തിന്റെ മഹിമ നിലനിർത്താൻ വേണ്ടി ആയിരുന്നോ? പൊതു പ്രാഥമിക പരീക്ഷ എന്ന തികച്ചും അപ്രായോഗികമായ സംവിധാനത്തിന് ഉപദേശം നൽകി വിരമിച്ചവർ, ആ സംവിധാനത്തിന്റെ പരിമിതികൾ മൂലം തിക്തഫലങ്ങൾ അനുഭവിച്ചു വരുന്ന സാധാരണക്കാരിൽ സാധാരണക്കാരായ, സ്വന്തം ജീവിതം കരുപ്പിടിപ്പിക്കുവാനായി രാവു പകലാക്കി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന സാധുക്കളായ ഉദ്യോഗാർത്ഥികളുടെ തൊഴിൽ സ്വപ്നങ്ങളുടെ ചിറകുകളരിഞ്ഞത് എന്തിനു വേണ്ടി ആയിരുന്നു ? ആർക്കു വേണ്ടിയായിരുന്നു ? ഹൈഡ്രജൻ ബലൂണുകൾ പോലെ ഊതി വീർപ്പിച്ച് ഉയർത്തി നിർത്തിയ ഏതാനും ഉപദേശകരോടൊപ്പം, കളങ്കിതമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച് പ്രശംസാ പത്രങ്ങളും, ഫലകങ്ങളും, സ്വയം തയ്യാറാക്കി കൈക്കൊണ്ട്

യാത്ര പറഞ്ഞവർ ഈ സ്ഥാപനത്തിനും, ജീവനക്കാർക്കും, പൊതുസമൂഹത്തിനും നൽകിയ സന്ദേശമെന്താണ് ? അധികാരം കൊണ്ട് എന്തും നടത്താമെന്ന തെറ്റായ സന്ദേശം ഒരു തലമുറയുടെ തന്നെ ഭാവിയെ ഇല്ലാതാക്കിയില്ലേ? ഏതായാലും ഈ മഹത്തായ സ്ഥാപനത്തെ ബാധിച്ച വൈറസ് എന്നെന്നേയ്ക്കുമായി ഒഴിഞ്ഞു പോയതിൽ ഏവർക്കും ആശ്വസിക്കാം.

പുതുവത്സരത്തിൽ കർമ്മനിഷ്ഠയുള്ള അധികാരികൾ കമ്മീഷന്റെ സാരഥ്യം ഏറ്റെടുത്തതിൽ നാമോരുരുത്തർക്കും അഭിമാനിക്കാം. മുൻകാല അപചയങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് കർമ്മനിരതവും, സത്യസന്ധവും നീതിയുക്തവുമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന പുതിയ കമ്മീഷന് പി.എസ്.സി. എംപ്ലോയീസ് അസോസിയേഷന്റെ സർവ്വാത്മനായുള്ള പൂർണ്ണ പിന്തുണ അറിയിക്കട്ടെ. ഒരിക്കലും കൊടിയുടെ നിറമോ, ചിഹ്നമോ, രാഷ്ട്രീയ പശ്ചാത്തലമോ പരിഗണിക്കാതെ നീതിപൂർവ്വവും, സത്യസന്ധവുമായ പ്രവർത്തനങ്ങൾക്കൊപ്പം നിലകൊണ്ട പാരമ്പര്യമാണ് ഈ സംഘടനയ്ക്കുള്ളത്. ആ നിലപാടുകളിൽ നിന്നും അണുവിടെ വ്യതിചലിക്കാത്ത പ്രവർത്തനങ്ങൾ മേലിലും അസോസിയേഷൻ പാലിക്കുമെന്നുറപ്പു നൽകുന്നു.

പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന ഭരണഘടനാ സ്ഥാപനത്തിന്റെ സുപ്രധാന ഉത്തരവാദിത്വം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ട്രൈബ്യൂണലുകൾ തുടങ്ങി ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ചട്ടപ്രകാരം സർക്കാർ ഉത്തരവുപ്രകാരം വിട്ടുനൽകിയിട്ടുണ്ടോ അവയുടെ നിയമനങ്ങൾ സമയബന്ധിതമായി തീർത്തു നൽകുകയെന്നതാണ്. ആയതിന് വ്യത്യസ്ത തരത്തിലുള്ള മത്സരപരീക്ഷകളും കമ്മീഷൻ നടത്തിവരുന്നു. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ ബാഹുല്യമുള്ള സംസ്ഥാനമെന്ന നിലയിൽ വളരെയേറെ ബുദ്ധിമുട്ടിയാണ് കമ്മീഷൻ ഈ പരീക്ഷകൾ നടത്തിവരുന്നത്. പരീക്ഷ നടത്തിപ്പിൽ വൈവിധ്യങ്ങളായ സാങ്കേതിക വിദ്യകളുടെ ഉപയോഗം കഴിഞ്ഞ ആറ് വർഷങ്ങളായി കമ്മീഷന്റെ ഉത്തരവാദിത്വ നിർവ്വഹണത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ട് എന്നത് എടുത്തു പറയേണ്ട വസ്തുത തന്നെയാണ്. നൂതന സാങ്കേതിക വിദ്യകളിൽ പ്രാവീണ്യമുള്ള കമ്മീഷനംഗങ്ങളുടെ ശ്ലാഘനീയമായ സേവനങ്ങൾ ഈ കാര്യത്തിൽ ഏറെ പ്രശംസനീയമാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമായ മനുഷ്യവിഭവശേഷി പി.എസ്.സി യിൽ ഇല്ലായെന്നത് വളരെ ഗൗരവത്തോടു കൂടി പരിഗണിക്കപ്പെടേണ്ടതാണ്. ഓൺലൈൻ പരീക്ഷകൾ സർവ്വസാധാരണമായതോടുകൂടി പരീക്ഷ നടത്തിപ്പിലും, തുടർനടപടികളിലും അനിതരസാധാരണമായ വേഗത കൈവരിക്കുവാൻ കഴിഞ്ഞു എന്നത് സത്യമാണ്. എന്നിരുന്നാലും, മേൽ പറഞ്ഞ പരീക്ഷകൾ നടത്തുന്നതിന് ഒട്ടേറെ ജീവനക്കാരുടെ കർമ്മശേഷിയും ഉപയോഗിക്കേണ്ടതായി വരുന്നു. എന്നാൽ പി.എസ്.സിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുന്നതിൽ സർക്കാർ ശ്രദ്ധ ചെലുത്തുന്നില്ല എന്നത് ഏറ്റവും ഖേദകരമായ വസ്തുതയാണ്. കൂടാതെ വൈവിധ്യങ്ങളായ പരീക്ഷകൾ നടത്തുന്നതിന് സംസ്ഥാനത്തിന്റെ തലങ്ങും വിലങ്ങുമുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ നിയോഗിക്കുന്ന ജീവനക്കാർക്ക് ചട്ടപ്രകാരം അനുവദനീയമായ യാത്രാബത്തയിൽ കടുത്ത നിയന്ത്രണമാണ് സർക്കാർ 2016 മുതൽ ഏർപ്പെടുത്തിയിരിക്കുന്നത്. തികച്ചും സർക്കാരിന് വേണ്ട സേവനം നടത്തുന്നതിന് നിയുക്തരായ ജീവനക്കാർക്ക് അനുവദനീയമായ യാത്രാബത്തയിൽ നിയന്ത്രണമേർപ്പെടുത്തി പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെ തടയുന്ന സമീപനമാണ് സർക്കാർ കഴിഞ്ഞ 6 വർഷമായി തുടർന്നു വരുന്നത്. ഇത് കടുത്ത അനീതിയും പൊതുസമൂഹത്തോടു തന്നെ നടത്തുന്ന നീതി നിഷേധവുമാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുള്ള ചെലവ് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും വഹിക്കുന്നു എന്നതു തന്നെ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക പരാധീനത തടസ്സമാകരുതെന്ന ഉദ്ദേശത്തോടു കൂടിയാണെന്നിരിക്കെ, സാധാരണ വകുപ്പുകൾക്കൊപ്പം പി.എസ്.സി യെന്ന ഭരണഘടനാ സ്ഥാപനത്തെയും വിലക്കുകളുടെ പട്ടികയിൽപ്പെടുത്തി സർക്കാർ പീഡിപ്പിക്കുന്ന ദുരവസ്ഥയാണ് ഇന്ന് കാണുന്നത്. ഇക്കാര്യത്തിൽ നിരന്തരമായി പ്രതിഷേധമുയർന്നപ്പോൾ, പൊതു പ്രാഥമിക പരീക്ഷകളുടെ ഭാഗമായി നിർവ്വഹിക്കുന്ന പരീക്ഷാ ജോലികൾക്ക് നിയുക്തരാകുന്ന ഉദ്യോഗസ്ഥർക്ക് യാത്ര രേഖകളുടെ അസ്സൽ ഹാജരാക്കുന്ന പക്ഷം, യാത്രാബത്ത നിരക്കിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഒരു വർഷത്തേയ്ക്ക് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഒരു താൽക്കാലിക ആശ്വാസ ഉത്തരവിറക്കുകയുണ്ടായി. കോവിഡ് 19 നിയന്ത്രണങ്ങൾ ഉച്ചസ്ഥായിയിൽ നിലനിന്നിരുന്ന കാലത്ത് ട്രെയിനുകളും മറ്റ് പൊതുഗതാഗത സംവിധാനങ്ങളും ഇല്ലാതിരുന്ന കാലത്ത് വാടക വാഹനങ്ങളിൽ യാത്ര ചെയ്യേണ്ടി വന്ന ജീവനക്കാർക്ക് ഈ ഉത്തരവുകൊണ്ട് ഒരു പ്രയോജനവും ലഭിച്ചില്ല. കൂടാതെ, പ്രസ്തുത ഉത്തരവിൽ പ്രത്യേകം പ്രതിപാദിക്കപ്പെട്ട ക്ലിപ്ത

നിബന്ധനകളും പി.എസ്.സി ജീവനക്കാർക്ക് പാരയായി തീർന്നതേയുള്ളൂ.

പൊതു പ്രാഥമിക പരീക്ഷകളെ പറ്റി പറഞ്ഞാൽ അത് ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും ദോഷകരമായി ഭവിച്ച ഒരു തീരുമാനമാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യറിൽ എലിമിനേഷൻ എന്ന നടപടിക്രമം കൂട്ടിച്ചേർത്തതോടെ ജീവൻ വച്ച ഒരു സംവിധാനമാണത്. വർഷാവർഷം ലക്ഷോപലക്ഷം വിദ്യാർത്ഥികൾ, വിവിധതരം വിദ്യാഭ്യാസ യോഗ്യതകൾ ആർജിച്ച് തൊഴിൽ നേടാനുള്ള മത്സര പരീക്ഷയ്ക്കായി അപേക്ഷിക്കുമ്പോൾ അവരുടെ ബാഹുല്യം കുറയ്ക്കാൻ ഒഴിവാക്കൽ നടപടിയെന്ന രൂപേണ പ്രാവർത്തികമാക്കി പൊതു പരീക്ഷ നിരവധി സാധുക്കളായ വിദ്യാർത്ഥികളുടെ അവസരങ്ങൾ കെടുത്തി എന്നത് സത്യമാണ്. അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിന് 20 ദിവസം മുമ്പേ നിർദ്ദിഷ്ട പരീക്ഷ താൻ എഴുതുമെന്ന് ഉറപ്പു നൽകേണ്ടി വരുന്നു എന്നതും ശ്രദ്ധേയമാണ്. ഒരു ഉച്ഛ്വാസത്തിനും നിശ്വാസത്തിനുമിടയിൽ എന്തു സംഭവിക്കുമെന്ന് ആർക്കും ഉറപ്പില്ലാത്ത ഈ ലോകത്ത് ഭാവിയിൽ ചെയ്യാൻ പോകുന്ന കാര്യത്തിൽ ഉറപ്പു നൽകുകയെന്നത് തികച്ചും ബാലിശമായ കാര്യമാണ്. അപ്രകാരം നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൺഫർമേഷൻ നൽകാൻ സാധിക്കാതെ വരുന്ന ഉദ്യോഗാർത്ഥികൾക്ക് ആ പരീക്ഷ എഴുതുവാൻ അവസരം നഷ്ടപ്പെടുന്നു. മുമ്പ് ഓരോ കാറ്റഗറി നമ്പറിലും വിജ്ഞാപനം ചെയ്ത പരീക്ഷകൾ വെവ്വേറെ നടത്തിയിരുന്നപ്പോൾ ഒരു പരീക്ഷ എഴുതുവാൻ സാധിക്കാതെ വരുന്നവർക്ക് മറ്റ് പരീക്ഷകളിൽ പങ്കെടുക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ പുതിയ പരീക്ഷാ പരിഷ്കാരം വഴി അടിസ്ഥാന യോഗ്യത ആധാരമാക്കി, നൂറിലേറെ പരീക്ഷകൾ പൊതു പ്രാഥമിക പരീക്ഷയായി നടത്തുകയാണ് ചെയ്യുന്നത്. സാങ്കേതിക തകരാറുകൾ മൂലമോ, അജ്ഞത കൊണ്ടോ, അത്യാഹിതങ്ങൾ കൊണ്ടോ, നിശ്ചിത സമയത്ത് കൺഫർമേഷൻ നൽകാൻ കഴിയാതെ വരുന്ന ഉദ്യോഗാർത്ഥികൾക്ക്, പ്രസ്തുത പരീക്ഷകളിലൊന്നു പോലും പങ്കെടുക്കാനാകാതെ എന്നെന്നേയ്ക്കുമായി അവസരം നിഷേധിക്കപ്പെടുന്നു എന്നതാണ് ഏറ്റവും പരിതാപകരമായ അവസ്ഥ. ഇത് ഭരണഘടന അനുശാസിക്കുന്ന അവസര സമത്വത്തിനെതിരാണ്. നിശ്ചിതസമയത്ത് കൺഫർമേഷൻ നൽകാൻ കഴിയാതെ വരുന്ന ഉദ്യോഗാർത്ഥികൾക്ക് വ്യക്തമായ കാരണങ്ങൾ ബോധിപ്പിച്ച് രേഖാമൂലം അപേക്ഷിക്കുന്നതിനും, വേണമെങ്കിൽ ഒരു നിശ്ചിത ഫീസ് ഈടാക്കി അവർക്ക് കൺഫർമേഷൻ നൽകുന്നതിനും ഒരവസരം നൽകുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു. ആയതിന് ഒരു സമയപരിധി നിശ്ചയിക്കുന്നതും ഏറെ സഹായകമായിരിക്കും. അല്ലാതെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ പറുദീസയായ നമ്മുടെ സംസ്ഥാനത്ത് ഈ വിധമുള്ള അവസരനിഷേധം ഒട്ടും ആശാസ്യകരമായി കാണുന്നില്ല.

ഇതിനുപുറമെ, പൊതുപ്രാഥമിക പരീക്ഷ ഒരു ഒഴിവാക്കൽ പ്രക്രിയയാണ്. ഈ പരീക്ഷയുടെ മാർക്ക് റാങ്ക് നിർണ്ണയിക്കുന്നതിന് പരിഗണിക്കുന്നില്ല. വിവിധ ദിവസങ്ങളിലായി നടത്തുന്ന മേൽപറഞ്ഞ പരീക്ഷകളിലെ സ്ഥാനക്രമം നിശ്ചയിക്കുന്നതും പ്രയാസമാണ്. പിന്നീട് അന്തിമ പരീക്ഷ നടത്തി വെവ്വേറെ റാങ്കുപട്ടിക തയ്യാറാക്കുമ്പോൾ ഒരേ ഉദ്യോഗാർത്ഥികൾ എല്ലാ റാങ്കുപട്ടികകളിലും ഒരേ സ്ഥാനക്രമത്തിൽ ഉൾപ്പെടുകയും, തൻ നിമിത്തം, നിയമന ശുപാർശ നടപടികളിൽ കാലതാമസം നേരിടുകയോ, ഏതാനും റാങ്കുപട്ടികകളിൽ മുഖ്യപട്ടികയിൽ മതിയായ ഉദ്യോഗാർത്ഥികളെ നിയമനശുപാർശയ്ക്കായി ലഭിക്കാതെ വരുകയോ, അതുവഴി പ്രസ്തുത റാങ്ക് പട്ടികകൾ കാലഹരണപ്പെടുകയോ ചെയ്യുവാൻ ഇടയാകുന്നതാണ്. നാമമാത്രമായി പരീക്ഷാ ചെലവുകൾ ചുരുക്കുവാൻ ഏർപ്പെടുത്തിയ ഈ പരിഷ്കാരം പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനത്തെ വളരെ പ്രതികൂലമായി ബാധിക്കുമെന്ന് അനുഭവവേദ്യമായിരിക്കുന്ന സന്ദർഭത്തിൽ ഈ പരിഷ്കാരം തുടരണമോയെന്ന്, ഗൗരവപൂർവ്വം പരിശോധിക്കേണ്ടതും കഴിവതും അത് അവസാനിപ്പിക്കേണ്ടതുമാണെന്നാണ് അസോസിയേഷന്റെ അഭിപ്രായം. സംസ്ഥാനത്തെ സിവിൽ സർവ്വീസിൽ, ഏറ്റവും യോഗ്യരായ ജീവനക്കാരെ ലഭ്യമാക്കുന്നതിനും, അതിന് നിശ്ചിത യോഗ്യതയുള്ള സമർത്ഥരായ ഉദ്യോഗാർത്ഥികൾക്ക് അവസര സമത്വം നൽകി കാര്യക്ഷമമായി പരീക്ഷാ നടപടികൾ ക്രമീകരിക്കണമെന്നും അസോസിയേഷൻ ആവശ്യപ്പെടുകയാണ്.

പി.എസ്.സി യിലെ ജോലിസ്വഭാവം മറ്റ് വകുപ്പുകളിൽ നിന്നും തികച്ചും വിഭിന്നമാണ്. വളരെയെറെ സുതാര്യതയും രഹസ്യസ്വഭാവവുമുള്ളതായ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഉദ്യോഗസ്ഥർ ഓരോരുത്തർക്കും അവരിൽ മാത്രം നിക്ഷിപ്തമായ അധികാരങ്ങളുണ്ട്. ഉന്നത ഉദ്യോഗസ്ഥരാകുമ്പോൾ ഇത്തരം അധികാരങ്ങൾ വളരെ അധികം ഗൗരവമുള്ളതും, അത്തരം അധികാരങ്ങൾ അതേ തസ്തികയിലുള്ള മറ്റൊരു വിഭാഗത്തിലെ ഉദ്യോഗസ്ഥരോ അല്ലായെങ്കിൽ സ്വന്തം വിഭാഗത്തിലെ തന്നെ കീഴുദ്യോഗസ്ഥർക്കോ പകരം നിർവ്വഹിക്കാൻ ചട്ടപ്രകാരവും സാങ്കേതികമായും അനുമതി ഇല്ലാത്തതുമായ ഉത്തരവാദിത്വങ്ങളാണ്. അക്കാരണത്താൽ തന്നെയാണ് കഴിഞ്ഞ 35 വർഷക്കാലമായി മറ്റ് വകുപ്പുകളിൽ നിന്നും

വ്യത്യസ്തമായി ഉയർന്ന ഉദ്യോഗസ്ഥർ ആക സ്മികമായി മുപ്പതോ അതിന്റെ ഗുണിതങ്ങളോ ആയ കാലയളവിൽ അവധിയിൽ പ്രവേശിക്കുന്ന പക്ഷം അവരിൽ നിക്ഷിപ്തമായ ഉത്തരവാദി ത്വങ്ങൾ നിർവ്വഹിക്കുന്നതിന് അതെ തസ്തിക യിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽ കി, മേൽപറഞ്ഞ ഉത്തരവാദിത്വങ്ങൾ അതേ ശുഷ്ക്കാന്തിയോടെയും കൃത്യതയോടെയും നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തി വന്നിരുന്നത്. ഇപ്രകാരം അവധിയിൽ പ്രവേശി ക്കുന്ന ഉദ്യോസ്ഥർ അവധി കഴിഞ്ഞ് തിരികെ ജോലി യിൽ പ്രവേശിക്കുമ്പോൾ, താൽക്കാലികമായി സ്ഥാനക്കയറ്റം ലഭിച്ചവർ റിവേർട്ട് ചെയ്യപ്പെടു കയും പൂർവ്വ തസ്തികയിൽ തുടരുകയും ചെയ്യു ന്നു. ഇത് കമ്മീഷന്റെ ഭരണപരമായ കാര്യക്ഷമത നിലനിർത്തുവാൻ വർഷങ്ങളായി സർക്കാർ അനുമതിയോടുകൂടി തുടർന്നു വന്നിരുന്ന കീഴ്വഴക്കമാണ്. ഇത്തരം പരിഹാര നടപടികൾ, പൊതുസമൂഹത്തിന് കമ്മീഷന്റെ സേവനങ്ങൾ തടസ്സമില്ലാതെ ലഭിക്കുന്നതിന് സഹായിച്ചിരു ന്നു. എന്നാൽ 2022 വർഷത്തിൽ മേയ് മാസ ത്തിൽ ഹൈസ്കൂൾ/പ്ലസ് ടു പരീക്ഷകളുടെ കാലത്ത് ഏതാനും ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുകയും അവധി അനുവദിച്ചു പുറപ്പെ ടുവിക്കപ്പെട്ട കമ്മീഷന്റെ ഉത്തരവ് തത്സമയം തന്നെ ചോർത്തി ദൃശ്യ-ശ്രവ്യ-ഓൺലൈൻ മാധ്യമങ്ങൾക്ക് നൽകുകയും, അതിനെ തുടർന്ന് വിവിധ മാധ്യമങ്ങൾ കമ്മീഷനെ അപകീർത്തി പ്പെടുത്തുംവിധം അന്തിച്ചർച്ചകൾ നടത്തുകയും പരസ്യപ്രസ്താവനകൾ ഇറക്കുകയും ഉണ്ടായി. കേവലം കമ്മീഷന്റെ ആന്തരിക ക്രമീകരണങ്ങ ളുടെ മാത്രമായ ഉത്തരവ് ഒഫിഷ്യൽ സീക്രസി യുടെ ഭാഗമാണ്. പ്രസ്തുത രേഖ ചോർത്തി പുറത്തു നൽകി കമ്മീഷനെ അപകീർത്തി പ്പെടുത്തുവാൻ ഒത്താശ ചെയ്തവർക്കെതിരെ വ്യക്തമായ അന്വേഷണം നടത്തി മാതൃകാപര മായി ശിക്ഷിക്കേണ്ടത് തികച്ചും ന്യായമായ നടപ ടിയാണെന്നിരിക്കെ, വിധി വൈപരീത്യമെന്ന് പറയട്ടെ അത്തരമൊരു മാർഗ്ഗം സ്വീകരിക്കുവാൻ കമ്മീഷൻ തയ്യാറായില്ല എന്നത് ആശ്ചര്യകരമാ ണ്. കൂടാതെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങ ളിൽ വച്ച് ഏറ്റവും വലിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന കേരള പി.എസ്.സി യിലെ അംഗങ്ങ ളുടെ ബാഹുല്യവും അവരുടെ യോഗ്യതകളും, ശമ്പളവുമെല്ലാം സ്വകാര്യ ഓൺലൈൻ മാധ്യ മങ്ങൾ ചർച്ചയാക്കി ആഘോഷിക്കുന്നതിനെ തിരെയും അന്വേഷണം നടത്താൻ കമ്മീഷൻ തയ്യാറായിട്ടില്ല. പൊതുസമൂഹത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എതിരെ ആശാസ്യ കരമല്ലാത്ത വിധം കുപ്രചരണങ്ങൾ അഴിച്ചു വിടാനും, അവ ചർച്ചയാക്കുവാനും അതുവഴി പി.എസ്.സി യുടെ ശ്ലാഘനീയമായ പ്രവർത്ത നങ്ങളുടെ ശോഭ കെടുത്തുവാനും ആസൂത്രിത മായ ശ്രമം കഴിഞ്ഞ ആറ് വർഷത്തിനിടയിൽ പ്രബലമായി കണ്ടുവന്നു. ഇതിന്റെ ഭാഗമായി 2022 സെപ്റ്റംബർ മാസം മുതൽ 35 വർഷത്തി ലേറെയായി പി.എസ്.സിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിലനിർത്തുവാൻ ഉത്തമ ഭരണ താൽപര്യം മുൻനിർത്തി ഒരു കീഴ്വഴക്കമായി തുടർന്നു വന്നിരുന്ന ലീവ് പ്രമോഷൻ നടപടി നിർത്തലാക്കി കൊണ്ട് സർക്കാർ ഉത്തരവ് ഇറ ക്കുകയുണ്ടായി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ രണ്ടാം സ്ട്രീമിൽ അപേക്ഷിക്കുന്ന തിന് പി.എസ്.സി യിലെ ജീവനക്കാർക്ക് അയോ ഗ്യത നിശ്ചയിച്ചത് പി.എസ്.സി ജീവനക്കാർ ഭരണഘടനാസ്ഥാപനത്തിലെ ജീവനക്കാർ ആണെന്ന വിലയിരുത്തൽ മൂലമാണെങ്കിൽ, പി.എസ്.സി ജീവനക്കാർ വെറും സർക്കാർ ജീവനക്കാരാണെന്ന അവസരവാദ വിലയി രുത്തൽ കൊണ്ട് അർഹതപ്പെട്ട യാത്രാബ ത്തയും, ലീവ് പ്രമോഷൻ ആനുകൂല്യങ്ങളും സർക്കാർ നിഷേധിച്ചിരിക്കുകയാണ്. **ഈ നില പാടുകളെല്ലാം സ്വീകരിക്കുന്നത് പി.എസ്. സിയെ ദുർബലപ്പെടുത്തി, പി.എസ്.സിയുടെ പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കുകയോ, പ്രവർ ത്തനം തന്നെ നിശ്ചലമാക്കുകയോ വഴി നേടാ വുന്ന ബദൽ നിയമന സംവിധാനങ്ങളെ അടിസ്ഥാനമാക്കിയുള്ള ലാഭം ഉദ്ദേശിച്ചു മാത്രമാണെന്ന് മനസിലാക്കാൻ അതീന്ദ്ര ജ്ഞാനമൊന്നും ആവശ്യമില്ല**. അത്തരം ഗൂഢലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള ബദൽ സംവിധാന മാണ് പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് എന്ന നൂതന അവതാരം. നിലവിൽ വിവിധ പൊതുമേഖലാ/കമ്പനി/ബോർഡ്/ കോർപ്പറേഷൻ/ലോക്കൽ അതോറിറ്റികളിലെ ഹോണററി പോസ്റ്റുകളും, തീരെ താഴ്ന്ന തസ്തി കകളിലെ നിയമനങ്ങളും ഒഴിച്ച് ഒട്ടുമിക്ക തസ്തി കകളിലേയ്ക്കുമുള്ള നിയമനം പി.എസ്.സി വഴിയാണ് നടത്തുന്നത്. വർഷങ്ങൾക്ക് മുമ്പ് പി.എസ്.സി ക്കു നിയമനം വിട്ടു നൽകിയ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെ വി ശേഷാൽ ചട്ടങ്ങൾ സമയബന്ധിതമായി അംഗീ കരിച്ചുത്തരവാക്കാൻ ശ്രമിക്കാതെ, ഇതിനകം പി.എസ്.സിയ്ക്ക് വിട്ടുനൽകിയിട്ടില്ലാത്ത 5000 ൽ പരം തസ്തികകളിലേയ്ക്കും നിയമനം നടത്തു വാൻ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ ധൃതി കൂട്ടുന്നതിന്റെ പൊരുൾ സാമാന്യ ബുദ്ധിയുള്ള ആർക്കും മന സ്സിലാകുന്നതേയുള്ളൂ. കടമെടുത്ത് മുച്ചൂടും മുടിഞ്ഞ് വിത്തെടുത്തു കഞ്ഞി വച്ചു നിലനി ൽക്കുന്ന ഒരു സർക്കാർ, **ഭരണഘടനാദത്ത മായ നിയമനാധികാരമുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനനിരതമായിരിക്കു**

**മ്പോൾ, അധിക സാമ്പത്തിക ബാധ്യത മാത്രം സൃഷ്ടിക്കുന്ന പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് പ്രാവർത്തികമാക്കാൻ വെമ്പൽ കൊള്ളുന്നത് പി.എസ്.സി യെ നോക്കുകുത്തി യാക്കി സമാന്തരമായി ബന്ധുജനങ്ങൾക്കും, പാർട്ടിയംഗങ്ങൾക്കും യഥേഷ്ടം നിയമനം ന ൽകാനാണ് എന്നത് അരിയാഹാരം കഴിക്കു ന്നവർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല.** ഈ നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്തു വില കൊടുത്തും തടയേണ്ടത് വരുംതലമുറയുടെ നില നിൽപ്പിന് അനിവാര്യമാണ്.

പബ്ലിക് സർവ്വീസ് കമ്മീഷനെന്ന സാധാ രണക്കാരുടെ അത്താണിയായ ഈ ഭരണഘ ടനാസ്ഥാപനം നിലനിൽക്കേണ്ടത് ഒരു ജനത യുടെ തന്നെ ആവശ്യമാണ്. സത്യസന്ധവും നീതിയുക്തവുമായ സമീപനങ്ങൾ കൊണ്ട് നിലവിലുള്ള കമ്മീഷൻ ഇടക്കാലത്ത് നഷ്ട പ്പെട്ട പ്രൗഢിയും, വിശ്വാസ്യതയും വീണ്ടെടുത്ത് പൊതുസമൂഹത്തിൽ വളരെ നിർണ്ണായകമായ സേവനങ്ങൾ പ്രദാനം ചെയ്യാൻ പര്യാപ്തമാകുമെന്ന് ഉറച്ച് വിശ്വസി ക്കാം. അതിനുള്ള സത്യസന്ധമായ എല്ലാ ശ്രമ ങ്ങളും സ്വാഗതാർഹമാണ്.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും വളരെയേറെ പീഡനങ്ങളാണ് അനുഭവിച്ചു വരുന്നത്. ധനകാര്യ ദുഷ്ചില വുകൾ കൊണ്ട് വിലക്കയറ്റം രൂക്ഷമായ കാല ഘട്ടത്തിൽ ജീവനക്കാർക്ക് അർഹമായ ക്ഷാമ ബത്ത 5 തവണ കുടിശ്ശികയായിട്ടും അത് അനുവദിക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. ഐ.എ.എസ് ഉദ്യോഗസ്ഥർക്കും, ജുഡീഷ്യൽ ഉദ്യോഗസ്ഥർക്കും കേന്ദ്രനിരക്കിൽ ക്ഷാമബത്ത ഉത്തരവാക്കുന്നതിനും അതിന് മുൻകാല പ്രാബ ല്യം നൽകുന്നതിനും നിഷ്കർഷ പുലർത്തുന്ന സർക്കാർ, സർക്കാർ ജീവനക്കാരുടെ ഏൺഡ് ലീവ് സറണ്ടർ 2 വർഷമായി അനുവദിക്കുന്നില്ല എന്നു മാത്രമല്ല അടുത്തിടെ വർഷാന്ത്യത്തിൽ ആദായനികുതി ഇനത്തിൽ കേന്ദ്രസർക്കാ രിനെ പ്രത്യക്ഷത്തിൽ സഹായിക്കാനായി ജീവനക്കാർക്ക് സറണ്ടർ അനുവദിച്ചു ഉത്തരവു പുറപ്പെടുവിക്കുകയും സറണ്ടർ തുക പി.എ ഫിൽ ലയിപ്പിച്ച് 4 കൊല്ലം ഫ്രീസറിൽ സൂക്ഷി ക്കുവാനും ഉത്തരവിടുകവഴി സർക്കാർ ജീവന ക്കാരെയും അദ്ധ്യാപകരെയും തീർത്തും വൈറ്റ് കോളർ ബഗ്ഗേഴ്സ് ആക്കി തീർക്കുന്നതിന് എല്ലാ മാർഗ്ഗവും സ്വീകരിക്കുകയാണ് എന്ന് വ്യക്ത മായിരിക്കുകയാണ്. ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും മാസംതോറും 500 രൂപ ബലമായി പിടിച്ചെടുത്ത് അതിൽ നിന്നും നോക്കുകൂലി വസൂലാക്കുകയും ശേഷിക്കുന്ന തുകയ്ക്ക് തികച്ചും പ്രയോജനകരമല്ലാത്ത മെഡിസെപ്പ് പദ്ധതി ആരംഭിക്കുകയും ചെയ്ത തുവഴി അടിയന്തിര ചികിത്സ തേടുന്ന ജീവ നക്കാർക്ക് മരുന്നിന്റെ വിലയും ചികിത്സാചെ ലവും റീ-ഇമ്പേഴ്സ് ചെയ്തു ലഭിക്കുന്നില്ല എന്നു മാത്രമല്ല കൃത്യമായി 500 രൂപ പോക്കറ്റടി ക്കപ്പെടുകകയും ചെയ്യുന്നു എന്നതു മാത്രമാണ് പ്രയോജനം.

പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്ത ലാക്കുമെന്ന് 2016 ലെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ച് അധികാരത്തിലെത്തിയ സർക്കാർ ഭരണത്തിന്റെ ഏഴാം വർഷം കടക്കുമ്പോഴും, പങ്കാളിത്ത പെൻഷൻ എന്ന വാക്ക് ഉച്ചരിക്കാൻ കൂടി തയ്യാറാവുന്നില്ല എന്നത് സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയുടെ ഉത്തമ ഉദാഹര ണമായി തീരുന്നു. മറ്റു സംസ്ഥാനങ്ങൾ പങ്കാ ളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുമ്പോൾ ബില്ലിനെ യും കേന്ദ്രസർക്കാരിനെയും പഴി പറഞ്ഞു തടി തപ്പുകയാണ് ഭരണാനുകൂല സംഘടനകൾ. 2016 ൽ പണയം വച്ച നാവുമായി ഇവർ മൗനം തുടരുകയാണ്. സർക്കാർ ജീവനക്കാർക്ക് ഇനി ഉടുതുണി കൂടി മാത്രമേ സർക്കാർ കവർന്നെ ടുക്കപ്പെടാൻ ശേഷിക്കുന്നുള്ളൂ. അന്ധമായ യജമാനഭക്തി മൂലം ജീവനക്കാരെ പാടെ മറന്ന് പ്രവർത്തിക്കുന്ന ഭരണാനുകൂല സംഘ ടനകൾ തന്നെയാണ് സിവിൽ സർവ്വീസിന്റെ എക്കാലത്തെയും ശാപം. എല്ലാ മേഖലയി ലും സ്വന്തക്കാർക്കും, പാർട്ടിക്കാർക്കും മാത്രം നീതി നൽകുന്ന ഒരു സമ്പ്രദായമാണ് ഇവിടെ നിലനിൽക്കുന്നത്. വ്യക്തമായി പറഞ്ഞാൽ ഈ ദുരവസ്ഥ എത്രനാൾ സഹിക്കണമെന്ന് ജനം ആത്മഗതം മുഴക്കി തുടങ്ങിയിട്ട് നാളു കളേറെയായെങ്കിലും 'കണ്ടകശ്ശനി കൊണ്ടേ പോകൂ' എന്ന ആപ്തവാക്യം ഇവിടെയും പ്രസക്തമാകുകയാണ്.

എന്തായാലും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കാർമേഘങ്ങൾ അകന്ന് പുതി യ പ്രതീക്ഷകളുടെ അരുണോദയം കണ്ടു തുടങ്ങിയിരിക്കുന്നു എന്നത് വളരെ ആശ്വാസ കരമാണ്. മേലിൽ ഈ മഹത്തായ സ്ഥാപന ത്തിന്റെ യശ്ശസ്സ് മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാകട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഈ ദൗത്യം പരിപൂർണ്ണമായും സാധ്യമാക്കു ന്നതിന്റെ എല്ലാ ശ്രമങ്ങൾക്കും അസോസിയേ ഷന്റെ പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ടും, എല്ലാവർക്കും സമാധാനവും സന്തോഷവും നിറഞ്ഞ ഒരു വർഷം കരഗതമാകട്ടെയെന്ന് ആശംസിച്ചുകൊണ്ടും നിർത്തുന്നു.

***സ്നേഹാശംസകളോടെ,***

**രമേഷ്.എം.തമ്പി**










# 33-ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്



സുഭാഷ് ചന്ദ്രൻ പി.കെ.

**പി.**എസ്.സി എംപ്ലോയീസ് അസോസിയേഷന്റെ 33-ാം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി 7.12.2022, 1.15 ന് അസോസിയേഷൻ ഹാളിന് മുന്നിൽ പ്രസിഡന്റ് ശ്രീ. രമേഷ് എം.തമ്പി പതാക ഉയർത്തി. തുടർന്ന് നടന്ന വനിതാസമ്മേളനം ശ്രീമതി ഉമ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പി.എസ്.സിയെ നോക്കുകുത്തിയാക്കി പല മേഖലകളിലും അരങ്ങേറുന്ന പിൻവാതിൽ നിയമനങ്ങളിൽ അവർ ആശങ്ക രേഖപ്പെടുത്തി. ശ്രീമതി സിന്ധു.എ.എസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തിരുവനന്തപുരം ജില്ലാ സെക്രട്ടറി ശ്രീമതി ലളിത.എസ് സ്വാഗതം ആശംസിക്കുകയും അഡീഷണൽ സെക്രട്ടറി ശ്രീമതി ലിമാന്റ്ലി സക്കറിയാസ് ആശംസകൾ അർപ്പിക്കുകയും ശ്രീമതി ശ്രീലത.റ്റി.സി കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഡിസംബർ 8-ാം തീയതി രാവിലെ 9.30 ന് തിരുവനന്തപുരം പബ്ലിക് ലൈബ്രറി ഹാളിൽ 33-ാം സംസ്ഥാന സമ്മേളന രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. 10.50 ന് യോഗനടപടികൾ ആരംഭിച്ചു. പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ കൾച്ചറൽ വിഭാഗത്തിന്റെ പ്രാർത്ഥനാഗാനത്തോടെ യോഗത്തിന് സമാരംഭം കുറിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. രമേഷ്.എം.തമ്പിയുടെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സുഭാഷ് ചന്ദ്രൻ.പി.കെ സ്വാഗതം ആശംസിച്ചു. തുടർന്ന് പ്രതിനിധി സമ്മേളനം പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി.സതീശൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ലക്ഷോപലക്ഷം അഭ്യസ്തവിദ്യരായ യുവാക്കളുടെ പ്രതീക്ഷകൾ തകർക്കുന്നവിധം പി.എസ്.സിയെ അസ്ഥിരപ്പെടുത്തുന്നതിനും പിൻവാതിൽ നിയമനങ്ങൾ പ്രോത്സാഹിപ്പിക്കാനും ഉള്ള ശ്രമങ്ങളിൽ നിന്നും സർക്കാർ പിൻമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പി.എസ്.സി ജീവനക്കാർക്ക് പരീക്ഷാ ജോലികൾ നിർവ്വഹിക്കുന്നതിന് തടസമായ യാത്രാബത്ത സീലിംഗ്, പി.എസ്.സിയുടെ ഭരണപരമായ വിഷയങ്ങളിലുള്ള പ്രതികൂലമായ ഇടപെടലുകൾ എന്നിവ ഉപേക്ഷിക്കണമെന്നും ശ്രീ. വി.ഡി.സതീശൻ ആവശ്യപ്പെട്ടു.

മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല സുഹൃദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.സിയെ നോക്കുകുത്തിയാക്കാനാണ് സർക്കാരിന്റെ ശ്രമം. പൊതുപരീക്ഷാ സമ്പ്രദായത്തിൽ ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചു വേണം തുടർന്നുള്ള പൊതുപരീക്ഷകളുടെ അനിവാര്യത ചർച്ച

ചെയ്യേണ്ടതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. 2021 –2022 വർഷത്തിൽ എസ്.എസ്.എൽ.സി, +2, ബിരുദതലങ്ങളിൽ ഉന്നതവിജയം കരസ്ഥമാക്കിയ പി.എസ്.സി ജീവനക്കാരുടെ മക്കൾക്ക് യശശ്ശരീരനായ മുൻ പി.എസ്.സി ചെയർമാൻ ഡോ. കെ.ജി.അടിയോടി അവർകളുടെ സ്മരണാർത്ഥം നൽകി വരുന്ന എൻഡോവ്മെന്റ് ശ്രീ. പി.സി. വിഷ്ണുനാഥ് എംഎൽഎ വിതരണം ചെയ്തു. തുടർന്ന് ശ്രീ. ഷാഫി പറമ്പിൽ എംഎൽഎ, മുൻ എം.പി ശ്രീ. എൻ.പീതാംബരക്കുറുപ്പ്, മുൻ എംഎൽഎ ശ്രീ. കെ.എസ്.ശബരീനാഥൻ, സംഘടനാ നേതാക്കളായ ശ്രീ. ചവറ ജയകുമാർ, ശ്രീ. പ്രദീപ്.സി, ഡോ. മനോജ് ജോൺസൺ, ശ്രീ. എം.എസ്.മോഹനചന്ദ്രൻ, ശ്രീമതി ജലജകുമാരി, ശ്രീ. അനിൽ.എം.ജോർജ്, ശ്രീ. ഒ.റ്റി.പ്രകാശ്, മുൻ പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ ഭാരവാഹികളായിരുന്ന ശ്രീ. പി.കെ.സുധാകരൻ, ശ്രീ. എ.കെ.സാദിക്, ശ്രീ. ഒ.ജോർജ്കുട്ടി, ശ്രീ. പി.സതീഷ്കുമാർ, ശ്രീ. മുഹമ്മദ് ജാസി, ശ്രീ. സജു ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

സംസ്ഥാന സമ്മേളനത്തിൽ അധ്യക്ഷൻ അവതരിപ്പിച്ച താഴെ പറയുന്ന പ്രമേയങ്ങൾ ശബ്ദ വോട്ടോടെ അംഗീകരിച്ചു.

**1.** പി.എസ്.സി യിൽ വർധിച്ച ജോലി ഭാരം നിലനിൽക്കുന്നു. ഒഴിവുകൾ നികത്തുന്നതിന് റാങ്ക് പട്ടികകൾ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പി.എസ്.സി യിലേക്ക് നിയമനം നടത്തുന്ന അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. പൊതു പ്രാഥമിക പരീക്ഷാ സമ്പ്രദായത്തിന്റെ ഒരു അനന്തരഫലമായി സംഭവിച്ച അവസ്ഥയാണിത്. പി.എസ്.സി യുടെ ആസ്ഥാന, മേഖല, ജില്ലാ ഓഫീസുകളിൽ ജീവനക്കാർ ജോലിഭാരം കൊണ്ട് വലയുകയാണ്. സർവ്വീസ് വെരിഫിക്കേഷൻ, ആസ്ഥാന ഓഫീസിലെ ഒറ്റത്തവണ പ്രമാണ പരിശോധന, കായിക ക്ഷമതാ പരീക്ഷകൾ, അഭിമുഖങ്ങൾ, ഓൺലൈൻ പരീക്ഷകൾ തുടങ്ങി ഞായറാഴ്ചകൾ പോലും വിശ്രമമില്ലാതെ ജീവനക്കാർ പണിയെടുക്കുകയാണ്. എന്നിട്ടുപോലും അശാസ്ത്രീയമായ പരീക്ഷാ പരിഷ്കാരങ്ങൾ കൊണ്ടുമാത്രം റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കാൻ കഴിയാത്തതിന്റെ പഴി ജീവനക്കാർക്കും കമ്മീഷനും ആണ് കേൾക്കേണ്ടി വരുന്നത്. കോവിഡ് 19 നിർവ്യാപന നിയന്ത്രണങ്ങൾ കർക്കശമാക്കിയിരുന്ന നാളുകളിൽ പോലും പ്രസ്തുത നിയന്ത്രണങ്ങൾ അവഗണിച്ചു ശീതീകരിച്ച മുറികളിൽ നിർബന്ധിതമായി ജോലി ചെയ്ത് കെ.എ.എസ് തിരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടും പി.എസ്.സി യിലെ ജോലിഭാരം ലഘൂകരിക്കാനോ അമിതജോലിഭാരത്തിനാനുപാതികമായി സർക്കാരിനോടാവശ്യപ്പെട്ടതും സർക്കാരിന്റെ പരിഗണന കാത്തു കഴിയുന്നതുമായ തസ്തികകൾ അനുവദിച്ച് പി.എസ്.സി യെ ശക്തിപ്പെടുത്താനോ സർക്കാർ തയ്യാറായിട്ടില്ല. പൊതുസമൂഹത്തിന്റെ തൊഴിൽ പ്രതീക്ഷയായ പി.എസ്.സി യിൽ കഴിഞ്ഞ 6 വർഷമായി അനുവദിക്കാൻ ശേഷിക്കുന്ന തസ്തികകൾ ഉടനടി അനുവദിച്ചു പി.എസ്.സി യെ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് സർക്കാരിനോട് പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ ആവശ്യപ്പെടുന്നു.

**2.** 2013 ഏപ്രിൽ മുതൽ നടപ്പാക്കി വരുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന് ഉറപ്പുനൽകി അധികാരത്തിലെത്തിയ സർക്കാർ 6 വർഷം കഴിഞ്ഞിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മറ്റു സംസ്ഥാനങ്ങൾ കേന്ദ്ര ഉത്തരവ് പ്രകാരം ഡി.സി.ആർ.ജി നടപ്പാക്കുകയും തൊഴിലുടമ (സർക്കാർ) വിഹിതം 14% ആയി വർധിപ്പിക്കുകയും ചെയ്തിട്ടും സംസ്ഥാന സർക്കാർ ഒരു ചെറു വിരൽ പോലും അനക്കിയിട്ടില്ല. പങ്കാളിത്ത പെൻഷൻ വരിക്കാർക്ക് ഒരു തരത്തിലുള്ള സാമൂഹിക സുരക്ഷിതാവസ്ഥയും ഇല്ലാത്ത സാഹചര്യമാണിന്നുള്ളത്. രാജസ്ഥാൻ, ഛത്തീസ്ഗഢ്, പഞ്ചാബ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ പിൻവലിച്ചു സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടും സംസ്ഥാന സർക്കാർ ഇതൊന്നും അറിഞ്ഞ മട്ടില്ല. സർക്കാർ വാക്കു പാലിക്കുക തന്നെ വേണം. പെൻഷൻകാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാം തന്നെ മുൻകാല പ്രാബല്യത്തോടുകൂടി അനുവദിക്കണം. ഡി.സി.ആർ.ജി അനുവദിക്കണം. ഏറ്റവും അടുത്ത മാത്രയിൽ പങ്കാളിത്ത പെൻഷൻ പിൻവലിക്കുകയും 01/04/2013 മുതലുള്ള ജീവനക്കാരന്റെയും സർക്കാരിന്റെയും വിഹിതം മറ്റ് ആനുകൂല്യങ്ങൾ സഹിതം അതതു ജീവനക്കാരന്റെ പെൻഷൻ കോൺട്രിബ്യൂഷൻ ആയി വകയിരുത്തി എത്രയും പെട്ടെന്ന് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനം പുനഃസ്ഥാപിക്കണം.

**3.** പി.എസ്.സി യിൽ അനധികൃത സ്ഥാനക്കയറ്റം നടക്കുന്നു എന്ന തെറ്റായ പ്രചാരണമാണ് നടക്കുന്നത്. മറ്റിതര സർക്കാർ സേവന മേഖലകളിൽ നിന്നും വ്യത്യസ്തമായി അതീവ രഹസ്യ സ്വഭാവമുള്ള ജോലികളാണ് ഇവിടെ നിർവ്വഹിക്കുന്നത്. ഇത്തരം ജോലികൾക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ആ ജോലികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ചട്ടപ്രകാരം ബാധ്യസ്ഥരായിരിക്കും. അവരുടെ ജോലി അവർ വഹിക്കുന്ന സ്ഥാനം മാറ്റുന്നത് വരെ

മറ്റാരെയും ചുമതലപ്പെടുത്തുവാനോ മറ്റാർക്കും അതിൽ നടപടി സ്വീകരിക്കാനോ ആകാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് തന്നെ 30 ദിവസമോ അതിന്റെ ഗുണിതങ്ങളോ ആയ കാലയളവിൽ ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുന്ന സാഹചര്യങ്ങളിൽ അവരുടെ തൊട്ടു താഴെയുള്ള ജീവനക്കാർക്ക് ചാർജ് നൽകി ജോലി നിർവഹിക്കാൻ സാധ്യമല്ലാത്തതുമൂലം അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ യോഗ്യത ആർജിച്ച ഉദ്യോഗസ്ഥന് താൽക്കാലികമായി ജോലിക്കയറ്റം നൽകി ജോലി നിർവഹണം സുഗമമാക്കുകയാണ് ചെയ്തു വരുന്നത്. ഈ നടപടി 35 വർഷങ്ങളായി സർക്കാരുകൾ അംഗീകരിച്ചു നടപ്പിലാക്കി വരുന്ന കീഴ്‌വഴക്കമാണ്. അക്കൗണ്ടന്റ് ജനറലും ഈ നടപടി മേൽകാലയളവിൽ സാധൂകരിച്ചു ശമ്പള നിർണ്ണയം വരെ നടത്തിയിരുന്നു. സർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങളിൽ സമയബന്ധിതമായി മനുഷ്യ വിഭവ ശേഷി പ്രദാനം ചെയ്യാൻ ഭരണഘടനാ ദത്തമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനാണ് പി.എസ്.സി ക്കു ഈ പരിഗണന നൽകി വരുന്നത്. ആ സംവിധാനമാണ് സർക്കാർ ഈ സെപ്റ്റംബർ മാസം മുതൽ പ്രത്യേക ഉത്തരവ് വഴി റദ്ദാക്കിയിരിക്കുന്നത്. ഈ നടപടി ഉദ്യോഗസ്ഥരുടെ അഭാവം ഏറെ അനുഭവിക്കുന്ന ഈ സ്ഥാപനത്തിൽ പ്രധാനപ്പെട്ട നിയമന നടപടികൾ നിർവഹിക്കാൻ കാലതാമസം നേരിടാൻ ഇടയാക്കുന്നതാണ്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് ലീവ് പ്രൊമോഷൻ പുനഃസ്ഥാപിക്കണം.

**4.** പി.എസ്.സി യുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം പരീക്ഷ നടത്തിപ്പാണ്. സംസ്ഥാനത്തുടനീളം വിവിധ പരീക്ഷാ കേന്ദ്രങ്ങളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിലും ഞായറാഴ്ച ഉൾപ്പെടെ പരീക്ഷകൾ നടത്തുന്നുണ്ട്. പ്രസ്തുത പരീക്ഷാ ജോലികൾക്കു സംസ്ഥാനത്തുടനീളം നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് യാത്രാബത്ത പരിധി നിശ്ചയിച്ചു നിയന്ത്രിച്ചിരിക്കുകയാണ് സർക്കാർ. സർക്കാർ വകുപ്പുകളിലേക്ക് മനുഷ്യവിഭവ ശേഷി പ്രദാനം ചെയ്യുന്ന തികച്ചും സർക്കാർ നടപടിയായ പരീക്ഷാ ജോലികൾ നിർവഹിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി യിലെ ജീവനക്കാർക്ക് യാത്രാബത്താ വിലക്ക് ഏർപ്പെടുത്തുക വഴി ഈ സ്ഥാപനത്തെ നിശ്ചലമാക്കുകയാണ് സർക്കാർ. പി.എസ്.സി യുടെ പ്രവർത്തനങ്ങൾക്കു സാമ്പത്തിക പരാധീനത തടസ്സമാകരുതെന്ന നിലയ്ക്ക് പ്രസ്തുത ചെലവുകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും വഹിക്കുന്ന അവസരത്തിലാണ് കമ്മീഷന്റെ ജീവനക്കാർക്ക് യാത്രാബത്ത നിഷേധിച്ചിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. പി.എസ്.സിയെ ശക്തിപ്പെടുത്തുന്നതിന് പകരം അസ്ഥിരപ്പെടുത്താനുള്ള ഗൂഢശ്രമമാണ് നിലവിൽ നടക്കുന്നത്. ഇത് അവസാനിപ്പിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്. യാത്രാബത്ത സീലിംഗ് പൂർണ്ണമായി ഒഴിവാക്കണം.

**5.** സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നിഷേധിച്ചിരിക്കുന്ന 11% ക്ഷാമബത്ത, സ്ഥിരമായി മരവിപ്പിച്ചിരിക്കുന്ന സറണ്ടർ, ശമ്പള പരിഷ്കരണ, പെൻഷൻ പരിഷ്കരണ കുടിശ്ശിക, അഞ്ചു വർഷത്തിൽ ഒരിക്കലുള്ള ശമ്പള പരിഷ്കരണ സമ്പ്രദായം അട്ടിമറിക്കൽ തൊട്ടനവധി തൊഴിലാളി വിരുദ്ധ നടപടികളിൽ ആനന്ദം കണ്ടെത്തുന്ന സർക്കാരും സർക്കാരിന്റെ പാദസേവകരായി തുടരുന്ന പ്രതികരണ ശേഷി നഷ്ടപ്പെട്ട ഭരണപക്ഷ സംഘടനകളും കൂടി സേവന മേഖല ഒന്നടങ്കം നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നഷ്ടപ്പെടുത്തിയ ആനുകൂല്യങ്ങൾ സർക്കാർ പലിശ സഹിതം നൽകിയേ മതിയാകൂ. സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ ശക്തമായ പ്രക്ഷോഭം ആരംഭിക്കുവാൻ 33-ാമത് സംസ്ഥാന സമ്മേളനം തീരുമാനിച്ചു.

2022-ാം വർഷത്തെ സംഘടനാ റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. സുഭാഷ് ചന്ദ്രൻ അവതരിപ്പിച്ചു. വരവ്-ചെലവ് കണക്കുകൾ ട്രഷറർ ശ്രീ. സൂരജ്.വി അവതരിപ്പിച്ചു. സംഘടനാ റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും സമ്മേളനം ഏകകണ്ഠേന അംഗീകരിച്ചു. തുടർന്ന് 2022-23 വർഷത്തെ തെരഞ്ഞെടുക്കപ്പെട്ട സംഘടനാ ഭാരവാഹികളെ വരണാധികാരി ശ്രീ. ശശികുമാർ.വി പ്രഖ്യാപിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ. ആൽബിൻരാജ്.ഡി.എസ് കൃതജ്ഞത രേഖപ്പെടുത്തി. ദേശീയ ഗാനത്തോടെ 4.30 ന് സമ്മേളനം അവസാനിച്ചു.

തയ്യാറാക്കിയത്

**സുഭാഷ് ചന്ദ്രൻ.പി.കെ**
സംസ്ഥാന ജനറൽ സെക്രട്ടറി





# നാൽകാലിയിലേക്ക് ഒരു യാത്ര..

ഷാനവാസ് ഇ.

യാത്രകൾ പലതരം ഉണ്ടല്ലോ... സന്തോഷം തേടിയുള്ള വിനോദയാത്രകൾ, ആത്മീയ സുഖം തേടുന്ന തീർത്ഥാടന യാത്രകൾ, പ്രിയപ്പെട്ടവരെയും കൊണ്ടുള്ള വിലാപയാത്രകൾ..അങ്ങനെ അങ്ങനെ ഒരുപാട് യാത്രകൾ.. പക്ഷേ ഇത് അതിൽ നിന്നൊക്കെ വേറിട്ടൊരു യാത്രയാണ്.. ഇരുകാലിയിൽ നിന്ന് നാൽകാലിയിലേക്ക് ചേക്കേറിയവരുടെയും, നാൽകാലിയിൽ തന്നെ ജീവിക്കുന്ന ഇരുകാലി കളുടെയും നാട്ടിലേക്കൊരു യാത്ര.. സന്തോഷവും ആത്മീയസുഖവും ഒന്നും നൽകു ന്നതല്ലെങ്കിലും, ഭയത്തിന്റെ തടവറയിൽ നാം അറിയാതെ ഉറക്കികിടത്തിയ ചിന്തകളെയും പ്രതികരണങ്ങളെയും, ഉണർത്തുവാൻ പാങ്ങു ള്ള കാഴ്ചകൾ കൊണ്ട് സമ്പന്നമാണ് ഈ യാത്ര...


'ഒരു കഥൈ സൊല്ലട്ടുമാ സാർ..കേട്ടവരെല്ലാമെ നിറയെ മുതലൈക്കണ്ണീർ സീന്തിയ കഥ..'

ചായക്കലത്തിനടിയിലേക്ക് വിറകുകൾ തിരുകികൊണ്ടായിരുന്നു സിനിമാക്കമ്പക്കാരൻ കൂടിയായ മുരുകൻ സിനിമാസ്റ്റൈലിൽ ചോദിച്ചത്..

നാടൻ തേയിലയിട്ട ചൂട് കട്ടൻചായ ഊതി കുടിക്കുന്നതിനിടയിൽ നാൽക്കാലിയെക്കുറിച്ചും, മാണിക്യനെക്കുറിച്ചുമൊക്കെ ഓരോന്ന് ചികഞ്ഞ് ചോദിച്ചത് കൊണ്ടാകാം..'എന്നാപ്പിന്നെ ഒരു കഥയായിട്ടങ്ങു പറയാമെന്ന്' സംസാരപ്രിയനാ യ മുരുകനും കരുതിയതെന്ന് തോന്നുന്നു..

കൊല്ലത്തുനിന്നും രാത്രി എട്ടിനുള്ള ബസ്സിൽ തന്നെ കയറിയെങ്കിലും വെളുപ്പിന് നാല് കഴിഞ്ഞിരുന്നു കണ്ണാർക്കാട് എത്തിയപ്പോൾ.. അവിടെ അടുത്തൊരു ലോഡ്ജിൽ റൂമെടുത്ത് ഒന്ന് കുളിച്ചു ഫ്രഷ് ആയി, സമയം കളയാതെ നേരെ നാൽകാലിയിലേക്ക് പോരുകയായിരുന്നു. നാൽകാലി കവലയിൽ ആ സമയത്ത് തുറന്നിരുന്ന ഏക സ്ഥാപനമായ മുരുകന്റെ തട്ടുകടയുടെ മുമ്പിൽ വണ്ടി നിർത്തിയപ്പോൾ സമയം ആറ് കഴിഞ്ഞിരുന്നെങ്കിലും മഞ്ഞിൽ മൂടി പുതച്ച് കിടന്ന മലയോരം അപ്പോഴും ഉറക്കമുണർന്നിട്ടില്ലായിരുന്നു.. 'ഏഴു മണിയെങ്കിലും ആകും ആളുകളൊക്കെ എത്തി തുടങ്ങാൻ'..

അതുവരേക്കും നല്ലൊരു ശ്രോതാവിനെ കിട്ടിയ സന്തോഷം നിറഞ്ഞ് നിന്നിരുന്നു മുരുകന്റെ ശബ്ദത്തിൽ പക്ഷേ മുരുകൻ പറഞ്ഞതുപോ ലെ കേട്ടവർ കേട്ടവർ ഒരുപാട് മുതലക്കണ്ണീർ ഒഴുക്കിയ കഥ വീണ്ടും കേൾക്കുവാന ല്ലായിരുന്നല്ലോ ഇത്ര ദൂരം താണ്ടി ഞാൻ ഇവിടെയെത്തിയത്. അതിലെ 'കഥാവശേഷനാ യവൻ' നടന്ന വഴിത്താരകളിലൂടെ അവന്റെ ഊരിലേക്ക് ഒന്ന് നടക്കണം... അവനെ പെറ്റു വളർത്തിയ അമ്മയെയും സഹോദരിയെ



യും ഒന്നു കാണണം..അവരുടെ ദുഃഖത്തിൽ പങ്കുചേരണം..അതൊക്കെയാണല്ലോ ഈ യാത്രയുടെ ലക്ഷ്യം..

ഏഴുമണിയായപ്പോഴേക്കും തയ്യാറായി ക്കഴിഞ്ഞിരുന്ന ചൂട്ദോശയും ചമ്മന്തിയും നാടൻ തേയിലയിട്ട കടുപ്പത്തിലുള്ള ഒരു ചായയും കഴിച്ചിട്ട് മുരുകൻ പറഞ്ഞ കാട്ടുപാതകളിലൂടെ ഞാൻ നടന്നു..

കണ്ണാർകാട്ടെ മാധ്യമപ്രവർത്തകനായ സുഹൃത്ത് രണ്ടുദിവസം മുമ്പ് തന്നെ പാസ്സ് സംഘടിപ്പിച്ചു തന്നിരുന്നതിനാൽ ആദിവാസി ഊരിലേക്ക് പോകുന്നതിന് മറ്റു പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു..

നിശബ്ദ താഴ്വരയിലെ ഉറവകളിൽ നിന്നും ഒഴുകിയെത്തുന്ന അരുവികളുടെ തലോടലേറ്റ് ഹരിത സമ്പന്നമായ കാടുകളും..പച്ചപ്പരവതാനി വിരിച്ച പുൽമേടുകളും നിറഞ്ഞ സഹ്യന്റെ മനോ ഹരമായ ഈ മലയോരങ്ങളിൽ വനവിഭവങ്ങളും ധാരാളം ഉള്ളതിനാൽ ആദിവാസികളുടെ ഇഷ്ടഭൂമിയായതിൽ ഒട്ടും അത്ഭുതപ്പെടാനി ല്ലായിരുന്നു..കാടിനെയും കാട്ടരുവികളെയും കാട്ടുജീവികളെയും നെഞ്ചോട് ചേർത്തു പിടിച്ച് സന്തോഷത്തോടെ ജീവിച്ചിരുന്ന കുറേ പച്ചമനുഷ്യർ... കാടിന്റെ മക്കൾ..

എന്നാണോ ഇവിടേക്ക് 'പരിഷ്കൃതരും പ്രബുദ്ധരും' എന്ന് സ്വയം വിളിക്കുന്നവരുടെ കുടിയേറ്റം തുടങ്ങിയത്... അന്ന് തുടങ്ങിയതല്ലേ ഈ കാടിന്റെ ദുഃഖം..

അല്പം ഭക്ഷണം മോഷ്ടിച്ചുവെന്നാരോ പിച്ച് അവരിൽ ഒരാളായിരുന്ന ഒരു പാവം ചെറുപ്പക്കാരനെ പരസ്യമായി തല്ലിക്കൊ ന്നിട്ടും..ഒട്ടും കുറ്റബോധവും കൂസലുമില്ലാതെ നെഞ്ചുവിരിച്ച് നടക്കാൻ കഴിയുന്ന ഈ നാടി ന് 'നാൽകാലി' എന്ന പേർ എത്ര അനു യോജ്യമാണെന്ന് ഞാൻ കൗതുകത്തോടെ ഓർത്തുപോയി..

കാട്ടുപക്ഷികളുടെ ചൂളംവിളികൾക്കും ചീവീടുകളുടെ മൂളലുകൾക്കുമിടയിൽ, അടിക്കാടുകൾക്കിടയിൽ നിന്ന് ഉയരുന്ന മുരൾച്ചകൾ എന്റെ ധൈര്യത്തിന് കടുത്ത വെല്ലുവിളിയാണ് ഉയർത്തി കൊണ്ടിരുന്നത്!..'ഒറ്റക്കായത് കൊണ്ടാകാം..പേ ടിക്കേണ്ട ഒരു കാര്യവുമില്ലെന്ന്..' പട..പടാ..ന്ന് ഇടിച്ചു തുടങ്ങിയ നെഞ്ചിനെ ആശ്വസിപ്പിച്ചു കൊണ്ട് കഷ്ടിച്ച് മൂന്നടി മാത്രം വീതിയുള്ള, ഇലകൾ മൂടിയ വിജനമായ കാട്ടുപാതയിലൂടെ ഏകദേശം ഒരു കിലോമീറ്ററോളം നടന്നു കാണും..അപ്പോളാണ് എതിർവശത്തുനിന്ന് ഒരു ആദിവാസി യുവാവ് നടന്നുവരുന്നത് കണ്ടത്..പാന്റും കോട്ടും ഷൂസും ഒക്കെ ഇട്ട പരിഷ്ക്കാരിയായ അപരിചിതനെ കണ്ടതു കൊണ്ടാകണം അടുത്തെത്തിയപ്പോൾ വലിച്ചു കൊണ്ടിരുന്ന ബീഡി വലിച്ചെറിഞ്ഞിട്ട് ലുങ്കിയുടെ താറഴിച്ചിട്ടു കൊണ്ട് അയാൾ തമിഴ് കലർന്ന മലയാളത്തിൽ ചോദിച്ചു 'എങ്ക പോണം സാർ..'

'മാണിക്യന്റെ ഊരിലേക്ക്'... എന്ന് പറ ഞ്ഞപ്പോൾ ആദ്യം സംശയദൃഷ്ടിയോടെ ഒന്നു നോക്കിയെങ്കിലും പിന്നെ 'ശരി..എന്ന മട്ടിൽ തലയാട്ടിക്കൊണ്ട് 'മാണിക്യൻ എന്റെ കളിക്കൂട്ടുകാരനാർന്നു സാർ..എന്റെ പേർ മുത്തു..'അല്പം പതിഞ്ഞ ശബ്ദത്തിൽ ആയിരുന്നു കറുത്തു മെലിഞ്ഞുണങ്ങിയ ആ ചെറുപ്പക്കാരൻ പറഞ്ഞത്... കാട്ടു വിഭവങ്ങൾ വിറ്റ വകയിൽ നാൽകാലിയിലെ അങ്ങാടിക്കടയിൽ നിന്നും കിട്ടാനുള്ള കുറച്ച് കാശ് വാങ്ങാനായി ഇറങ്ങിയതായിരുന്നു മുത്തു..എങ്കിലും 'അത് പിന്നീട് വാങ്ങാം..'എന്ന് പറഞ്ഞ് എനിക്ക് വഴികാട്ടിയായി അവൻ വന്ന ദിശയിലേക്ക് തന്നെ എന്നോടൊപ്പം തിരിച്ചു നടന്നു..

'മാണിക്യൻ സ്കൂളിൽ പഠിക്കാനൊക്കെ എങ്ങനെയായിരുന്നു? എന്തെങ്കിലും സംസാരിച്ചു നടക്കാമല്ലോ എന്ന് കരുതിയാണ് ഞാൻ ചോദിച്ചത്.. 'മിടുക്കനാർന്നു സാർ..ദേവൂനെ നല്ലോണം പഠിപ്പിക്കാനാ അവൻ പഠിത്തം നിർത്തി പാലക്കാട്ടേക്ക് പണിക്ക് പോയത്..'

കറുപ്പ്മണ്ണയിലെ എൽപി സ്കൂളിന്റെ മുറ്റത്ത് തന്നോടൊപ്പം ഓടിച്ചാടി കളിച്ചു നടന്ന കൂട്ടുകാരന്റെ വിശേഷങ്ങൾ പറയുമ്പോൾ വല്ലാത്തൊരു നഷ്ടബോധം നിറഞ്ഞു നിന്നിരുന്നു



അവന്റെ ശബ്ദത്തിൽ..

കാലാകാലങ്ങളായി ഭരിച്ചവർ 'ആദിവാസികൾക്ക് വേണ്ടി ചിലവഴിച്ചു..'എന്ന് പറയുന്ന ആയിരക്കണക്കിന് കോടികളുടെ ചിതലരിച്ച കണക്കുപുസ്തകങ്ങൾ കമഴ്ത്തിവെച്ചത് പോലെയുള്ള കുറെ കുടിലുകൾ! ഇവരെ മറയാക്കി നടത്തുന്ന അഴിമതികളെ ഓർത്ത് ലജ്ജിച്ചു തലതാഴ്ത്തേണ്ടിവരുന്ന കാഴ്ചകൾ കൊണ്ട് സമ്പന്നമായിരുന്നു കറുപ്പ്മണ്ണ ഊര്!

കൊല്ലത്ത് നിന്നും ഒന്ന് കാണാൻ വന്നതാണെന്ന് മുത്തു പറഞ്ഞപ്പോൾ ചന്ദ്രിയുടെയും ദേവുവിന്റേയും മുഖത്ത് 'ഓഹ്.. ഇങ്ങനെ എത്രയോ പേർ വരുന്നു പോകുന്നു..'എന്ന നിസംഗ ഭാവം..പ്രതീക്ഷകൾ നഷ്ടപ്പെട്ട കണ്ണുകളിൽ തളംകെട്ടി നിന്നിരുന്നത് ദുഃഖം മാത്രം..

മൂന്നോ നാലോ പശുക്കളെ കെട്ടാൻ പാകത്തിലുള്ള ഒരു എരുത്തിലിനോളം (കാലിയാല) വലുപ്പമുള്ള വൈക്കോൽ മേഞ്ഞ വീടിനകത്തു നിന്നും മുത്തു എടുത്തുകൊണ്ടുവന്ന ഒരു തടിക്കസേര മുറ്റത്തെ മരത്തണലിൽ ഇട്ട് ഞാൻ ഇരുന്നു..

മുറ്റത്തിന്റെ ഇടത്തെ അതിരിൽ പുല്ലു തിന്നു നടക്കുന്ന ഒരു കറുത്ത ആടും അതിന്റെ രണ്ട് കുട്ടികളും, ചുറ്റും കുറേ നാടൻ കോഴികളും കൊത്തി പറക്കി നടക്കുന്നുണ്ട്.. ഉണക്കാൻ ഇട്ടിരിക്കുന്ന ഏതോ കാട്ടുകിഴങ്ങ് അവറ്റകൾ തിന്നാതിരിക്കാനായി കയ്യിൽ ഒരു വടിയുമായി ദേവൂ അതിനടുത്തു തന്നെ നിൽപ്പുണ്ട്. ഏകദേശം ഇതുപോലെ ഒക്കെ തന്നെ രൂപകല്പനയും പശ്ചാത്തലവും ഉള്ള കുറേ വീടുകളും, ചുറ്റും കുറച്ച് കൃഷി സ്ഥലങ്ങളും, അതിനപ്പുറം കൊടുംകാടും അതായിരുന്നു കറുപ്പ്മണ്ണ ഊര്..ഇതുപോലെ നൂറു കണക്കിന് ഊരുകൾ ചേർന്നാൽ, ഉള്ളവർ ഇല്ലാത്തവരെ കളിയാക്കി വിളിക്കുന്ന 'അത്തപ്പാടി' എന്ന ദേശമായി!...'സംരക്ഷിത വനമേഖല' എന്ന പേരിൽ ഭൂപടത്തിൽ പച്ചനിറത്തിൽ മറച്ചു പിടിക്കപ്പെടുന്ന അനേകം ഇടങ്ങളിൽ ഒരിടം!

ആ കൊച്ചു മിടുക്കൻ ഓടിക്കളിച്ചിരുന്ന മുറ്റത്തിരുന്നപ്പോൾ..അവൻ പഠിച്ച സ്കൂളും, നടന്ന പാതകളും, പിന്നെ അവൻ അഭയം തേടിയ കാടകങ്ങളും ഒക്കെ പരിഷ്കാരികൾ നിർമ്മിച്ചു നൽകിയ ദുരന്ത സ്മാരകങ്ങൾ പോലെ ഉയർന്നു നിൽക്കുന്നത് കാണാമായിരുന്നു..


'സാറിന് ചോദിക്കാനും പറയാനും ഒന്നുംല്ലേ?..മുത്തുവിന്റെ ചോദ്യമാണ് എന്നെ ചിന്തകളിൽ നിന്നും വീണ്ടുമുണർത്തിയത്..

'ആർക്കെന്താണ് അറിയാത്തത് മുത്തൂ..'എന്ന മറു ചോദ്യമായിരുന്നു ഞാനറിയാതെ നാവിൽ നിന്ന് പുറത്തേക്ക് വന്നത്..

'എന്തറിയാം സാർ..അവനെ കള്ളനെന്നല്ലേ നിങ്ങൾ വിളിച്ചത്?..വിശന്നപ്പോ ഭക്ഷണം മോഷ്ടിച്ചവനാണോ സാർ കള്ളൻ?..മാനസിക ആസ്വാസ്ഥ്യമുള്ളവനാണോ സാർ കള്ളൻ?.. അവനെ പോലീസിൽ ഏൽപ്പിക്കാതെ.. കൊല്ലാൻ നിങ്ങൾക്ക് ആര് അധികാരം തന്നു സാർ?.. ദേവുവിന്റെ ഓരോ ചോദ്യങ്ങളും മൂർച്ചയേറിയ ചാട്ടുളികളായാണ് നെഞ്ചിൽ തറച്ചതെങ്കിലും ഒട്ടും വേദനിക്കാത്തവനായി ഞാനിരുന്നു.. മാണിക്യനെപ്പോലെ!..,

തന്നെ പഠിപ്പിക്കുവാൻ വേണ്ടി പാലക്കാട്ടേക്ക് പണിക്ക് പോയതാണ് സഹോദരന്റെ ദുരന്തത്തിന് കാരണമായതെന്ന കുറ്റബോധത്തിൽ നിന്നുടലെടുത്ത രോഷമാകാം ഒരു പക്ഷേ അവളെ ഇത്ര ഉച്ചത്തിൽ സംസാരിക്കാൻ പ്രേരിപ്പിക്കുന്നതെന്ന് ഞാൻ ഊഹിച്ചു..


പാലക്കാട്ടെ നിർമ്മിതി കേന്ദ്രത്തിൽ ആശാരിപ്പണി ചെയ്യുന്നതിനിടയിലായിരുന്നു പ്രബുദ്ധതയുടെ മുഖംമൂടി അണിഞ്ഞ വർഗ്ഗ, വർണവെറിയുടെ ആൾരൂപങ്ങളിൽ നിന്നും കടുത്ത മാനസിക, ശാരീരിക പീഡനങ്ങൾ ഏൽക്കേണ്ടിവന്നതും.. ഒടുവിൽ മനസ്സിന്റെ താളം തെറ്റിയ നിലയിൽ അവൻ ഊരിൽ



തിരിച്ചെത്തിയതുമെന്നൊക്കെയുള്ള പുതിയ അറിവുകൾ..മാധ്യമങ്ങൾ ഇഴകീറി മുറിച്ചു ചർച്ച ചെയ്ത കൊലപാതകത്തിന്റെ ഒരു ഘട്ടത്തിലും ചർച്ചാവിഷയമാകാതിരുന്നതിന്റെ പിന്നിലും നേരത്തെ പറഞ്ഞ ആൾരൂപങ്ങളുടെ വക ഭേദങ്ങൾ തന്നെ ആകാം!

'അവിടുന്ന് വന്നേപ്പിന്നാ എന്റെ കുഞ്ഞ് ആരോടും മിണ്ടാതായത്.. പിന്നെപ്പിന്നെ കാട്ടിൽ പോയാൽ വരാതായത്..ചന്ദ്രി പിന്നെയും എന്തൊക്കെയോ പറഞ്ഞുവെങ്കിലും..കണ്ണിന്റെ തടവറയിൽ നിന്നൊഴുകിയിറങ്ങിയ നനവിൽ കുതിർന്നവ താഴേക്ക് പതിച്ചു ..

സദാചാരത്തിന്റെയും മാന്യതയുടെയും മുഖം മൂടിക്കുള്ളിലെ കാപട്യങ്ങളും ചതികളും തിരിച്ചറിയാതെ പകച്ചുനിന്ന അവനെ ഒരു കൊടുംകുറ്റവാളിയാക്കി മാറ്റുകയായിരുന്നു നാൽക്കാലിയിലെ ന്യായാധിപന്മാർ..അതുവരെ നടന്ന മോഷണങ്ങൾ എല്ലാം സ്വന്തം തലയിൽ കെട്ടിവെക്കപ്പെട്ടപ്പോൾ.. ചതിയിൽ പെടുത്തി കൂട്ടമായി ആക്രമിക്കുന്ന മനുഷ്യരൂപികളായ നാൽകാലികളുടെ ലോകത്ത് നിന്നും.. ചതിയും കാപട്യവും ഇല്ലാത്ത വന്യമൃഗങ്ങൾ വിഹരിക്കുന്ന കൊടുംകാട്ടിലേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു യഥാർത്ഥത്തിൽ ആ പാവം..



'അവൻ എന്തേലും എടുത്തോണ്ട് പോയാൽ കാശ് ഞങ്ങൾ തന്നോളാന്ന്' വരെ കച്ചവടക്കാരോട് പറഞ്ഞതാരുന്നു..എന്നിട്ടും അവർ.. ദേവുവിന്റെ വാക്കുകളും ഇടയ്ക്കുവെച്ച് മുറിഞ്ഞു വീണു..

ഇനി എന്തു പറഞ്ഞിട്ട്..എന്ത് കാര്യം?.. അവനെ വെറുതെ വിടാൻ തയ്യാറാല്ലായിരുന്നു അവർ..കാട്ടിൽ അഭയം തേടിയ അവനെ അവിടെയും പിന്തുടർന്ന് വളഞ്ഞിട്ട് പിടിക്കുക തന്നെ ചെയ്തു..പതിനാറോളം ഉണ്ടായിരുന്ന അവർ മാറിമാറി അവനെ വിചാരണ ചെയ്തു. വിചാരണവേളയിലും നിഷ്കളങ്കനായി ചിരിച്ചുകൊണ്ട് നിന്ന കുറ്റവാളിയെ കണ്ട്..നാടു ഭരിക്കുന്ന അടിച്ചമർത്തപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉയർത്തെഴുന്നേൽപ്പിന്റെ സ്വപ്നങ്ങൾക്ക് 'ചുവന്ന ചിറകുകൾ' നൽകി അവയെ വാനോളം ഉയർത്തി വളർന്ന പ്രസ്ഥാനത്തിന്റെ തണലിൽ സ്വയം വളർന്ന നേതാക്കളുടെ പിൻഗാമിയും, പ്രാദേശിക നേതാവും സർവ്വോപരി വിചാരണ കോടതിയുടെ സ്വയം അവരോധിത ജഡ്ജിയുമായ മാന്യദേഹത്തിന്റെ സിരകളിൽ പൊടുന്നനെ രക്തം ഇരച്ചുകയറുകയും.. ആജ്ഞാനുവർത്തികളായ സഹവിപ്ലവകാരികളോട് 'ഇവനെ ചവിട്ടിക്കൊല്ലെടാ..എന്ന് ആജ്ഞാപിക്കുകയും ചെയ്തതിൻപ്രകാരം ആദ്യ ചവിട്ടിൽ തന്നെ താഴെ വീണ ആ 'എല്ലിൻകൂട്ടിൽ' അവർ മാറിമാറി തങ്ങളുടെ കരുത്ത് തെളിയിച്ചു കൊണ്ടേയിരുന്നു!. അടിയും ചവിട്ടും കൊണ്ടൊന്നും കാര്യമില്ലെന്ന് തോന്നിയ ജഡ്ജിയദ്ദേഹം തന്റെ കയ്യോളം ഘനമുള്ള ഒരു വടികൊണ്ട് ഇടത്തെ നെഞ്ചിൽ ആഞ്ഞടിച്ചപ്പോഴാണ് അവൻ അമ്മേ..എന്ന് നിലവിളിച്ചു പോയത്.. ഉച്ചനീചത്വങ്ങളുടെ ഉന്മൂലനത്തിനെന്ന പേരിൽ പണ്ട് പൂർവികർ നടത്തിയ 'ആൾക്കൂട്ട കൊലപാതകങ്ങളുടെ' ചോരയിൽ കുതിർന്ന ചരിത്രത്താളുകളിൽ നിന്നാർജിച്ച വീര്യം മൊത്തമായി പുറത്തെടുത്തു യുവ വിപ്ലവകാരികൾ..

'ആ അടിയിലാണ് അവന്റെ ഇടത്തെ വാരിയെല്ല് പൊട്ടിപ്പോയതെന്നാണ് പോസ്റ്റ് മോർട്ടം ചെയ്ത ഡോക്ടർ എഴുതി വെച്ചിരിക്കുന്നത്' മണിയന്റെ ശബ്ദത്തിനല്പം മൂർച്ച കൂടിയിരുന്നു... മൃതപ്രായനായി കിടന്ന അവനെ ചവിട്ടി എഴുന്നേൽപ്പിച്ച് ഉടുത്തിരുന്ന ലുങ്കി കൊണ്ട് തന്നെ കൈകൾ കൂട്ടിക്കെട്ടിയാണ് കുറച്ചുകൂടി വിശാലമായ വിചാരണ നടപടികൾക്ക് വേണ്ടി നാൽകാലി കവലയിലേക്ക് കൊണ്ടുവന്നത്.. ഇതിനെല്ലാം നിർലോഭമായ സഹായസഹകരണങ്ങൾ ചെയ്ത വനപാലകരേക്കാൾ, സ്തുത്യർഹമായ സേവനമായിരുന്നു ആ നാട്ടിലെ നിയമപാലകർ ചെയ്തത്!

എത്ര വേഗം കുറച്ചു പോയാലും കേവലം അരമണിക്കൂർ കൊണ്ട് എത്താവുന്ന അഗളി ആശുപത്രിയിലേക്ക് അവനെ എത്തിക്കാൻ ഒന്നരമണിക്കൂർ എന്തിനെടുത്തു?..എന്നവർ ചോദിച്ചപ്പോൾ 'ഉന്മൂലനത്തിനായി ഭരണസംവിധാനങ്ങളെ ഉപയോഗിക്കുന്നത് ഇപ്പോൾ നമ്മുടെ രാജ്യത്ത് സർവ്വസാധാരണമാണല്ലോ..'

എന്റെ മറുപടി കേട്ട മുത്തു ഒന്ന് ഇരുത്തി മൂളിയിട്ട് വീണ്ടും ചോദിച്ചു..

'എന്നാലും..സാറെന്തിനാണ് വെറുതെ ഇവിടം വരെ വന്നത്?..

ശരിക്കും പറഞ്ഞാൽ അത് തന്നെയാണ് ഞാനും ചിന്തിച്ചത്!. ഞാൻ എന്തിനാണ് ഇത്ര ദൂരം താണ്ടി വന്നത്?..

ആളും..അർത്ഥവും..അധികാര കേന്ദ്രങ്ങളിൽ പിടിപാടുമുണ്ടെങ്കിൽ ഈ നാട്ടിൽ എത്ര വലിയ കുറ്റം ചെയ്താലും ശിക്ഷിക്കപ്പെടില്ലാ.. പകരം സംരക്ഷിക്കപ്പെടും!..എന്ന ധൈര്യം സൃഷ്ടിച്ച കൊലപാതകികളെ കാണുവാനോ?..

അതോ ലോകമാകമാനം തൽസമയം കണ്ട, നൂറ്റിയിരുപതോളം ദൃക്സാക്ഷികൾ ഉണ്ടാ

യിരുന്ന കൊലപാതകത്തിന്റെ വിചാരണ വേളയിൽ, സാക്ഷികളുടെ ഒന്നൊന്നായുള്ള കൂറുമാറ്റങ്ങളും, ഭീഷണികൾ ഭയന്നുള്ള പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും ജഡ്ജ്മാരുടെയും പിന്മാറ്റങ്ങളും ഒക്കെ കണ്ട് വിലപിക്കുന്ന ഒരമ്മയെയും സഹോദരിയെയും ആശ്വസിപ്പിക്കുവാനോ?..

അതോ നിയമപുസ്തകത്താളുകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന അലിഖിത നിയമങ്ങളെക്കുറിച്ചു അവരെ ഓർമിപ്പിക്കുവാനോ?.. അറിയില്ലാ..

'എങ്കിലും അവരിൽ ഒരാൾക്ക് പോലും തോന്നിയില്ലല്ലോ എന്റെ കുഞ്ഞിനെ കൊല്ലാതിരിക്കാൻ..' തിണ്ണയുടെ മൂലയിൽ ഇരുന്ന ചന്ദ്രിയുടെ ശബ്ദം വീണ്ടും ഒരു നേർത്ത നെടുവീർപ്പായി എന്റെ കാതിൽ വീണുടഞ്ഞു..

'നേരം ഇരുട്ടാറായി..സാറിനെ കവലയിൽ ആക്കീട്ട് വാ മുത്തൂ.. ദേവുവിന്റെ ശബ്ദത്തിനിപ്പോൾ ഇടർച്ച ഇല്ലായിരുന്നു. എവിടെനിന്നോ തങ്ങളെ കാണാൻ വന്ന ഒരതിഥിയോടുള്ള കരുതലിന്റെയും സ്നേഹത്തിന്റെയും സ്വരമായിരുന്നു ആ ശബ്ദത്തിന്..'

മടങ്ങാനായി എണീറ്റ എന്റെ മുന്നിൽ കൈകൂപ്പി നിന്ന ആ അമ്മയെയും സഹോദരിയെയും ആശ്വസിപ്പിക്കാനായി കരുതിവെച്ചിരുന്ന വാക്കുകൾ ഒന്നും തന്നെ എന്റെ നാവിൽ നിന്നും പുറത്തേക്കു വന്നില്ല.. കൈകൂപ്പികൊണ്ട് പറഞ്ഞത് ഇത്രമാത്രം..

'എല്ലാവർക്കും വേണ്ടി ഞാൻ മാപ്പ് ചോദിക്കുന്നു..'

അടിക്കാടുകൾ വകഞ്ഞു മാറ്റി വീണ്ടും വഴിയൊരുക്കി മുന്നേ നടന്നു മുത്തൂ.. ഇരുവശത്തും കാടകങ്ങളിൽ ഇരുട്ടു പരന്നു കഴിഞ്ഞിരുന്നു. ചുറ്റിനും ഉയരുന്ന മുരൾച്ചയും ശീൽക്കാരങ്ങളും എന്നെ ഒട്ടും ഭയപ്പെടുത്തുന്നുണ്ടായിരുന്നില്ല. കാരണം അത്രയ്ക്ക് ഭാരം കുറഞ്ഞിരിക്കുന്നു എന്റെ ഉള്ളിൽ.. എത്രയോ നാളായി നെഞ്ചിലെ ഭാരമായിരുന്നു നിഷ്കളങ്കമായി ചിരിച്ചുകൊണ്ട് നിൽക്കുന്ന ആ രൂപം..

'എന്നായാലും സത്യം ജയിക്കുക തന്നെ ചെയ്യും മുത്തൂ..'

കാലഹരണപ്പെട്ടൊരു വിശ്വാസമാണെങ്കിലും നീതി ലഭിക്കും എന്ന പ്രത്യാശയെ കെടാതെ കാക്കുന്ന വാക്കുകൾ കേട്ടപ്പോൾ മുത്തുവിന്റെ മുഖത്ത് പ്രത്യക്ഷപ്പെട്ട ഒരു പഴഞ്ചൻ തമാശ കേട്ട മാതിരിയുള്ള ചിരി പെട്ടെന്ന് മാഞ്ഞു.'അതേ സാർ.. എന്നായാലും നീതിയും നടപ്പാകുക തന്നെ ചെയ്യും..' സങ്കടവും രോഷവും നിറഞ്ഞ് നിന്നിരുന്ന ശബ്ദത്തിനപ്പോൾ നിശ്ചയദാർഢ്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും കരുത്തുണ്ടായിയിരുന്നു..

'നാൽകാലി' കവലയിൽ എത്തിയപ്പോൾ തന്നെ കണ്ണാർക്കാട്ടേക്കുള്ള ബസ്സും എത്തിച്ചേർന്നിരുന്നു. എനിക്കുവേണ്ടി ഒരു പകൽ മുഴുവൻ ചിലവിട്ടതല്ലേ..എന്ന് കരുതി കുറച്ചു രൂപ അവന്റെ നിറം മങ്ങിയ ഷർട്ടിന്റെ കീശയിൽ തിരുകിയെങ്കിലും അത് വാങ്ങാൻ അവൻ കൂട്ടാക്കിയില്ല..

'രൂപയോന്നും വേണ്ട സാർ.. പറ്റുമെങ്കിൽ നാട്ടിൽ ചെല്ലുമ്പോൾ ഇതെല്ലാം എല്ലാവരോടും പറയണം.. അത് മതി..

'ഒന്നുമില്ലായ്മയുടെ ഭാണ്ഡവും പേറി നിൽക്കുമ്പോളും..ഒരു രൂപ പോലും വാങ്ങാൻ കൂട്ടാക്കാത്ത ആ ആത്മാഭിമാനിയുടെ മുന്നിൽ പഠിച്ചതൊക്കെ മറന്ന ഒരു ചെറിയ കുട്ടിയെപ്പോലെ തല കുനിച്ചുകൊണ്ട് ഞാൻ ബസ്സിലേക്ക് കയറി'..

ഇരുട്ടിന്റെ വക്താക്കൾ വാരി വിതറിയ കറുത്ത ചായം ചിതറിപ്പടർന്നതുപോലെ ഇരുട്ട് മലനിരകളിൽ വെളിച്ചത്തിന്റെ നുറുങ്ങു കിരണങ്ങൾ വിതറി നീങ്ങിയ ബസ്സ് കണ്ണാർക്കാട് ടൗണിൽ എത്തിയപ്പോൾ അവിടം ആകെ ഗതാഗതക്കുരുക്കിൽപ്പെട്ടു നിശ്ചലമായിരിക്കുകയായിരുന്നു..

രാജ്യം ഭരിക്കുന്ന പാർട്ടിക്കാർ, ഗോത്രവർഗ്ഗത്തിൽ നിന്നൊരാളെ രാഷ്ട്രപതി ആക്കിയതിന്റെ ആഘോഷറാലിയും സമ്മേളനവും ഒക്കെ നടക്കുകയായിരുന്നു അവിടെ..അങ്ങനെ ഗോത്രവർഗത്തിന് സുന്ദരവും, സുഭിക്ഷവും, സ്വപ്നതുല്യവുമായ ഒരു ഭാവി സമ്മാനിച്ച 'പാർട്ടിയുടെ സമുന്നതരായ നേതാക്കളെ' കുറിച്ചുള്ള വാഴ്ത്തുപാട്ട് നടന്നുകൊണ്ടിരുന്ന സമ്മേളന വേദിയിലെ അലങ്കരിച്ച വലിയ ചിത്രത്തിൽ ചിരിച്ചുകൊണ്ടിരുന്ന രാഷ്ട്രപതിയുടെ മുഖത്തും ഗോത്രവർഗ്ഗം പെട്ടെന്ന് ശ്രേഷ്ഠവർഗ്ഗമായതിന്റെ സന്തോഷം നിറഞ്ഞ് നിന്നിരുന്നു!

അപ്പോളാണ് വേദിയോട് ചേർന്ന് നിന്നിരുന്ന ഒരു മരത്തിൽ കാറ്റിൽ തൂങ്ങിയാടുന്ന മറ്റൊരു ചിത്രത്തിൽ യാദൃശ്ചികമായി എന്റെ കണ്ണുകൾ പതിച്ചത്. എല്ലാവരും മാറി മാറി കെട്ടി മടുത്തിട്ട് ഉപേക്ഷിച്ച, കാലപ്പഴക്കത്താൽ നരച്ചു കീറിപ്പറിഞ്ഞുപോയ ഒരു ചിത്രം..

രണ്ടു ചിത്രങ്ങൾ.. ഒരമ്മ പെറ്റ മക്കളെ പ്പോലെ അപ്പുറവും ഇപ്പുറവും കീറിപ്പറിഞ്ഞു പോയെങ്കിലും തുറിച്ചുനോക്കുന്ന ആ കണ്ണുകളിൽ

നിന്ന് പെട്ടെന്ന് ദൃഷ്ടികൾ പിൻവലിച്ചു ഞാൻ കണ്ണടച്ചിരുന്നു..

പിന്നെ സ്വസ്ഥമായി ഉറങ്ങി..

പഴമക്കാർ പറഞ്ഞതുപോലെ 'പലതും കണ്ടില്ലെന്നു നടിക്കണം..പലതും കണ്ണട യ്ക്കണം..സ്വസ്ഥമായി ഉറങ്ങാം..'

വായിച്ചു തീർന്നതും ഒരു ദീർഘശ്വാസ മെടുത്തു കൊണ്ട് പ്രതീക്ഷയോടെ ഞാൻ എഡിറ്ററുടെ മുഖത്തേക്ക് നോക്കി.. വെട്ടിയൊതുക്കിയ ഫ്രഞ്ച് താടിയിൽ തലോടിക്കൊണ്ട് മുഖമുയർത്താതെ അദ്ദേഹം അപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നത് കണ്ടപ്പോൾ എന്റെ മനസ്സിൽ ലഡ്ഡു പൊട്ടി.. സംഗതി ഇഷ്ടപ്പെട്ടെന്ന് ഞാൻ ഉറപ്പിച്ചു.. പിന്നെയും ഒന്നുരണ്ടു നിമിഷങ്ങൾക്ക് ശേഷം മുഖമുയർത്തിയ അദ്ദേഹം എന്നെ മൊത്തത്തിൽ ഒന്ന് നോക്കിയിട്ട് ചോദിച്ചു.. 'എന്തുവാടോ ഇത്?.. ഒട്ടും പ്രതീക്ഷിക്കാതിരുന്ന ചോദ്യം കേട്ട് കിളിപോയെങ്കിലും പുറത്തു കാണിക്കാതെ ഞാൻ വിക്കി വിക്കി പറഞ്ഞു.. 'സാർ ഇതെന്റെ നാൽകാലിയിലേക്ക് ഒരു യാത്ര എന്ന..

'അതല്ല ചോദിച്ചത്..വിചാരണ നടന്നുകൊണ്ടിരിക്കുന്ന ഒരു കേസിനെ ക്കുറിച്ചാണ് ഇതിൽ പറയുന്നതെന്ന് ആർക്കാടോ മനസ്സിലാകാത്തത്?..

'അത് പോരാഞ്ഞിട്ട് സർവ്വരാജ്യ തൊ ഴിലാളി വർഗ്ഗവും..ഉന്മൂലന സിദ്ധാന്തവും.. ഒലക്കേടെ മൂടും..എന്തൊക്കെയാടോ താൻ എഴു തി വച്ചിരിക്കുന്നത്?..ഈ വാരിക പൂട്ടിക്കാൻ തന്നെയാണോ ഇതുമായി വന്നിരിക്കുന്നത്'

'പണി പാളിയെന്ന്' ഉറപ്പായ സ്ഥിതിക്ക് ഇനി മിണ്ടാതിരുന്നിട്ട് എന്ത് കാര്യം എന്ന് ഞാനും ചിന്തിച്ചു..

'അല്ല സാർ..'മധുർഭൂമി'യുടെ കഴിഞ്ഞ ലക്കത്തിലും ഉണ്ടായിരുന്നല്ലോ 'ആവിഷ്കാര സ്വാതന്ത്ര്യന് മേലുള്ള കടന്നുകയറ്റങ്ങൾ' എന്ന താങ്കളുടെ മൂന്നു പേജുള്ള ഒരു നീണ്ട ലേഖനം

എന്റെ മറുപടി കേട്ട എഡിറ്ററദ്ദേഹം ഉത്തരം മുട്ടിയ അധ്യാപകനെപ്പോലെ പെട്ടന്ന് കലിപ്പനായി..'ആഹ്..ഇതാണ് തന്റെ പ്രശ്നം ആവശ്യമില്ലാത്തതൊക്ക വായിക്കും..എന്നിട്ട് ആവശ്യമില്ലാത്തതൊക്ക എഴുതും...

'അപ്പോൾ അത് ആൺവേശ്യയുടെ സദാ ചാരപ്രസംഗം പോലെ ആയിരുന്നോ സാർ..?എന്ന് ചോദിക്കാനാണ് തോന്നിയതെങ്കിലും.. അദ്ദേഹത്തിന്റെ പ്രായത്തെയും ആത്മാഭിമാന ത്തെയും കരുതിയാണ് വേണ്ടെന്ന് വെച്ചത്..

എന്തെഴുതിയാലും എവിടെയൊക്കെ പ്രസിദ്ധീകരിച്ചാലും 'മധുർഭൂമിയിൽ അച്ച ടിച്ചു വന്നാലേ കാര്യമുള്ളൂ' എന്ന പൊതു ബോധമാണല്ലോ എന്നെയും വീണ്ടും വീണ്ടും ഇങ്ങോട്ട് നയിക്കുന്നതെന്നോർത്തു ഞാൻ എന്നെ തന്നെ പഴിച്ചു..

നവോത്ഥാന പോരാട്ടങ്ങൾക്കുപോ ലും ഊർജ്ജം പകർന്ന മാധ്യമത്തിന്റെ പ്രശസ്തരായ പത്രാധിപന്മാർ ഇരുന്ന കസേരയിൽ..ഭയപ്പെടുത്തി വായടപ്പിക്കുന്ന പുതിയ ഭരണസമ്പ്രദായത്തിന്റെ ഇരയും ഒപ്പം തന്നെ വക്താവുമായി മുന്നിലിരിക്കുന്ന ഭീരുവിൽ നിന്ന് ഇതിൽ കൂടുതലൊന്നും പ്രതീക്ഷിച്ചിട്ട് കാര്യമില്ലന്ന് തിരിച്ചറിഞ്ഞ ഞാൻ, പിന്നെ ഒന്നും പറയാതെ സഹതാപത്തിൽ പൊതിഞ്ഞ ഒരു ചിരി മാത്രം അദ്ദേഹത്തിന് സമ്മാനി ച്ചിട്ട് എഴുന്നേറ്റു പുറത്തേക്കുള്ള വാതിലിന് അരികിലേക്ക് നടന്നു..

'ആവശ്യമില്ലാത്തതൊക്കെ ഒഴിവാക്കിയാൽ നമുക്ക് നോക്കാമെടോ..'

നാല് കാലിലും കൂച്ചുവിലങ്ങിട്ട ആന യുടെ പുറത്തിരുന്ന് ഭേരി മുഴക്കുന്നതുപോ ലെയായിരുന്നു പിന്നിൽ നിന്ന് വീണ്ടും കേട്ട ശബ്ദം.. തുറന്നു പിടിച്ച ഹാഫ്ഡോർ പിന്നി ലേക്ക് ശക്തിയോടെ അടച്ചു ഞാൻ പുറത്തേക്ക് നടന്നു...

ആരോ ചുമലിൽ പിടിച്ച് കുലുക്കി യപ്പോളാണ് ഞാൻ ഞെട്ടി ഉണർന്നത്.. 'എന്തൊരു ഉറക്കമാ സാറേ ഇത്!.. കൊല്ലം എത്തി ഇറങ്ങേണ്ടേ? കണ്ടക്ടറുടെ ചിരിച്ചുകൊണ്ടുള്ള ചോദ്യത്തോടൊപ്പം തന്നെ ബസ്സും സ്റ്റാൻഡിലേക്ക് കയറി കഴിഞ്ഞിരുന്നു..അങ്ങനെ ആമുഖമായി പറഞ്ഞ തുപോലെ തന്നെ 'നമ്മെ ഒട്ടും ബാധിക്കാ ത്തതും സന്തോഷം നൽകാത്തതുമായതിനാൽ സൗകര്യപൂർവ്വം കണ്ടില്ലെന്ന് നടിച്ച ചില കാഴ്ച കളും അതിന്റെ പിന്നാമ്പുറങ്ങളും തേടിപ്പോയ ഞാൻ, നയന മനോഹരകാഴ്ചകളൊരുക്കി മാടിവിളിക്കുന്ന ഉല്ലാസ നൗകകൾ നങ്കൂര മിട്ട അഷ്ടമുടിയുടെ മനോഹര തീരത്തേക്ക് വന്നിറങ്ങി വീണ്ടും..'

അനീതിയുടെ അനന്തവിസ്മൃതിയിലാണ്ട ലോകത്ത് മനോഹരങ്ങളായ കാഴ്ചകൾ കണ്ടു ഇനിയും നമുക്ക് ഒരുപാട് യാത്രകൾ ചെയ്യാം.. പക്ഷേ എത്ര യാത്രകൾ ചെയ്താലും കാഴ്ചക ളുടെ ഒരു വശം മാത്രമല്ലേ കാണാൻ കഴിയു.. മറുവശം കാണണമെങ്കിൽ ഒരിക്കലെങ്കിലും ഇതുപോലെ തിരികെ നാം യാത്ര ചെയ്യണം.. നമ്മിലേക്ക് തന്നെ.. ■

# ഇന്ത്യയുടെ ആത്മാവ് തിരിച്ചുപിടിക്കാൻ ഒരു തീർത്ഥയാത്ര

ലേഖനം



അബ്ദുസ്സലാം വി.വി.

**സാ**രേ ജഹാം സേ അച്ഛാ, ഹിന്ദു സിതാൻ ഹമാരാ....... ലോകത്തെ ഏറ്റവും മികച്ച നാടാണ് നമ്മുടെ ഇന്ത്യ. നാം ലോകത്തിന്റെ ഏത് ഭാഗത്തായിരുന്നാലും എപ്പോഴും നമ്മുടെ മനസ്സ് ഇന്ത്യയിലായിരിക്കും. ഇന്ത്യയാകുന്ന പൂന്തോട്ടത്തിലെ വാനമ്പാടികളാണ് നാം ഓരോരുത്തരും. സ്വർഗ്ഗം പോലും അസൂയപ്പെടുന്ന മനോഹാരിതയാണ് നമ്മുടെ രാജ്യത്തിന്. ഗ്രീസ്, റോമാ, ഈജിപ്ഷ്യൻ സംസ്കാരങ്ങളൊക്കെ തകർന്നടിഞ്ഞിട്ടും, ഇന്ത്യയുടെ കൊടിയടയാളം, നമ്മുടെ സംസ്കാരം ഇന്നും നിലനിൽക്കുന്നു. ഇതിൽ എന്തോ ഒരു രഹസ്യമുണ്ട്. നമ്മുടെ ഇടയിലെ വൈവിധ്യങ്ങൾക്കിടയിലും നാം കാത്ത് സൂക്ഷിക്കുന്ന ഏകത്വമെന്ന മാസ്മരിക ശക്തി. നമ്മെ അടക്കി ഭരിച്ച വിദേശ ശക്തികൾക്ക് പോലും അതിനെ ഇല്ലാതാക്കാൻ കഴിഞ്ഞില്ല. എന്ന് നമ്മുടെ നാനാതത്വം ഇല്ലാതാകുന്നുവോ അന്ന് നമ്മുടെ ഏകത്വവും ഇല്ലാതാവും എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഏതൊരു ദേശസ്നേഹിയുടെയും സിരകളെ ത്രസിപ്പിക്കുന്ന വിഖ്യാത ഉറുദുകവി അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ ഈരടികൾ അവസാനിക്കുന്നത്.

വ്യത്യസ്ത മതവിശ്വാസമുള്ളവർ, വിവിധ ഭാഷ സംസാരിക്കുന്നവർ, വിഭിന്ന വേഷവും വ്യത്യസ്ത ശീലങ്ങളും വെച്ചു പുലർത്തുന്നവർ ഇങ്ങനെ അസംഖ്യം വൈജാത്യങ്ങൾക്കിടയിലും ഇന്ത്യ എന്ന ഒരു വികാരത്തിൽ ഒന്നായി ചേരുന്ന ഇന്ത്യ മഹാരാജ്യം ലോകത്തിന് എന്നും ഒരു വിസ്മയമായിരുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയെ ഭിന്നിപ്പിച്ച് ഭരിച്ച് അവസാനം വെട്ടിമുറിച്ച് വേർപ്പെടുത്തിയിട്ടും നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യയുടെ






മഹത്തായ പൈതൃകം വേരറ്റു പോയില്ല. ആ തായ് വേര് വീണ്ടും തളിർത്തു. ഇന്ത്യയിൽ നിന്നും വേറിട്ടുപോയ പാക്കിസ്ഥാൻ ഒരു മതാധിഷ്ഠിത രാജ്യമായി മാറിയിട്ടും, ഇന്ത്യ ഒരു മതേതര ജനാധിപത്യ രാജ്യമായി തന്നെ തുടരാനാണ് ഇന്ത്യൻ ദേശീയ നേതാക്കൾ തീരുമാനിച്ചത്. എല്ലാ ജാതിമത ഭാഷാ വൈവിധ്യങ്ങളെയും ഉൾക്കൊള്ളുന്ന ആ മഹത്തായ പാരമ്പര്യം ജവഹർലാൽ നെഹ്റു മുതൽ തുടർന്നുള്ള എല്ലാ ഭരണാധികാരികളുടെയും ഒരു പരിധി വരെ വാജ്പേയ് സർക്കാരിന്റെ കാലഘട്ടത്തിൽ പോലും ഇവിടെ നിലനിന്നിരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ സാംസ്കാരിക ചിഹ്നങ്ങളും പാരമ്പര്യങ്ങളും ഒന്നൊന്നായി നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്.

ഏകോദര സഹോദരങ്ങളായി കഴിഞ്ഞു കൂടിയിരുന്ന ഹിന്ദുവിനെയും മുസൽമാനെയും മറ്റ് മതവിഭാഗങ്ങളെയുമൊക്കെ പരസ്പരം തമ്മിലടിപ്പിച്ച് മതധ്രുവീകരണത്തിലൂടെ രാഷ്ട്രീയനേട്ടമുണ്ടാക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ രാജ്യത്ത് നടന്നു കൊണ്ടിരിക്കുന്നത്.

രാജ്യത്തിന്റെ പൈതൃകത്തെയും ജനാധിപത്യ അടിത്തറയെയും ഇല്ലായ്മ ചെയ്യാനുള്ള സംഘപരിവാർ പദ്ധതികളെ തുറന്നുകാട്ടാൻ ശ്രമിക്കുന്ന നേതാക്കളെയും പ്രസ്ഥാനങ്ങളെയുമെല്ലാം ദേശവിരുദ്ധരായി മുദ്രകുത്തുകയാണ്. രാജ്യത്തിന്റെ അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് വേട്ടയാടി അവരെ നിശബ്ദരാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന്റെ നാലാം തൂണായി പ്രവർത്തിക്കേണ്ട മാധ്യമങ്ങൾ ഭരണകൂടത്തിന് പി.ആർ വർക്ക് നടത്താനാണ് ശ്രമിക്കുന്നത്.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്നഭിമാനിക്കുന്ന നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളും ജനാധിപത്യ അടിത്തറയും തച്ചു തകർക്കാനുള്ള നീക്കത്തെ ചെറുത്ത് തോൽപ്പിക്കാനുള്ള ബാധ്യത രാജ്യത്തിന്റെ ഗതകാല പാരമ്പര്യത്തിലും പൈതൃകത്തിലും അഭിമാനം കൊള്ളുന്ന ഏതൊരു പൗരനുമുണ്ട്. വിദ്വേഷത്തിന്റെ വിഷവിത്തുകൾ വിതക്കുന്നതിനെതിരെ സാഹോദര്യത്തിന്റെ സ്നേഹഗാഥ മുഴക്കി രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത് ജോഡോ യാത്ര ഒരു മാറ്റത്തിന്റെ കുളിർ കാറ്റായി ഇന്ത്യൻ തെരുവോരങ്ങളെ തഴുകി എത്തുകയാണ്.

ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ രാജ്യത്തെ സാധാരണക്കാരുടെ നാവാകേണ്ട മുഖ്യധാരാ മാധ്യമങ്ങൾ ഇരകൾക്കൊപ്പം നിൽക്കാതെ വേട്ടക്കാർക്ക് വേണ്ടി നില കൊള്ളുകയും ഇരകൾക്കുവേണ്ടി വാദിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളുടെ ശബ്ദം അവഗണിക്കുകയും ചെയ്യുന്നത് കൊണ്ടാണ് ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ ഇങ്ങനെയൊരു ഉദ്യമത്തിനിറങ്ങേണ്ടി വന്നതെന്ന് രാഹുൽഗാന്ധി തന്നെ പറയുന്നു. മാത്രവുമല്ല സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ നേരിട്ട് കേൾക്കുക എന്നത് – ഗാന്ധിജിയുടെ മാതൃകയുമാണ്. ഗാന്ധിജി ഇന്ത്യൻ ജനസമൂഹത്തിന്റെ ആത്മാംശമായി മാറിയത് അത്തരമൊരു ജനസമ്പർക്ക സഞ്ചാരത്തിലൂടെയായിരുന്നു.

'ഒരുമിക്കുന്ന ചുവടുകൾ, ഒന്നാകുന്ന രാജ്യം' എന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ചു കൊണ്ടാണ് 2022 സെപ്റ്റംബർ 7 ന് തമിഴ്നാട്ടിലെ കന്യാകുമാരിയിൽ നിന്നും ഭാരതത്തെ ഒന്നിപ്പിക്കുക (ഭാരത് ജോഡോ) എന്ന മഹത്തായ ലക്ഷ്യവുമായി ഭാരത് ജോഡോ യാത്ര ആരംഭിച്ചത്.

രാജ്യത്തിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുക എന്നതിനോടൊപ്പം വിലക്കയറ്റം, തൊഴിലില്ലായ്മ, വർദ്ധിച്ചു വരുന്ന സാമൂഹ്യപ്രശ്നങ്ങൾ, ജനാധിപത്യ ധ്വംസനം, വിദ്വേഷരാഷ്ട്രീയം തുടങ്ങിയ വിഷയങ്ങൾ ചർച്ചയാക്കി ജനങ്ങളിലേക്കെത്തിക്കുകയെന്നതാണ് ജാഥയുടെ പ്രധാന ലക്ഷ്യം. കോൺഗ്രസ് പ്രസ്ഥാനത്തിന് കൂടുതൽ സ്വീകാര്യതയുള്ള കേന്ദ്രങ്ങളെ ഉത്തേജിപ്പിച്ച് ദേശീയതലത്തിൽ പാർട്ടിയെ ശക്തിപ്പെടുത്തി 2024 ലെ പൊതു തെരഞ്ഞെടുപ്പിൽ ഫാസിസ്റ്റ് ശക്തികൾക്കെതിരായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകാനും ഈ ഉദ്യമം ലക്ഷ്യമിടുന്നു.

തമിഴ്നാട്ടിലെ കന്യാകുമാരിയിൽ നിന്നും ആരംഭിച്ച കാൽനടജാഥ 3570 കി.മീ. ദൂരം പിന്നിട്ട് 146 ദിവസങ്ങൾ കൊണ്ട് ജമ്മുകാശ്മീരിലെ ശ്രീനഗറിലാണ് സമാപിക്കുന്നത്. ലോകത്ത് തന്നെ



അധികം സമാനതകളില്ലാത്ത 5 മാസക്കാലം നീണ്ടുനിൽക്കുന്ന ഐതിഹാസികമായ ഈ പദയാത്ര ഉത്തർപ്രദേശ് ഉൾപ്പെടെ ഇന്ത്യയിലെ 13 സംസ്ഥാനങ്ങളിലൂടെ കടന്ന് പോകുന്നു. ഇതിനിടയിൽ 22 നഗരങ്ങൾ കേന്ദ്രീകരിച്ച് വൻ ബഹുജന റാലികൾ നടക്കുന്നു. രാവിലെ 7 മുതൽ 11 വരെയും വൈകുന്നേരം 4 മുതൽ 7 മണി വരെയും ഒരു ദിവസം 25 കി.മീറ്ററോളം ദൂരം ജാഥ സഞ്ചരിക്കുന്നു. ഇതിനിടയിലെ ഇടവേളകളിൽ വിവിധ മേഖലയിലുള്ള തൊഴിലാളികൾ, കർഷകർ, യുവാക്കൾ, സാംസ്കാരിക നായകർ തുടങ്ങിയവരുമായി ജാഥാ ക്യാപ്റ്റൻ കൂടിക്കാഴ്ചകൾ നടത്തുന്നുണ്ട്.

ഓരോ കേന്ദ്രങ്ങൾ പിന്നിടുമ്പോഴും ജാഥയുടെ സ്വീകാര്യതയും ജനപങ്കാളിത്തവും കൂടി വരുന്നതായാണ് കാണുന്നത്. രാഹുലിനോടൊപ്പം ഒരു ചുവടെങ്കിലും നടക്കാനും അദ്ദേഹത്തെ ഒന്നാശ്ലേഷിക്കാനും ജാഥയിൽ കണ്ണികളാകാനും അതുവഴി ഫാസിസത്തിനെതിരായ പോരാട്ടത്തിന് ശക്തി പകരാനും ആളുകൾ മത്സരിക്കുന്ന പ്രതീക്ഷാനിർഭരമായ കാഴ്ചകളാണ് എല്ലാ സ്വീകരണ കേന്ദ്രങ്ങളിലും കാണുന്നത്. സമൂഹത്തിന്റെ ഏറ്റവും താഴെക്കിടയിലുള്ള സാധാരണക്കാരായ തൊഴിലാളികൾ മുതൽ ഇടത്തരക്കാരായ കർഷകർ, വ്യാപാരികൾ, സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ, മറ്റ് പൗരപ്രമുഖർ തുടങ്ങി ജാഥയുടെ ഭാഗമാകാൻ എത്തിച്ചേരുന്നവരൊക്കെ രാജ്യത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ പങ്കു വയ്ക്കുന്നു.

റിസർവ് ബാങ്ക് മുൻ ഗവർണർ രഘുറാം രാജൻ, നാവികസേനാ മുൻ മേധാവി അഡ്മിറൽ രാംദാസ് റോയുടെ മുൻ മേധാവിയും വാജ്പേയ് സർക്കാരിന്റെ കാശ്മീർ കാര്യ ഉപദേശകനുമായിരുന്ന അമർജിത്ത് സിംഗ് ഭൂലത്, ബോളിവുഡ് അഭിനേതാക്കളായ പൂജാഭട്ട്, സ്വര ഭാസ്കർ, റോയുടെ മുൻ മേധാവി, മഹാത്മാഗാന്ധിയുടെ കൊച്ചുമകൻ തുഷാർ ഗാന്ധി, പ്രമുഖ നടനും രാഷ്ട്രീയ നേതാവുമായ കമലഹാസൻ, ജാതിവിവേചനത്തിന്റെ രക്തസാക്ഷി രോഹിത് വെമൂലയുടെ മാതാവ് രാധിക വെമൂല, പരിസ്ഥിതി പ്രവർത്തക മേധാപട്കർ, പ്രമുഖ അഭിഭാഷകനും പൗരാവകാശ പ്രവർത്തകനുമായ പ്രശാന്ത് ഭൂഷൺ തുടങ്ങി വിവിധ തുറകളിൽ നിന്നുള്ള പ്രശസ്തരും അല്ലാത്തവരുമായ നിരവധി പേരാണ് ജാഥയുമായി സഹകരിക്കാനെത്തി ചേരുന്നത്. രാഹുൽ ഗാന്ധിയെയും കോൺ ഗ്രസിനെയും അത്ഭുതപ്പെടുത്തുന്ന പിന്തു ണയാണ് ഓരോ ദിവസം കഴിയുംതോറും ജാഥയ്ക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. രാജ്യത്ത് ഒരു മാറ്റം ആഗ്രഹിക്കുന്നവർക്ക് ഈ മുന്നേറ്റം നൽകുന്ന ആത്മവിശ്വാസം അപാരമാണ്. ഭാരത് ജോഡോ യാത്രയിലുടനീ ളം ഇന്ത്യൻ തെരുവോരങ്ങളിൽ മുഴങ്ങി കേൾക്കുന്നത് സ്നേഹ വിപ്ലവഗാഥകളാണ്. 'വിദ്വേഷത്തിന്റെ അങ്ങാടിയിൽ സ്നേഹത്തിന്റെ കട തുറക്കുകയാണ്' എന്ന രാഹുൽഗാന്ധിയുടെ പരാമർശം അന്വർത്ഥമാക്കുന്ന സ്വീകാര്യതയാണ് ഈ ചുവടുവയ്പുകൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്.

ഭാരത് ജോഡോ യാത്രയ്ക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന അംഗീകാരത്തിൽ വിറളി പൂണ്ട കേന്ദ്രഭരണകൂടവും ബി.ജെ.പി യും യാത്രയെ തടസ്സപ്പെ ടുത്താനും യാത്രയ്ക്കെതിരെ അവമതിപ്പുണ്ടാക്കാനും പരമാവധി ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഭാരത് ജോഡോ യാത്ര കേന്ദ്ര ഭരണ സിരാകേന്ദ്രമായ ഡൽഹിയിലേക്ക് കടക്കുന്നത് തടയുകയായിരുന്നു ഭരണകൂടത്തിന്റെ ലക്ഷ്യം. അതിനായി കോവിഡ് കാർഡിറക്കിയുള്ള കളി രാഹുൽ ഗാന്ധിയുടെ നിശ്ചയദാർഢ്യത്തിന് മുന്നിൽ വിലപ്പോയില്ലെന്ന് മാത്രം.



രാഹുൽഗാന്ധിക്കെതിരെ ബി.ജെ.പി. ഉയർത്തുന്ന അധിക്ഷേപങ്ങളൊന്നും അദ്ദേഹത്തെ തളർത്തുന്നില്ല. രാഷ്ട്രീയ എതിരാളികൾ രാഹുലിനെതിരെ ഉന്നയിച്ച ആരോപണങ്ങളുടെ പൊള്ളത്തരം തുറന്ന് കാട്ടാൻ ഭാരത് ജോഡോ യാത്ര ഒരു നിമിത്തമായി എന്ന്

പറയാം. രാഹുൽ ഗാന്ധി സ്വന്തം രാഷ്ട്രീയ ഐഡിയോളജിക്ക് വേണ്ടി അധ്വാനിക്കാത്ത നേതാവാണെന്നും രാഷ്ട്രീയ ഒളിച്ചോട്ടം നട ത്തുന്ന ആളാണെന്നും ഭാരത് ജോഡോ യാത്ര വടക്കെ ഇന്ത്യയിൽ എത്തുന്നതിന് മുമ്പെ രാഹുൽ ജാഥ വഴിയിൽ ഉപേക്ഷിച്ചു പോകും എന്നൊക്കെയായിരുന്നു ആക്ഷേപങ്ങൾ. ഏറെ കാലത്തിനുശേഷം വളരെ വിപുലമായി തന്നെ നടന്ന കോൺഗ്രസിന്റെ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ പോലും ഇടപെടാതെയാണ് രാഹുൽ യാത്രയുമായി മുന്നോട്ട് പോയത്. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ പോലും രാഹുൽ ജാഥയിൽ നിന്നും മാറി നിന്നില്ല. രാജ്യം സ്വാതന്ത്ര്യദിനാ ഘോഷത്തിൽ മുഴുകിയിരുന്ന അസുലഭ നിമി ഷങ്ങളിൽ പോലും നവഖാലിയിൽ വർഗ്ഗീയ കലാപ ഭൂമിയിൽ സാന്ത്വനവുമായി ഓടി നടന്ന ഗാന്ധിജിയുടെ ആത്മത്യാഗത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു ഏറ്റെടുത്ത ദൗത്യത്തോടുള്ള രാഹുലിന്റെ ഈ പ്രതിബദ്ധത. രാഹുലിനെതിരെയുള്ള സംഘപരിവാർ ജല്പനങ്ങളെ കുറിച്ച് തമിഴ്നാട് മുഖ്യമന്ത്രി സ്റ്റാലിൻ പറഞ്ഞ വാക്കുകൾ ഇവിടെ പ്രസ ക്തമാണ്. രാഹുലിന്റെ സംസാരം ചിലപ്പോൾ നെഹ്റുവിനെ പോലെയാണ്. നെഹ്റുവിന്റെ കൊച്ചുമകൻ അങ്ങനെ സംസാരിച്ചില്ലെങ്കിലെ അത്ഭുതമുള്ളൂ. മഹാത്മാഗാന്ധിയുടെയും നെഹ്റുവിന്റെയും അനന്തരാവകാശിയുടെ വർത്തമാനങ്ങളിൽ ഗോഡ്സെയുടെ പിൻ ഗാമികൾക്ക് കയ്പെ തോന്നൂ.

രാജ്യത്തെ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളും സാമൂഹ്യ സാംസ്കാരിക സംഘടന കളും പൗരപ്രമുഖരും ആക്ടീവിസ്റ്റുകളും സാധാരണക്കാരുമൊക്കെ പൊതുവിൽ ഭാരത് ജോഡോ യാത്രയെ ശുഭപ്രതീക്ഷയോടെ വരവേറ്റപ്പോൾ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ മേലങ്കിയണിഞ്ഞ് അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ സംഘപരിവാറിന് പരോ ക്ഷ പിന്തുണയൊരുക്കുന്ന ചില രാഷ്ട്രീയ കക്ഷികൾ പ്രത്യേകിച്ച് സി.പി.എം ഭാരത് ജോഡോ യാത്ര കേരളത്തിലെത്തിയപ്പോൾ അതിനെതിരെ നടത്തിയ കുപ്രചരണങ്ങൾ നിഷ്പക്ഷ ജനവിഭാഗങ്ങളെയും രാഷ്ട്രീയ നിരീക്ഷകരെയുമൊക്കെ അത്ഭുതപ്പെടുത്തുന്ന രീതിയിലുള്ളതായിരുന്നു. ജോഡോ യാത്ര രാജ്യത്തെ പ്രതിപക്ഷ കക്ഷികൾക്കോ, രാജ്യ ത്തിന്റെ സാംസ്കാരിക പൈതൃകത്തിലും പാരമ്പര്യത്തിലും അഭിമാനം കൊള്ളുന്നവർക്കോ എതിരായ ഒരു പരിപാടിയല്ല എന്ന കാര്യം വ്യക്തമായിട്ടും ബി.ജെ.പിയെ പോലും മറികട ക്കുന്ന രീതിയിലായിരുന്നു ഡി.വൈ.എഫ്. ഐ യുടെയും സി.പി.എം നേതാക്കളുടെയും അധിക്ഷേപങ്ങൾ. മറ്റ് ചില സംസ്ഥാനങ്ങളിൽ സി.പി.എമ്മിന്റെയും മറ്റ് ഇടതുപക്ഷ കക്ഷികളുടെയും ട്രേഡ് യൂണിയനുകളും മറ്റും ജാഥയെ അഭിവാദ്യം ചെയ്തുകൊണ്ട് പ്രകടനങ്ങൾ വരെ നടത്തി എന്ന കാര്യം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്.

ഭാരത് ജോഡോ യാത്രയ്ക്കിടയിൽ രാജ്യത്തുണ്ടായ ചില സുപ്രധാന രാഷ്ട്രീയ മാറ്റങ്ങളും ഈ ജനകീയ മുന്നേറ്റത്തിന്റെ ഉപോത്പന്നങ്ങളായി ഇന്ത്യയിലെ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വിലയിരുത്തുന്നു. ഹിമാചൽ പ്രദേശ് നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കേന്ദ്ര ഭരണകൂടം ഔദ്യോഗിക സംവിധാനങ്ങളെല്ലാം ദുരുപയോഗം ചെയ്ത്, പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ട് പ്രചരണം നടത്തിയിട്ടും ഹിമാചൽപ്രദേശിൽ അവർക്ക് ഭരണം നിലനിർത്താൻ കഴിഞ്ഞില്ല. ബി.ജെ.പി യെ അട്ടിമറിച്ച് കോൺഗ്രസ് ഹിമാചൽ പ്രദേശ് പിടിച്ചെടുത്തു.

ആര് എന്തൊക്കെ പറഞ്ഞാലും ഇന്ത്യയുടെ വർത്തമാനകാല രാഷ്ട്രീയാ ന്തരീക്ഷത്തിൽ ശക്തമായ ചില വേലിയേറ്റങ്ങൾ സൃഷ്ടിക്കാൻ ഭാരത് ജോഡോ യാത്രയ്ക്ക് കഴിഞ്ഞുവെന്നത് വ്യക്തമാണ്. രാജ്യത്തിന്റെ ഗതകാല പാരമ്പര്യത്തെയും മൂല്യങ്ങളെയും ചവിട്ടി മെതിച്ച് രാജ്യം ഭരിക്കുന്ന ഫാസിസ്റ്റ് ശക്തികളെ അമ്പരപ്പിക്കാനും രാജ്യത്തിന്റെ മഹത്തായ പൈതൃക സ്വത്വം വീണ്ടെടുക്കാൻ ആഗ്രഹിക്കുന്ന പ്രതിപക്ഷ പ്രസ്ഥാനങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും രാജ്യത്ത് ശാന്തിയും സമാധാനവും പരസ്പര സ്നേ ഹവും പുലർന്ന് കാണാൻ കൊതിക്കുന്ന ജനസഞ്ചയത്തിന് പുതിയൊരു പ്രതീക്ഷ നൽകാനും ഭരണകൂടത്തിന്റെ അച്ചാരം പറ്റി ജനകീയ പ്രശ്നങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്ന രാജ്യത്തെ മുഖ്യധാരാ മാധ്യമങ്ങളുടെ ഒളിച്ചു കളികളെ തുറന്നു കാട്ടാനും ഈ രാഷ്ട്രീയ മുന്നേറ്റത്തിന് സാധിച്ചിട്ടുണ്ട്. ഭാരത് ജോ ഡോ യാത്ര ഇന്ത്യൻ രാഷ്ട്രീയത്തിൽ പുതിെ യാരു വഴിത്തിരിവാകും എന്ന് തന്നെയാണ് പ്രതീക്ഷിക്കപ്പെടുന്നത്. മാത്രവുമല്ല ജോഡോ യാത്ര കടന്നു പോയിട്ടില്ലാത്ത സംസ്ഥാനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹാത്സെ ഹാത് ജോഡോ യാത്രയും പ്രിയങ്കാ ഗാന്ധിയു ടെ നേതൃത്വത്തിൽ ഒരു മഹിളാ യാത്രയും സംഘടിപ്പിക്കാനുള്ള ആലോചനകളും പാർ ട്ടിയിൽ സജീവമായി നടന്നുകൊണ്ടിരിക്കുന്നു. ജോഡോ യാത്രയും അനുബന്ധ രാഷ്ട്രീയ മുന്നേറ്റങ്ങളും മഹാത്മജി വിഭാവനം ചെയ്ത മതേതര ജനാധിപത്യ മൂല്യങ്ങളധിഷ്ഠിതമായ ഒരു ക്ഷേമരാജ്യ പുനഃസൃഷ്ടിക്ക് കരുത്ത് പക രും എന്ന ശുഭപ്രതീക്ഷയിലാണ് രാജ്യത്തെ ജനാധിപത്യ വിശ്വാസികൾ. ■

കവിത



# യാത്രയുടെ ഉൾക്കാഴ്ചകൾ



സഞ്ജിത്ത് വി.

അമ്മ നാടിന്റെ മൃണ്മയ[1] ചുംബന-
മേറ്റു വാങ്ങുക, നഗ്ന പാദങ്ങളിൽ.
മായമില്ലാത്ത മന്ദഹാസത്തിലും
നിശ്ചയ ദാർഢ്യമാർന്ന കാൽവയ്പിലും
നോക്കി നോക്കി പ്രതീക്ഷ തൻ നെയ്തിരി-
നാളമായ് നിന്നെരിയുന്നു ഭാരതം.
ആ മനസ്സാക്ഷിയപ്പൊഴേ, നിന്നിലൂ-
ടോർത്തിരിയ്ക്കാം, കഴിഞ്ഞ നൂറ്റാണ്ടിലെ-
ത്തീ പടർന്ന സമര പന്ഥാവിലെ-
പോർമുഴക്കവും ധർമ്മ ധാവള്യവും
ആ മഹായാത്ര തൻ വർണ്ണ രാജിയി-
ലുള്ളതൊക്കെപ്പകർത്തൂ ഹൃദയമേ!
പൂർവ്വകാല പ്രതിസ്പന്ദമുണ്ടതിൽ
ഗാന്ധി ദർശനം പൂരിതമാണതിൽ
ഭാരതത്തിൻ മതേതര ഭാവി തൻ
ഭാനുവിചിപ്രഭാപൂരമുണ്ടതിൽ,
കൽത്തുറുങ്കിൽ തളയ്ക്കുവാനാവാത്ത-
അക്ഷരത്തിന്റെ പൈതൃകമുണ്ടതിൽ
ഒറ്റുകാരുടെ തോക്കിൽ നിറ പെയ്തു-
തോർന്ന നേരത്തു ഇന്ദിര തന്നന്ത്യ
ശ്വാസവേഗം പകർന്ന കരുത്തിൽ നി-
ന്നൂറും കർത്തവ്യ വാഞ്ചം കാണാമതിൽ
ഭാതൃഹന്താവൊളിഞ്ഞിരിക്കുന്നോരു-
പാതയാണെന്ന ബോദ്ധ്യമുണ്ടാവണം.
കൊഞ്ഞനം കുത്തി നാണമില്ലാതെ നി-
ന്നേതിളിഭ്യൻ വലിഞ്ഞു കൂവുമ്പൊഴും
അസ്വതന്ത്രമാമന്നത്തെയിന്ത്യതൻ
ചങ്ങലക്കണ്ണിയോരോന്നു പൊട്ടുന്നൊ-
രാ നിനാദം വഴിപ്പാട്ടുമായ് വരും,
കാതു കൂർപ്പിച്ചു തന്നെ മുന്നേറണം.
അർദ്ധ രാത്രിയെ വാറ്റിക്കുടിച്ചാഴ-
മേറിയേറി ത്രസിച്ച സമുദ്രത്തി-
ന്നുത്സംഗമേറി നീന്തി നീരാടിയാ-
രാൺകിടാവേ, കയറി നീ പോരിക
നൂറു കോടിയിലേറെ മനുഷ്യർ തൻ
ഹൃത്തടങ്ങളെ സാമ്രാജ്യമാക്കുക
അന്നതേ നേരം, ശീത മേടയ്ക്കുള്ളിൽ
പാഴ്സ്വരൂപമായ് ഞെട്ടിയുണർന്നൊരാൾ
കേസരിയുടെ നിശ്ചലച്ഛായയിൽ
ചേർന്നു നിന്നു പടം പിടിച്ചാ ജളൻ[2]
ശംഖനാദത്തെ ഓരിയാൽ നേരിടാ-
മെന്നുറച്ച തരം താണ ജംബുകൻ,
വിറളി പൂണ്ടൊരാ ഭീരുക്കിഴവന്റെ-
വയറിളകിയാൽ കാഞ്ചനമാണെന്ന്
അടിയുറച്ചു വിശ്വസിക്കുന്നവർ-
ക്കടി പതറുന്ന കാലം വരും വരും
രക്തസാക്ഷിയെത്തിന്നു ജീവിക്കുന്ന-
രക്തരക്ഷസ്സായ് മാറി മാർക്സിസ്റ്റുകൾ.
അപ്രസക്തി തൻ നീണ്ട മൺ പാതയിൽ
ചാവു കോലമായ് നിന്നുറഞ്ഞാടുന്നു.
വർഗ്ഗ ശത്രുവിന്നെച്ചിലും ഭക്ഷിച്ചു
തന്നണികൾക്കു നേർക്കാണതിൻ കുര
അവരഴിഞ്ഞാടുമീറൻ നിലങ്ങളിൽ
തുടരെ, നിൻ കാൽ പതിഞ്ഞാവു സ്നേഹിതാ
ധാർഷ്ട്യ ലാവയുറഞ്ഞ ശിലാ ശിരോ-
ദർപ്പനാഡിക്കു സാന്ത്വനമേകുവാൻ
തോക്കുമായ് നിന്ന ബ്രിട്ടീഷുകാരന്റെ
നേർക്കു കൂസാതടുത്ത താളത്തിൽ നീ
പത്തരമാറ്റുപൊൻ ചരിത്രധ്വജം
വീശിയൊന്നു നടന്നടുത്താൽ മതി
ഈ പിഴയ്ക്കാത്ത കാലടിപ്പാടുകൾ.
നെയ്തെടുക്കട്ടെ നാളത്തെയിന്ത്യയെ.
വർഗ്ഗദ്വേഷ വിഷം വിളമ്പുന്നവർ
കോടികൾ നേടിച്ചീർത്തധികാരത്തിൻ
വീഞ്ഞു മോന്തിക്കൊഴുത്തൊരങ്ങാടിയിൽ
സ്നേഹ പീടിക നീ തുറന്നീടവേ.
നാലു ചുറ്റിലു, സാഗരവീചിപോ-
ലോടിയെത്തുന്നു പുത്തൻ തലമുറ.

1 – മണ്ണു പുരണ്ടത്, 2 – നാണമില്ലാത്തയാൾ



# സഹയാത്രികരില്ലാത്ത ബോഗി



വനജ

ഝുക് ഝുക് ഝുക്
എന്ന താളമാണുള്ളിൽ.
നടപ്പിൽ, മിടിപ്പിൽ
കിതപ്പിൽ, വിയർപ്പിൽ.
പക്ഷികൾ കണ്ടിട്ടു
പുഞ്ചിരി തൂകുന്നു.
'ചിറകു കുടഞ്ഞൊന്ന്
നിർത്തി പറക്കുക,
സമയത്തിനെത്താൻ
അതേയുള്ളു മാർഗ്ഗം '
എന്നവർ കുറുകുന്നു,
കൂടെപ്പറക്കുന്നു.
അവസാനം ഒരു കരട്
രൂപപ്പെടുത്തുവാൻ
നിന്നതാണെല്ലാം
സങ്കീർണ്ണമാക്കിയത്.
ഒപ്പിട്ടു വാങ്ങിയതു
മേശയിൽ വെച്ച്,
ഓഫീസുപൂട്ടിയിറങ്ങു -
വാൻ വൈകി.
വണ്ടി പുറപ്പെടാൻ
ഇനിയുമൊരു നിമിഷം
ബാക്കിയുണ്ടെന്നതാ -
ണൊരു ചെറിയ ഭാഗ്യം.
പ്ലാറ്റ്ഫോമിലൂടെ ഞാൻ
ഓടിക്കിതച്ചെത്തി.
വണ്ടി വിടുന്നതിൻ
മുമ്പു ചാടിക്കയറി.
എ സി യിലാണയ്യോ!
സീസണാണെൻ കൈയിൽ.
നിയമമൊരിക്കലും
ലംഘിച്ചിടാത്തെന്റെ
ഉള്ളിലൊരു വെപ്രാളം
അറിയാതുയർന്നു.
പണമില്ല ബാഗിൽ
പിഴയടച്ചീടാൻ.
വാതിലിനരികിലേ നിന്നു
ഞാൻ ഭയമോടെ.
ടി ടി ആർ വന്നു
പരിശോധനയ്ക്കായ്.
'സീസണാണറിയാതെ
കേറിയതാണു ഞാൻ.
മാപ്പാക്കണം, വണ്ടി
നിന്നാലിറങ്ങിടാം'.
അത്ഭുതപ്പെട്ടു ഞാൻ
ആ മുഖം കണ്ടപ്പോൾ.
പുഞ്ചിരി മായാതെ
പറയുന്നു ദയയോടെ.
' ഓടി വരുന്നത്
കണ്ടിരുന്നു ഞാനും,
സാരമില്ലുള്ളിൽ
കയറിയിരുന്നോളൂ'.
നിയമത്തിനും മുകളിൽ
മനുഷ്യത്വമുള്ളൊരാ
മനുഷ്യനെ മനസ്സാ
നമിച്ചു ഞാൻ സത്യത്തിൽ.
അറിയാതെ കൈവന്ന
താങ്ങിൽ ആനന്ദമായ്,
കുളിരാർന്ന മുറിയിൽ
പതുങ്ങിയിരുന്നു ഞാൻ.
'സ്ക്വാഡ് വന്നാലെന്നെ
പറയരുതെ'ന്നയാൾ
താക്കീതുപോലെ പ
റഞ്ഞതോർത്തെങ്കിലും,
മനസ്സേറെ ശാന്തമായ്,
സന്ധ്യ സുന്ദരമായി.
ഏറെ നാളായുള്ള
മോഹമാണുള്ളിൽ
ഗീതയിലെ ശ്ലോകം
ഹൃദിസ്ഥമാക്കീടുവാൻ.
ഗീതയെടുത്തു, തുടങ്ങി
ഞാൻ വായന.
സ്റ്റേഷനുകൾ അഞ്ചെട്ടു
പിന്നിട്ടു കാണും.
ടി ടി ആർ പിന്നെയും
എത്തുന്നു മുന്നിൽ.
മുന്നിലെ സീറ്റിൽ
ഇരുന്നു , വിശദമായ്
കുശലമന്വേഷിച്ചു.
സൗഹൃദഭാവത്തിൽ.
വിഷയദാരിദ്ര്യമേ
യില്ലാത്ത സംസാരം
വഴിതെറ്റി,'വിഷയ'
ത്തിലേയ്ക്കുകടക്കുന്നു.
ചങ്ങാത്തം വിട്ടിട്ടു
ശൃംഗാരമാകുമോ?
എന്നൊരാശങ്കയെൻ
ഉള്ളിൽ മുളപൊട്ടി.
ബോഗിയിൽ ആരെയും
കാണുന്നുമില്ലല്ലോ.
ഭോഗേച്ഛയോടെ
അടുത്തതാണോ അയാൾ?
സന്ധ്യയുടെ സൗന്ദര്യം
അസ്തമിച്ചിരുൾ വീണു.
മാനത്തു മിന്നൽ -
പ്പിണറുകൾ പുളയുന്നു.
വിഷയത്തിൽ നിന്നും
വ്യതിചലിച്ചീടാൻ.
കയ്യിലെ ഗ്രന്ഥം നിവർത്തി
ഞാൻ വീണ്ടും.
എന്തുവായിക്കുന്നു?'
എന്നയാൾ ചോദിച്ചു.
പിന്നെയതുവാങ്ങി
മറിച്ചു നോക്കീടുന്നു.
ഗീതയോ? ഈ ചെറു-
പ്രായത്തിലോ എന്ന്
പുസ്തകം മടിയിലേ-
യ്ക്കിട്ടയാൾ പോകുന്നു.
ബാഗിൽ നിന്നും ഓഷോ
പൊട്ടിച്ചിരിയ്ക്കുന്നു.
'എന്റെ ഫലിതങ്ങൾ
നിൻ ബാഗിലായതുകൊള്ളാം,
അല്ലെങ്കിലെല്ലാം
മാറിമറിഞ്ഞേനെ.'
'ഇല്ലോഷോ, താങ്കളെ
പരസ്യമായ് വായിയ്ക്കും
പെണ്ണിന്റെ തന്റേട-
മോർത്തവർ ഓടിടും. '
മറുവാദമൊന്നു പറഞ്ഞു
തർക്കത്തിനായ്.
എങ്കിലും ഗീതയെ
ചേർത്തു പിടിച്ചു ഞാൻ.

# നന്മുത്തുകൾ



ലത എൻ.

ഊരാക്കുടുക്കിൽ നിന്നും രക്ഷപ്പെടുത്തിയിട്ടുള്ള കുറെ ചിന്തകൾ. ഈ ചിന്തകളെല്ലാം എന്റേതാണോ എന്നു ചോദിച്ചാൽ അല്ല. എന്നിലൂടെ കടന്നുപോയ കാലങ്ങളുടെ മുത്തുകൾ സമർപ്പിച്ച സദ്വചനങ്ങളാണിവ. എല്ലാവരിലും നന്മയുടെ നന്മുത്തുകളുണ്ട്. തെളിഞ്ഞ വെള്ളത്തിൽ നീലാകാശത്തിന്റെ മനോഹാരിത ആസ്വദിക്കാനാകുന്നപോലെ തെളിഞ്ഞ മനസുകളിൽ നന്മയുടെ, സത്യസന്ധതയുടെ നന്മുത്തുകളുണ്ട്. അവയെ ഈശ്വരസാന്നിധ്യം എന്നും മനസാക്ഷി എന്നും പേരിട്ടു വിളിക്കാം.

ആംഗലേയ കാല്പനിക കവികളിൽ പ്രമുഖനായ വില്യം വേഡ്സ്വർത്ത് പറഞ്ഞതുപോലെ, സ്വർഗ്ഗത്തിൽ നിന്നും അമ്മയുടെ ഉദരത്തിലെത്തുന്ന കുഞ്ഞ് നന്മയുടെ നിറകുടമായിരിക്കും. എന്നാൽ അവൻ ഭൂമിയിലേയ്ക്ക് കടന്നുവന്ന് പ്രായം കടന്നു പോകുന്തോറും നന്മയിൽ നിന്നകന്ന് അഥവാ സ്വർഗ്ഗത്തിൽ നിന്നകന്നുപോകുന്നു. ഒരു തരത്തിൽ അത് ശരിയല്ലേ. സ്വർഗ്ഗമെന്നത് വേറൊരു സുന്ദര ലോകമാണെന്ന് തോന്നുന്നില്ല. അത് നമ്മൾ തന്നെ മെനഞ്ഞെടുക്കുന്ന ശാന്തിയും സമാധാനവും നിറഞ്ഞ നിമിഷങ്ങളാണ്. നിഷ്കളങ്കനായ ഒരു കുഞ്ഞ് പുഞ്ചിരിക്കുന്ന പോലെ മുതിർന്നവർക്ക് പുഞ്ചിരിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനർത്ഥം അവൻ സ്വർഗ്ഗത്തിൽ നിന്നകന്ന് ഭൂമിയുടെ അഗാധങ്ങളിൽ പതിച്ചുവെന്നല്ലേ.

''നമുക്ക് നാമേ പണിവതു നാകം നരകവുമതുപോലെ'' എന്ന ഉള്ളൂർ.എസ്.പരമേശ്വരയ്യരുടെ പ്രശസ്തമായ വരികൾ കടമെടുത്താൽ നമുക്ക് മനസ്സിലാകും സ്വർഗ്ഗവും നരകവും നാം തന്നെയാണ് നിർമ്മിക്കുന്നതെന്ന്. നാം നന്മ ചെയ്യുമ്പോൾ സ്വർഗ്ഗവും തിന്മ ചെയ്യുമ്പോൾ നരകവും സൃഷ്ടിക്കപ്പെടുന്നു. കൃത്രിമമായി ചലിച്ചുകൊണ്ടിരിക്കുന്ന ജീവിതത്തിൽ, സന്തോഷത്തിനും സമാധാനത്തിനും ഇടമില്ലാതെ എന്തിനെയോ ലക്ഷ്യം വച്ചുകൊണ്ട് ജീവിക്കുന്ന മനുഷ്യർ റോബോട്ടുകളായി പരിണമിക്കുകയല്ലേ. മനുഷ്യമൂല്യങ്ങളായ സത്യം, ധർമ്മം, അഹിംസ, നീതി, ശാന്തി, സ്നേഹം തുടങ്ങിയവയെ കൈമുതലാക്കിക്കൊണ്ട് ഈ ലോകത്തിൽ സ്വർഗ്ഗം പണിയാനെത്തിയ ശില്പികളാണ് മനുഷ്യർ. മെഴുകുതിരി കത്തി എരിഞ്ഞുകൊണ്ട് ലോകത്തിനു പ്രകാശം വീശുന്നതുപോലെ സ്വയം കത്തിയെരിഞ്ഞുകൊണ്ട് ഈ ലോകത്തെ പ്രകാശത്തിലേക്ക് നയിക്കേണ്ടവർ. പണ്ടുകാലത്ത് മുനിവര്യൻമാർ ഹിമാലയസാനുക്കളിലിരുന്ന് പ്രാർത്ഥിച്ചിരുന്നതും ഇതു തന്നെയാണ്.

''ഓം അസതോ മാ സദ്ഗമയാ  
തമസോ മാ ജ്യോതിർഗമയാ  
മൃത്യോർ മാ അമൃതംഗമയാ  
ഓം ശാന്തി ശാന്തി ശാന്തി'' .......

ഈ ലോകത്തെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നും സത്യത്തിലേക്കും മൃത്യുവിൽ നിന്നും ജീവനിലേയ്ക്കും നയിക്കണമേയെന്ന്. നാം നമ്മുടെ ജീവിതത്തിൽ നന്മ ചെയ്തുകൊണ്ട്, നമ്മുടെ ഉത്തരവാദിത്വങ്ങളും കടമകളും ധർമ്മങ്ങളും അനുഷ്ഠിച്ചുകൊണ്ട് മറ്റുള്ളവർ സ്നേഹിക്കുന്ന അംഗീകരിക്കുന്ന വ്യക്തികളായി തീരേണ്ടത് ആവശ്യമല്ലേ. എല്ലാവർക്കും അവരവരുടേതായ കടമകളുണ്ട് – മാതാപിതാക്കൾക്ക് മക്കളോട്, മക്കൾക്ക് മാതാപിതാക്കളോട്, അധികാരികൾക്ക് തൊഴിലാളികളോട്, തൊഴിലാളികൾക്ക് അധികാരികളോട്, കടലിന് കരയോട്, കരയ്ക്ക് കടലിനോട് – എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുകയല്ലേ.

മഴ പെയ്യുമ്പോഴാണ് നാം മഴയെക്കുറിച്ച് ഓർക്കുന്നത്. എന്നാൽ ആകാശത്തു നിന്നും വളരെ ആകാംക്ഷയോടെ ഭൂമിയിലെത്തുന്ന എല്ലാ മഴത്തുള്ളികളും ചിന്നിച്ചിതറി പോകാറില്ല. അവയിൽ ചിലത് ചിപ്പിയ്ക്കുള്ളിൽ അകപ്പെടാറുണ്ട്. അങ്ങനെ ചിപ്പിയ്ക്കുള്ളിൽ അകപ്പെട്ടു പോയ മഴത്തുള്ളികൾ കാലാന്തരത്തിൽ വിലയേറിയ മുത്തുകളായി മാറുന്നു. ഈശ്വരൻ ആകുന്ന സത്യത്തെ ഉള്ളിലേയ്ക്ക് ആവാഹിച്ചുകൊണ്ട് നാം ജീവിക്കുമ്പോൾ നമ്മോടുകൂടെ എല്ലാവരും ഉണ്ടാകും. നിസാരമായ മഴത്തുള്ളി മുത്തായി മാറിയതുപോലെ മനുഷ്യത്വ ഗുണങ്ങൾ ഉള്ളിൽ നിറച്ചു ജീവിച്ചാൽ നമുക്കും നല്ല വിലയേറിയ നന്മുത്തുകളായി മാറാൻ കഴിയും.

ഈശ്വരൻ എല്ലാവർക്കും തുണയായിരിക്കട്ടെ.

# നിന്റെ പിറന്നാളിന്റെ ഓർമ്മയ്ക്ക്



ജിതിൻ ജോസ്

**ചു**വന്ന പരവതാനി വിരിച്ച ആകാശം മെല്ലെ കറുത്തു തുടങ്ങിയപ്പോൾ വീടിനു മുമ്പിലുള്ള ഇടവഴിയിൽ നിന്നും കുട്ടികളെയും തോളിലെടുത്തുകൊണ്ട് അകത്തേക്ക് കയറിയതാണ്. ചില ദിവസങ്ങളിൽ നേരമിരുട്ടുവോളം ഞങ്ങൾ ഇടവഴിയിലൂടെ റോന്തു ചുറ്റും. അമ്പിളിമാമൻ പൊട്ടിപ്പോയല്ലോ, രാഹു തീർന്നോ...? ചിലപ്പോ തക്കുടു ചോദിക്കും. ദേവന്നല്ലോ, രാഹൂന്റെ വയറ് കീറിയാണോ പുറത്തുവന്നത് ? ചന്ദ്രൻ മേഘങ്ങൾക്കിടയിലൂടെ പുറത്തുവരുമ്പോ കുഞ്ഞു ചോദിക്കും. (കുഞ്ഞു അനിയത്തിയുടെ മകളാണ്). കുഞ്ഞുങ്ങളുടെ സംശയങ്ങൾക്ക് എന്നെകൊണ്ടാവും വിധം നുണയും കഥയും ചേർത്ത് വല്ലതുമൊക്കെ പറഞ്ഞുകൊടുക്കും. അവർ ചോദിക്കുന്ന നിയമസഭാ ചോദ്യങ്ങൾക്ക് എന്തെങ്കിലുമൊക്കെ മറുപടി കിട്ടണമെന്നേയുള്ളൂ. ഇന്ന് പക്ഷേ കുറച്ച് നേരത്തെ കുട്ടികളെയും കൊണ്ട് തിരിച്ചു കയറി. ചെയ്യാനുള്ള കാര്യങ്ങളെല്ലാം തീർത്തിട്ട് രാത്രി കുറച്ചു നേരമിരിക്കണം. ആ പഴയ ടേബിൾ ലാമ്പിനു കീഴിൽ.. കൃത്യമായി ഓർമ്മയില്ലെങ്കിലും ഒരു പത്തുപതിനൊന്ന് വർഷമായിക്കാണും.... നഴ്സിംഗിന്റെ ഇന്റേൺ ചെയ്തുകൊണ്ടിരുന്ന സമയത്താണെന്നു തോന്നുന്നു അവസാനമായി ഞാനാ ലാമ്പിനു കീഴിലിരുന്നത്. ഇപ്പോ വർഷങ്ങൾ കഴിഞ്ഞ് വീണ്ടും അത് പൊടി തട്ടിയെടുക്കുന്നതിന് ഒരു കാരണമേയുള്ളൂ... നാളെ എന്റെ തക്കുടുവിന്റെ പിറന്നാളാണ്.

ഭാര്യ അടുത്തുള്ള ഒരു ഹോസ്പിറ്റലിലാണ് ജോലി ചെയ്യുന്നത്. ഈയാഴ്ച നൈറ്റായതിനാൽ, പ്രാർത്ഥനയ്ക്കിടയിൽ കുട്ടികൾക്ക് ചോറ് കൊടുത്തിട്ട് അവൾ ടാറ്റായും പറഞ്ഞിറങ്ങി. ഞാൻ കുളിയും കഴിഞ്ഞ് താഴേയ്ക്ക് വന്നപ്പോഴേക്കും അവനുറങ്ങിയിരുന്നു. ചില ദിവസങ്ങളിൽ മാത്രമേ അങ്ങനെ സംഭവിക്കൂ. കുഞ്ഞുവാണ് സ്ഥിരം നേരത്തേയുറങ്ങാറ്. എന്നിട്ട് പാതിരാത്രി എണീറ്റ് നിലവിളിക്കുക, ബെഡ്ഡിൽ മുള്ളുക എന്നിവയൊക്കെയാണ് അവളുടെ സ്ഥിരം ഹോബി. ലാംമ്പ് പഴയത് തന്നെയാണെങ്കിലും ഇരിക്കുന്ന മേശയും കസേരയും മാറിയിട്ടുണ്ട്. ഇപ്പോ ആ മുറിയിൽ അപ്പച്ചനും അമ്മച്ചിയുമാണ് കിടക്കുന്നത്. ഞങ്ങൾ മുകളിലും. ഓൺ/ഓഫ് സ്വിച്ചുള്ള, തകിട് കൊണ്ടുള്ള ചതുരപ്പെട്ടിയും, ബൾബ് ഹോൾഡർ അടങ്ങിയ ഒരു സ്റ്റീൽ ക്യാപ്പും (ഇവ രണ്ടും ചുവപ്പു നിറമാണ്) തമ്മിൽ വേർതിരിക്കുന്ന ഇൻസുലേഷൻ വയർ ചുറ്റിയ ഒറ്റക്കമ്പിയുമാണ് ഇതിന്റെ പ്രധാനഘടകങ്ങൾ. ലാമ്പെടുത്ത് മേശപ്പുറത്തു വച്ച്, (മുകളിലെ മുറിയിലെ) പഴകി ദ്രവിച്ച ഇൻസുലേഷൻ ഉള്ള കമ്പി മെല്ലെ പൊക്കി, ബൾബിന്റെ പൊസിഷൻ ശരിയാക്കി. ഇളകിപ്പറിഞ്ഞ സ്വിച്ചും ഓണാക്കികൊണ്ട് ഞാൻ മെല്ലെ കണ്ണുകളടച്ചു. വർഷങ്ങൾ പിന്നിലേയ്ക്ക്... കാലചക്രം തിരിഞ്ഞ് 2017ലെത്തിയപ്പോൾ പെട്ടെന്ന് കണ്ണ് തുറക്കാൻ തോന്നി. ഇനി പുറകോട്ടു പോകണ്ട. ജീവിതത്തിന്റെ രണ്ടാം പകുതി ആരംഭിക്കുന്നത് എന്റെ കുഞ്ഞുങ്ങൾ ജനിച്ച ആ വർഷമാണ്. കണ്ണ് തുറന്ന് മുറിയാകെ നോക്കി. പിന്നിലെ കട്ടിലിൽ തക്കുടു കിടന്നുറങ്ങുന്നുണ്ട്. ടേബിൾ ലാമ്പിന്റെ വെളിച്ചം പേപ്പറിന്റെ പ്രതലത്തിനു ചുറ്റും വൃത്താകൃതിയിൽ നിഴൽ വീഴ്ത്തിയിരിക്കുന്നു. പേനയെടുത്ത് പേപ്പറിന് മീതെ പിടിച്ചു. പണ്ടെപ്പോഴോ, ഉപയോഗം കൊണ്ട് കാലപ്പഴക്കം വന്ന് തേഞ്ഞുതീർന്നതും, മറക്കാൻ ശ്രമിച്ചതുമായ അക്ഷരങ്ങളും വരികളും മനസ്സിൽ നിന്നും എന്നേ മാഞ്ഞെങ്കിലും, ഒരിക്കൽകൂടി അവയെ പുനർജ്ജീവിപ്പിക്കണമെന്ന് തോന്നി. എന്റെ തക്കുടുവിനേക്കുറിച്ചെഴുതാൻ. അവന്റെ പിറന്നാളായിട്ട്, ഒരു രണ്ടു വരിയെങ്കിലും ഒന്ന് കുറിച്ചിടാൻ....

എന്താണ് ഞാൻ അവനെപ്പറ്റി പറയേണ്ടത് ? ആറ് വർഷം മുമ്പ് ഇതുപോലൊരു രാത്രിയിൽ ഈ ലോകത്തിലേക്കവൻ പിറന്നു വീഴുമ്പോൾ എനിക്ക് പ്രത്യേകിച്ച് യാതൊരമ്പരപ്പും തോന്നിയിരുന്നില്ല. കുഞ്ഞുണ്ടായതിന്റെ excitement ൽ ഭാര്യയെ എടുത്തു പൊക്കിയില്ല. അവളുടെ നെറ്റിയിൽ ചുംബിച്ചില്ല. താനൊരു പിതാവായി എന്ന സത്യം ഉൾക്കൊള്ളാൻ പിന്നെയും ദിവസങ്ങളെടുത്തു. രാത്രിയുടെ യാമങ്ങളിൽ അവനു മാത്രമറിയാവുന്ന ചില കാരണങ്ങളാൽ വാവിട്ടു കരയുമ്പോൾ എന്റെ ഉറക്കം നഷ്ടപ്പെട്ടതിന് എത്രയോ തവണ നീരസം തോന്നിയിട്ടുണ്ട്. എന്നിട്ടും അവന്റെ അമ്മ പറഞ്ഞതനുസരിച്ച് അവനെന്നെ അപ്പാ എന്ന് വിളിച്ചു. പയ്യെപ്പയ്യെ ആ കുഞ്ഞിക്കാലുകൾ പിച്ചവെയ്ക്കാനും ഓടിക്കളിക്കാനും തുടങ്ങിയപ്പോഴും എന്റെ പിതൃഹൃദയം അചഞ്ചലമായി നിലകൊണ്ടു. പിന്നീടെപ്പോഴോ നിഷ്ക്കളങ്കമായ ആ കണ്ണുകളിൽ തന്നോടുള്ള ആശ്രയബോധത്തിന്റെ ഒരു കടൽ ദർശിച്ചപ്പോൾ മാത്രമാണ് എന്നിലെ പിതൃത്വം എത്രത്തോളം ശുഷ്കമായിരുന്നു എന്ന ആ വലിയ സത്യം ഞാൻ തിരിച്ചറിഞ്ഞത്. നന്ദി കുഞ്ഞേ നന്ദി. എന്റെയുള്ളിലും പിതൃസ്നേഹത്തിന്റെ ഒരു വറ്റാത്ത ഉറവ കാണിച്ചുതന്നതിന്. നിന്റെയീ പിറന്നാൾ ദിനത്തിൽ ഞാനെന്താണ് നിനക്ക് തരേണ്ടത് ? അപ്പയിനി പറയാൻ പോകുന്ന കാര്യങ്ങൾക്ക് വാക്കുകൾക്കപ്പുറം വലിയൊരർത്ഥമുണ്ടെന്ന് വലുതാകുമ്പോൾ എന്റെ മോൻ മനസിലാക്കണം. നാളെ എന്നത് യാഥാർത്ഥ്യത്തിനപ്പുറം വലിയൊരനിശ്ചിതത്വമാണെന്ന കാര്യം വിസ്മരിക്കാതെ തന്നെ തുടങ്ങട്ടെ.....

സ്നേഹം പ്രകടിപ്പിച്ച് ശീലമില്ലാത്ത നമ്മുടെ വീട്ടിൽ ചിരിക്ക് പുറകിൽ വേദനയുണ്ടെന്നും ദേഷ്യത്തിലും സ്നേഹമുണ്ടെന്നും മൗനത്തിനും വാക്കുകളുണ്ടെന്നും നീ മനസിലാക്കണം. ഏതു കാര്യവും ഒരു പരിധിക്കപ്പുറം മനസിലേയ്ക്ക് കയറ്റേണ്ടതില്ല. Accept as such. കൂട്ടുകാരെ തിരഞ്ഞെടുക്കുമ്പോഴും പൊതുജന മധ്യത്തിലും നീയെപ്പോഴും നീയായിരിക്കുക. ഇടപഴകുമ്പോൾ -ve energy കിട്ടുന്ന ഒരു relationships നേയും പ്രോത്സാഹിപ്പിക്കേണ്ടതില്ല. ഒറ്റപ്പെടുമെന്ന പേടികൊണ്ട് ഇക്കാര്യത്തിൽ ഒരു വിട്ടുവിഴ്ചയ്ക്കും തയ്യാറാവരുത്. നിന്നെ മനസിലാക്കുന്ന ഒന്നോ രണ്ടോ പേരെങ്കിലും മതി. നീ വലുതാവുമ്പോൾ നിന്റെ ചിന്താഗതിയിൽ വരുന്ന മാറ്റം നിന്നെ കുടുംബത്തിൽ നിന്നകറ്റി കൂട്ടുകാരുടെ ലോകത്തിലേയ്ക്ക് തിരിക്കുമായിരിക്കും. എങ്കിലും ഒരു നാൾ നമ്മുടെ കുടുംബമാണ് നമ്മുടെ സ്വന്തമെന്ന തിരിച്ചറിവ് നിന്റെ അപ്പൂപ്പ പറയും പോലെ നിനക്കുണ്ടാവണം. നിന്റെ മാറ്റങ്ങളെല്ലാം കണ്ടുകൊണ്ട് അടുത്തായാലും അകലെയായാലും ഞാനെന്നും ഇവിടെയുണ്ടാകും. കാരണം, ഈ അപ്പയും തിരിച്ചുവന്നത് നിന്റെ അപ്പൂപ്പയുടെ കരുതൽ ഒന്നുകൊണ്ട് മാത്രമാണ്. അതുപോലെ, നിനക്ക് തിരിച്ചുവരാനായി ഈ അപ്പയെന്നും നമ്മുടെ വീടിന്റെ പൂമുഖപ്പടിയിൽ നിൽപ്പുണ്ടാകും. നിനക്കെന്നും നന്മകൾ മാത്രം നേർന്നുകൊണ്ട്.

ഞാൻ പേന തിരിച്ച് പെൻസിൽ ബോക്സിലിട്ടു. സമയം ക്ലോക്കിൽ പുലർച്ചെ മൂന്ന് മണി. മുകളിലാകാശത്ത് ആരോ മുത്തുകൾ വാരിവിതറിയിരിക്കുന്നു. ആഴിപ്പരപ്പിലെ പവിഴപ്പുറ്റുകൾ പോലെ അവ പ്രകാശിക്കുന്നത് ഇപ്പോൾ കൂടുതൽ വ്യക്തമായിക്കാണാം. ചന്ദ്രനും രാഹുവും അവരുടെ മത്സരം അപ്പോഴും തുടരുന്നുണ്ടായിരുന്നു. അമ്പിളിയെ കാണുന്നുണ്ടോ എന്നറിയാൻ ഞാൻ വെറുതേ ജനൽവിരി മാറ്റിനോക്കി. ഇല്ല. കാണുന്നില്ല. പാവം അമ്പിളിയെ രാഹു വിഴുങ്ങിയത് തക്കുടു എങ്ങാനും അറിഞ്ഞാൽ അവൻ വിഷമിച്ചേനെ. ഞാൻ കട്ടിലിലേയ്ക്ക് നോക്കി. അവൻ സുഖമായി ഉറങ്ങുകയാണ്. പെട്ടെന്ന് മുഖത്തൊരു നീരസഭാവം വരുത്തിയിട്ട് അവനൊന്ന് തിരിഞ്ഞ് കിടന്ന് തലയിണയെ കെട്ടിപ്പിടിച്ചു. തണുക്കുന്നുണ്ടാകും. പുതപ്പ് ഏഴയലത്തുപോലുമില്ല. ഉറക്കത്തിൽ പുതപ്പ് തട്ടിമാറ്റിക്കളയുന്നത് അവന് പതിവാണ്. മുറിക്കുള്ളിൽ ജനൽപ്പാളി വഴി തണുപ്പ് അരിച്ചിറങ്ങുന്നു. ജനുവരി മാസമായതിനാൽ വെളുക്കാൻ നേരം ഇവിടെ അത്യാവശ്യം തണുപ്പുണ്ട്. ഫാൻ കുറച്ചിട്ടിട്ട് ഞാനവന്റെ അടുത്തേക്ക് ചെന്നു. കട്ടിലിന്റെ അറ്റത്തു കിടക്കുന്ന ബ്ലാങ്കറ്റ് നേരെയിട്ട് കൊടുക്കാൻ. ജനൽവിരിയിളക്കി കടന്നു വരുന്ന തണുത്ത കാറ്റിനോടൊപ്പം ഒളിച്ചുകടന്ന നിലാവ് അവന്റെ കവിളിൽ തലോടുന്നുണ്ടായിരുന്നു. അങ്ങനെ വീണ്ടും അമ്പിളി രാഹുവിനെ തോൽപ്പിച്ചിരിക്കുന്നു. പുറകിലൂടെ എത്തിനോക്കുന്ന നിലാവിനെ മറച്ചുകൊണ്ട് ഞാനവന്റെ കവിളത്തൊരുമ്മ കൊടുത്തിട്ട് മെല്ലെ പറഞ്ഞു.

■

## "HAPPY BIRTHDAY MY CHILD"

# 33-ാം സംസ്ഥാന സമ്മേളനം




PSCEA








എംപ്ലോയീസ്
അസോസിയേഷൻ
തിരുവനന്തപുരം































PSCEA





PSCEA



PSCEA







# സമഗ്ര ലൈംഗിക വിദ്യാഭ്യാസം?





ഡോ. സരിൻ പി. ഡോ. സൗമ്യ എസ്. സരിൻ

**ലൈം**ഗിക പ്രക്രിയയെ കുറിച്ച് മാത്രം പഠിപ്പിക്കുന്നതല്ല സമഗ്ര ലൈംഗിക വിദ്യാഭ്യാസം. അത് അതിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്. ലൈംഗികതയുടെ ജൈവശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവും വൈകാരികവും ഒക്കെ ആയുള്ള വിവിധ തലങ്ങളെ കുറിച്ച് കുട്ടികൾക്ക് ബോധ്യം വരുത്താൻ ഉതകുന്ന ഒരു ശാസ്ത്രീയമായ പാഠ്യരീതിയാണ് ഇത്. കണക്കും സയൻസും ഒക്കെ പോലെ നമ്മുടെ സ്കൂളുകളിൽ ഒരു വിഷയമായി പഠിപ്പിക്കേണ്ട ഒന്ന്. എന്നാൽ ഇന്ന് നമ്മുടെ സ്കൂളുകളിൽ അധ്യാപകർ പോലും ഇത്തരം വിഷയങ്ങൾ സംസാരിക്കാൻ മടിക്കുന്ന അവസ്ഥയാണ് പൊതുവെ ഉള്ളത്. അതെല്ലാം 'വീട്ടിൽ പോയി വായിച്ചോളൂ' എന്ന പല്ലവി ആണ് നമ്മൾ അധികവും സ്കൂളുകളിൽ കേൾക്കാറുള്ളത്. വീട്ടിൽ അച്ഛനമ്മമാരോ, അത് അതിലും കഷ്ടം. ഇതൊക്കെ മക്കളോട് സംസാരിക്കാമോ എന്ന ചിന്തയാണ് അധികം പേർക്കും. ഇതിന്റെ ഒക്കെ ഫലം എന്താണെന്നു എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഒരിക്കലും നമ്മുടെ കുട്ടികളിലെ കൗതുകത്തെ അടിച്ചമർത്താൻ നമുക്ക് സാധിക്കില്ല. അവർ ഇത്തരം കാര്യങ്ങളെ കുറിച്ചറിയാൻ സദാ താല്പര്യമുള്ളവരാകും. പ്രത്യേകിച്ച് കൗമാരപ്രായക്കാർ. ഇന്നത്തെ കാലത്തു അവർക്ക് അതിന് നമ്മുടെ യാതൊരു സഹായത്തിന്റെയും ആവശ്യമില്ല എന്നത് പ്രത്യേകിച്ച് പറയേണ്ടല്ലോ! യൂട്യൂബിലേക്കും പോൺ സൈറ്റുകളിലേക്കും അശാസ്ത്രീയമായ കാര്യങ്ങളിലേക്കും അവർ വഴുതി വീഴാൻ അധികം സമയമൊന്നും വേണ്ട. വികലമായ ലൈംഗിക കാഴ്ചപാടാകും ഫലം...

എന്തൊക്കെ ആണ് സമഗ്ര ലൈംഗിക വിദ്യാഭ്യാസത്തിൽ പഠിപ്പിക്കുന്നത്?

പ്രധാനമായും 8 ആശയങ്ങൾ ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അവ ഓരോന്നായി നമുക്ക് നോക്കാം.

**1. മാനുഷിക ബന്ധങ്ങൾ**

- കുടുംബം
- പ്രണയബന്ധങ്ങൾ
- പാരന്റിങ്
- പരസ്പര ബഹുമാനം, സ്നേഹം

നമുക്കറിയുന്ന പോലെ മനുഷ്യബന്ധങ്ങൾ ആണ് എല്ലാത്തിന്റെയും അടിസ്ഥാനം. വിവിധ തരത്തിലുള്ള ബന്ധങ്ങൾ നമുക്ക് ചുറ്റും കാണാൻ സാധിക്കും.വിവിധ തരത്തിലുള്ള കുടുംബങ്ങളെ കാണാൻ സാധിക്കും. ഉദാഹരണത്തിന് അച്ഛനും അമ്മയും മക്കളും അടങ്ങിയ കുടുംബങ്ങളുണ്ട്. ഡിവോഴ്സ് കഴിഞ്ഞു മക്കളെ തനിച്ചു പരിപാലിക്കുന്ന അച്ഛനും അമ്മയും അടങ്ങിയ കുടുംബങ്ങൾ ഉണ്ട്. അച്ഛനമ്മമാരിൽ ഒരാൾ മരണപ്പെട്ട കുടുംബങ്ങളുണ്ട്. അതുപോലെ തന്നെ ആണ് പാരന്റിങ്. ഓരോ കുടുംബങ്ങൾ വ്യത്യസ്തമാകുന്നത് പോലെ പാരന്റിംഗിലും വ്യത്യസ്തത ഉണ്ട്. ഇതിനെ കുറിച്ചെല്ലാം കുട്ടികളെ ബോധവാന്മാരാക്കുന്നതും ലൈംഗിക വിദ്യാഭ്യാസത്തിൽ അത്യാവശ്യമാണ്.

**2. അവകാശങ്ങൾ, മൂല്യങ്ങൾ, സംസ്കാരം**

ലൈംഗികതയിൽ നമ്മുടെ അവകാശങ്ങളെ പറ്റിയും നാം ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളെ പറ്റിയും നമ്മുടെ സംസ്കാരത്തെ പറ്റിയും ഇവിടെ പ്രതിപാദിക്കുന്നു.

**3. ജൻഡർ**

എന്താണ് ജെൻഡർ എന്നും ജെൻഡർ ഇക്വാലിറ്റി എന്തെന്നും ജെൻഡർ അടിസ്ഥാനമായുണ്ടാകുന്ന അതിക്രമങ്ങൾ എന്തെന്നും ഇവിടെ വ്യക്തമായി പറഞ്ഞു കൊടുക്കുന്നു.

**4. ലൈംഗിക അതിക്രമങ്ങളും സുരക്ഷയും**

കൺസെന്റ് അഥവാ സമ്മതം എന്നത് ലൈംഗികബന്ധത്തിൽ എത്രത്തോളം പ്രധാനമാണെന്ന് ഇവിടെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. ലൈംഗിക അതിക്രമങ്ങളെ എങ്ങിനെ തിരിച്ചറിയാമെന്നും ചെറുക്കാമെന്നും എങ്ങിനെ സുരക്ഷിതരായി ഇരിക്കണമെന്നും അവരെ ബോധവാന്മാരാക്കുന്നു.

**5. സ്കിൽ (Skill )**

ഇവിടെ ആണ് പരസ്പരബന്ധത്തിൽ നമ്മൾ ആർജ്ജിക്കേണ്ട ചില കഴിവുകളെ കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നത്. മുമ്പ് പറഞ്ഞ പോലെ ഒരു വ്യക്തിയുടെ സമ്മതം [consent] ലൈംഗിക ബന്ധത്തിൽ എത്രത്തോളം പ്രധാനപെട്ടതാണെന്നും ഇവിടെ പഠിപ്പിക്കുന്നു. വ്യക്തമായി ആശയവിനിമയം നടത്താനും പരസ്പര പിന്തുണ നൽകാനും ഒരാളോട് പറ്റില്ല ( നോ) എന്ന് പറയുന്നത് എങ്ങിനെ ആണെന്നും അത്തരത്തിൽ ഒരു 'നിരാകരിക്കൽ' നേരിടേണ്ടി വന്നാൽ അതിനെ എങ്ങിനെ പക്വതയോടെ നേരിടണം എന്നൊക്കെ കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ് ലക്ഷ്യം. ഇത് വഴി എങ്ങിനെ ഈ ബന്ധങ്ങളിൽ സുരക്ഷിതരായി ഇരിക്കാം എന്നവർക്ക് മനസ്സിലാകുന്നു.

**6. മനുഷ്യ ശരീര ഘടന**

ഇവിടെ ആണ് മനുഷ്യ ശരീരത്തെ കുറിച്ചും അതിന്റെ ഘടന, വികാസം എന്നിവയെ കുറിച്ചുമെല്ലാം പ്രതിപാദിക്കുന്നത്. നമ്മുടെ ആന്തരികവും ബാഹ്യവും ആയുള്ള ലൈംഗിക അവയവങ്ങളെ കുറിച്ചുള്ള അറിവും ഇവിടെ കുട്ടികൾക്ക് നൽകുന്നു.

**7. ലൈംഗികപരമായ പെരുമാറ്റങ്ങൾ**

ഇവിടെയാണ് ഒരാളുടെ ലൈംഗിക താല്പര്യങ്ങളെ പറ്റിയും അവരുടെ തിരഞ്ഞെടുപ്പിനെ പറ്റിയുമൊക്കെ വിശദമായി പറയുന്നത്..

**8. പ്രത്യുല്പാദന ആരോഗ്യം**

ഗർഭധാരണത്തെ കുറിച്ചും ഗർഭനിരോധനമാർഗ്ഗങ്ങളെ കുറിച്ചും ആർത്തവത്തെ കുറിച്ചും അപ്പോൾ സ്വീകരിക്കേണ്ട നല്ല ശീലങ്ങളെക്കുറിച്ചുമെല്ലാം ഇവിടെ വ്യക്തമായി പറഞ്ഞു കൊടുക്കുന്നു. എയ്ഡ്സ് പോലെയുള്ള ലൈംഗികരോഗങ്ങളും ഇവിടെ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

ഇത് കൂടാതെ ഒമ്പതാമത്തെ ഒരു വിഷയം കൂടി നമുക്ക് ഇതിൽ ഉൾപെടുത്താവുന്നതാണ്. അതാണ് ലൈംഗിക ബന്ധങ്ങളുമായി ബന്ധപെട്ട നിയമവ്യവസ്ഥിതികൾ. നമ്മുടെ നാട്ടിലെ അത്തരം നിയമങ്ങളെ പറ്റി നമ്മുടെ കുട്ടികൾ ബോധവാന്മാരാവേണ്ടത് അത്യാവശ്യമാണ്. ഉദാഹരണത്തിന് പോക്സോ ആക്റ്റും മറ്റും.

ഇപ്പോൾ മനസ്സിലായല്ലോ, സമഗ്ര ലൈംഗിക വിദ്യാഭ്യാസം എന്നത് എത്രത്തോളം ബൃഹത്തായ ഒരു വിഷയമാണെന്നത്.

ലൈംഗികത എന്നത് മനുഷ്യന് ഒഴിച്ച് നിർത്താൻ കഴിയാത്ത അവന്റെ ജൈവശാസ്ത്രപരമായ ആവശ്യകതയാണ്. അവിടെ ഉത്തരവാദിത്തത്തോടെ പെരുമാറാൻ അവരെ പ്രാപ്തരാക്കുകയാണ് ഇതിലൂടെ നാം ഉദ്ദേശിക്കുന്നത്.

നമ്മുടെ മക്കൾ ഡോക്ടറും എൻജിനീയറും മാത്രം ആയാൽ പോരല്ലോ, ജീവിക്കാൻ അറിയുന്ന നല്ല മനുഷ്യർ കൂടി ആവണ്ടേ?!

അയ്യേ... ഇതൊക്കെ ഈ ചെറിയ കുട്ടികളോട് എങ്ങിനെ പറയാനാ?

നമ്മുടെ ഒക്കെ ഉള്ളിൽ ഉള്ള ഒരു ചോദ്യമാണിത്, അല്ലെ? ലൈംഗിക വിദ്യാഭ്യാസം എന്നത് പരമാവധി പോയാൽ കൗമാരപ്രായമാകുമ്പോൾ! അതിനു മുമ്പേ സംസാരിച്ചു തുടങ്ങുന്നതിനെ പറ്റി നമുക്ക് അലോചിക്കാൻ പോലും വയ്യ അല്ലെ? സത്യത്തിൽ ഏത് വയസ്സ് മുതൽ ആണ് നമ്മൾ ലൈംഗിക വിദ്യാഭ്യാസം കൊടുക്കേണ്ടത്? അതിന്റെ ഉത്തരം എന്താണെന്നറിയാമോ – ജനിച്ച മുതൽ!

എന്താ ഡോക്ടറെ ഈ പറയുന്നേ? ഇച്ചിരി പോന്ന ഈ കുട്ടികൾക്കൊക്കെ എന്ത് മനസിലാവാന ? ഇതല്ലേ ഇപ്പോ നിങ്ങളുടെ മനസ്സിൽ വന്ന ചോദ്യം! തികച്ചും ന്യായമായ ചോദ്യം. ഇന്ന് നമുക്ക് അതിനെ പറ്റി തന്നെ ആവാം ചർച്ച, എന്താ?

ലൈംഗികത എന്നത് മനുഷ്യനിൽ ഗർഭാവസ്ഥ മുതൽ മരണം വരെ തുടരുന്ന, നമ്മുടെ വ്യക്തിത്വത്തിന്റെ ഭാഗമായ പ്രക്രിയയാണ്. അതുകൊണ്ട് തന്നെയാണ് ജനിക്കുന്ന കാലം മുതലേ ലൈംഗികതയെ കുറിച്ച് സംസാരിക്കണം എന്ന് പറയുന്നത്.

നിങ്ങൾ അടുത്തിടെ ഒരു വാർത്ത വായിച്ചത് ഓർമ്മയുണ്ടോ? സ്കൂളിൽ ഗുഡ് ടച്ച് എന്താണെന്നും ബാഡ് ടച് എന്താണെന്നും പഠി

പ്പിച്ചിരുന്നെന്നും അങ്കിൾ ചെയ്തത് ബാഡ് ടച് ആണെന്നും ഒരു മിടുക്കൻ കോടതിയിൽ മൊഴി നൽകി. അവന്റെ പ്രായം ഒമ്പത് വയസ്സായിരുന്നു. കോടതി പ്രതിയെ ശിക്ഷിച്ചു. ഈ സംഭവത്തിൽ നിന്നും നമ്മൾ എന്താ മനസ്സിലാക്കേണ്ടെ? ലൈംഗിക വിദ്യാഭ്യാസം എന്നത് കൗമാരപ്രായമാവുമ്പോൾ തുടങ്ങേണ്ട ഒന്നല്ല. ഓരോ പ്രായക്കാർക്കും അവരുടെ പ്രായത്തിനനുസരിച്ചു നമ്മൾ പറഞ്ഞു കൊടുക്കേണ്ട കാര്യങ്ങൾ ഉണ്ട്. അവ പ്രായത്തിനനുസരിച്ചു വ്യത്യസ്തമാണ്. പക്ഷെ ഈ അറിവുകളും ലൈംഗിക വിദ്യാഭ്യാസത്തിൽ പെടുന്നതാണ്. ചുരുക്കി പറഞ്ഞാൽ ഒരു കുഞ്ഞു ജനിക്കുന്നത് മുതൽ അവർ ഓരോ പ്രായത്തിലും അറിയേണ്ട ലൈംഗികമായ അവബോധം കൊടുക്കുന്ന രീതിയാണ് സമഗ്ര ലൈംഗിക വിദ്യാഭ്യാസം.

**കുട്ടികളോട് ആദ്യം സംസാരിച്ചു തുടങ്ങേണ്ടത് എന്താണ്? എപ്പോഴാണ്?**

സത്യത്തിൽ സംസാരത്തിനേക്കാൾ ശക്തി പ്രവൃർത്തികൾക്കുണ്ടെന്നു നമ്മൾ കേട്ടിട്ടില്ലേ? ലൈംഗിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ പ്രവർത്തികൾക്ക് വലിയ പ്രാധാന്യമുണ്ട്. കൈക്കുഞ്ഞുങ്ങളെ നമ്മൾ പരിപാലിക്കുന്ന സമയം മുതൽ തന്നെ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അടിത്തറ നമുക്ക് ഇട്ടു തുടങ്ങാം. എന്റെ ശരീരം എന്റെ മാത്രം ആണെന്നും അതിന്റെ പൂർണ്ണ അധികാരം തനിക്ക് മാത്രം ആണെന്നുമുള്ള ബോധം [ body autonomy ] ആണ് നമ്മൾ അവരിൽ ആദ്യം ഉണ്ടാക്കേണ്ടത്! അവരുടെ ഉടുപ്പ് മാറ്റി കൊടുക്കുന്ന സമയത്തും ഡയപ്പർ മാറ്റി കൊടുക്കുന്ന സമയത്തുമൊക്കെ അവരോട് അനുവാദം വാങ്ങുക. കേൾക്കുമ്പോൾ തമാശ ആയി തോന്നാം. ഇതൊക്കെ ചെയ്യുമ്പോൾ ഈ ഇച്ചിരി പോന്ന കുഞ്ഞിനോട് അനുവാദം വാങ്ങാനോ! പക്ഷെ തിരിച്ചൊന്നു ആലോചിച്ചു നോക്കിക്കേ, കാലക്രമേണ അത് അവരുടെ മനസ്സിൽ ഉണ്ടാക്കുന്ന ചിന്തകൾ എന്താവും?! തന്റെ സമ്മതം ഇല്ലാതെ ആർക്കും തന്റെ ശരീരത്തിൽ ഒന്നും ചെയ്യാൻ ഉള്ള അധികാരമില്ല എന്ന ആത്മവിശ്വാസാം അവർക്കുണ്ടാകും,. അല്ലെ? അതുപോലെ തന്നെ മറ്റൊരാളുടെ ശരീരത്തെ ബഹുമാനിക്കാനും അവരുടെ സമ്മത പ്രകാരം മാത്രമേ നമുക്ക് അവരെ സ്പർശിക്കാൻ പാടുള്ളു എന്നും നമ്മുടെ കുഞ്ഞുങ്ങൾ മനസിലാക്കുന്നു. ഇവിടെ സമ്മതം അഥവാ consent എന്ന വലിയൊരു പാഠം അവർ പഠിക്കുന്നു.

**അടുത്തത് എന്ത്?**

ഒരു ഒന്നര രണ്ടു വയസ്സാവുമ്പോൾ തന്നെ കുഞ്ഞുങ്ങൾ തങ്ങളുടെ ശരീര ഭാഗങ്ങളുടെ പേരുകൾ ഒക്കെ പറഞ്ഞു തുടങ്ങും. കണ്ണ് 'കയ്യ്, തല' എന്നിങ്ങനെ നമ്മൾ പഠിപ്പിച്ചു കൊടുക്കുന്നതിനനുസരിച്ചു അവർ ആദ്യം ചൂണ്ടി കാണിക്കുകയും പിന്നീട് പറഞ്ഞു തുടങ്ങുകയും ചെയ്യുന്നു. പക്ഷെ നമ്മളിൽ എത്ര അച്ഛനമ്മമാർ അവർക്ക് അവരുടെ സ്വകാര്യ ഭാഗങ്ങളുടെ പേരുകൾ പറഞ്ഞു കൊടുക്കാറുണ്ട്? ഇനി പറഞ്ഞാൽ തന്നെ പലപ്പോഴും അത് യഥാർത്ഥ പേരുകളുമാവില്ല അല്ലെ? ലൈംഗിക അവയവങ്ങൾക്ക് നമ്മൾ 'ഇച്ചീച്ചി' എന്നും 'ചൂച്ചു' എന്നുമൊക്കെ അല്ലെ മക്കൾക്ക് പറഞ്ഞു കൊടുക്കാറുള്ളത്?! എങ്കിൽ ആദ്യത്തെ മാറ്റം അവിടെ നിന്ന് തന്നെ ആകാം. അവർക്ക് മറ്റു ശരീര ഭാഗങ്ങൾ പറഞ്ഞു കൊടുക്കുന്നതിന്റെ കൂടെ തന്നെ അവരുടെ സ്വകാര്യ ഭാഗങ്ങളുടെ പേരുകൾ കൂടി പഠിപ്പിക്കുക. അതും കൃത്യമായ പേരുകൾ. മലയാളം പേരുകൾ ബുദ്ധിമുട്ടാണെങ്കിൽ അവയുടെ ഇംഗ്ലീഷ് പേരുകൾ പഠിപ്പിക്കാം.

**ഏതൊക്കെ സ്വകാര്യ ഭാഗങ്ങൾ:**

ചുണ്ട്, നെഞ്ച്, കാലിനിടയിലെ ഭാഗം, ഇവയാണ് നമ്മുടെ സ്വകാര്യഭാഗങ്ങൾ. ഒരു ചിത്രം വരച്ചു അത് നമുക്ക് കുട്ടികൾക്ക് പറഞ്ഞു കൊടുക്കാവുന്നതാണ്. പെൺകുട്ടികളുടെ കാലിനിടയിലുള്ള ഭാഗത്തിന് വൾവ [vulva] എന്നും ആൺകുട്ടികളിൽ അതിനെ പീനിസ് [ penis ] എന്നുമാണ് പറയുന്നതെന്നും അവർക്ക് പറഞ്ഞു കൊടുക്കാം. ഈ ശരീരഭാഗങ്ങൾ നമ്മുടെ സ്വകാര്യത ആണെന്നും ആർക്കും ഈ ഭാഗങ്ങളിൽ കുട്ടിക്ക് ഇഷ്ടമല്ലാത്ത രീതിയിൽ തൊടാൻ അവകാശമില്ലെന്നും പറഞ്ഞു കൊടുക്കണം.

അത് മാത്രമല്ല നെഞ്ച്, കാലിനിടയിൽ മുന്നിലും പിന്നിലും ഉള്ള ഭാഗങ്ങൾ ഡ്രസ്സ് കൊണ്ട് കവർ ചെയ്തു നടക്കുന്നതാണ് ഉചിതമെന്ന് പ്രത്യേകം പറഞ്ഞു മനസ്സിലാക്കി കൊടുക്കണം. അത് വീടിനുള്ളിൽ ആയാലും പുറത്തായാലും. അപരിചിതർക്ക് മുന്നിൽ ആയാലും ബന്ധുജനങ്ങൾക്ക് മുന്നിൽ ആയാലും അത് അങ്ങിനെ തന്നെ വേണം. വസ്ത്രമില്ലാതെ വീട്ടിൽ കുട്ടി നടക്കുന്ന ശീലം ആദ്യം മുതൽ തന്നെ തിരുത്തി കൊടുക്കാൻ ശ്രമിക്കാം. കുട്ടികളെ ഇത്തരത്തിൽ ശീലിപ്പിക്കുന്നത് അവരുടെ മനസ്സിൽ സ്വകാര്യത [privacy] എന്ന ചിന്ത ഉണ്ടാകാൻ സഹായിക്കും. കൂടെ അവർ മറ്റുള്ളവരുടെ സ്വകാര്യതക്കും വില കൊടുക്കാൻ തുടങ്ങും.

**ഡോ. സരിൻ പി. & ഡോ. സൗമ്യ എസ്. സരിൻ**



# ഒരു മറവിക്കഥ @7B


വി. ലോറൻസ്

ഓർമ്മവെച്ച നാൾ മുതൽക്കേ എന്റെ ഒരു ബലഹീനതയായിരുന്നു മറവി. ഓർത്തെടുക്കാൻ പ്രയാസമാണെങ്കിലും ഇതേപ്പറ്റി പറയാൻ പലതുണ്ട്. അതിൽ ശ്രദ്ധേയമായ ഒന്ന് 7–ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംഭവിച്ചതാണ്. പഴയ പ്രതിപക്ഷനേതാവിന്റെ നാട്ടിലെ മോഡൽ യു പി സ്കൂളിൽ ഓണപരീക്ഷ നടക്കുകയാണ്. അന്നത്തെ പരീക്ഷ ഇംഗ്ലീഷാണ്. നാട്ടുമ്പുറത്തെ സർക്കാർ സ്കൂളിലെ ഒരു സാധാരണ വിദ്യാർത്ഥിയായ എനിക്ക് ഇംഗ്ലീഷ് എന്നും ഒരു പേടി സ്വപ്നമായിരുന്നു.

ചോദ്യപേപ്പർ കണ്ടതേ കിളിപോയ അവസ്ഥ. കാണാതെ പഠിച്ച പദ്യത്തിലെ ചില വരികളും ഏതാനും ഉത്തരങ്ങളും എഴുതി, ഒരു പുറംപോലും തികഞ്ഞില്ല അപ്പോഴേക്കും എന്റെ പേനയിലെ മഷിയും തീർന്നു. കയ്യിലാണെങ്കിൽ വേറെ പേനയും ഇല്ല. അതേ പരീക്ഷാ ഹാളിൽ അഞ്ചാം ക്ലാസ്സിലെ സുരേഷ് പേനയും കറക്കി ഇരിക്കുന്നത് കണ്ടു. എന്റെ അയൽക്കാരനാണ്, ഞങ്ങളൊരു പ്രായവും. ഞാൻ നോക്കുന്നത് കണ്ടതേ അവൻ പേന നീട്ടി. അതും വാങ്ങി ചോദ്യപേപ്പറിലെ തന്നെ ചില വാക്കുകളും വാചകങ്ങളും ചേർത്ത് ചില ഉത്തരങ്ങൾ ഒപ്പിച്ചെഴുതി. (അതൊരു പ്രത്യേക ടെക്നിക് ആണ്, പ്രത്യേകിച്ച് ഇംഗ്ലീഷ്, ഹിന്ദി പരീക്ഷകൾക്ക്). രണ്ട് പുറമെങ്കിലും എഴുതി നിറയ്ക്കാൻ കഠിനപ്രയത്നം നടത്തിവരികെയാണ്, അപ്പോഴതാ സുരേഷ് പുറത്തിറങ്ങി നിൽക്കുന്നു. പേനയും വാങ്ങി പോകാനായി തിരക്ക് കൂട്ടുകയാണ്. അവൻ വലിയ മിടുക്കനായതുകൊണ്ട് വേഗം എഴുതി തീർത്തതാവും. മൂന്നിലും നാലിലും രണ്ട് കൊല്ലം വീതം പഠിച്ച മൊതലാണ്. ഒരു ക്ലാസ്സിലെ പാഠഭാഗമൊക്കെ ഒരു വർഷം കൊണ്ടൊന്നും നന്നായി പഠിച്ചു തീർക്കാൻ പറ്റില്ലെന്നാണ് അവന്റെ അഭിപ്രായം.

സുരേഷിനെ പറ്റി പറയുമ്പോൾ മറ്റൊരു കാര്യം ഓർമ്മ വരുന്നു. സ്വന്തം പെങ്ങള് സുധ തലചുറ്റി വീണത് കണ്ട് കോഴിക്കു വരുന്ന വസന്ത രോഗമാണോ ഇവൾക്കും എന്ന് അവന്റെ അച്ഛനോട് ചോദിച്ചതേ അവനോർമ്മയുള്ളൂ. അടികൊണ്ട് കണ്ണിൽ പൊന്നീച്ച പറന്നെന്നും ആ ഈച്ചയെ പിടിക്കാൻ സുരേഷ് ചാടിനോക്കിയെന്നും കണ്ടു നിന്ന അവന്റെ ചേട്ടൻ സുധീഷ് പറഞ്ഞ് കേട്ടു.

സുരേഷിനെ കണ്ട് എഴുത്തൊക്കെ നിർത്തി വേഗം ഉത്തരക്കടലാണ് വെച്ചെഴുതാൻ



കൊണ്ട് പോയ മംഗളം വാരികയും കയ്യിലെ ടുത്ത് പരീക്ഷാ ഹാളിൽ നിന്ന് ഞാൻ പുറത്തിറങ്ങി. പേന തിരികെ കൊടുത്ത് എന്താ ഇത്ര ധൃതി എന്ന് ദേഷ്യത്തോടെ ഒരു നാട്ടു ഭാഷയും കൂട്ടിച്ചേർത്ത് അവനോട് ചോദിച്ചു. അതുകേട്ടതും സുരേഷ് ഒരു മറുഭാഷയും പറഞ്ഞ് ഒരു പ്രത്യേക ''ഏക്ഷൻ'' കാണിച്ചു. നമുക്കീ ഏക്ഷനും റിയാക്ഷനും അത്ര വശമില്ലാത്തതിനാൽ ഞാൻ ഒന്നടങ്ങി. ഉച്ചകഴിഞ്ഞ് തോടു വറ്റിച്ച് മീൻ പിടിക്കുന്നുണ്ട്, വരുന്നുണ്ടോ എന്ന് സുരേഷ് സൗഹാർദ്ദപരമായി ചോദിച്ചു. പരീക്ഷയല്ലേ, അമ്മ വഴക്കു പറയും എന്നാലും നോക്കട്ടെ എന്നായി ഞാൻ.

വീട്ടിലെത്തി ഊണും കഴിഞ്ഞ് വെച്ചെഴുതാൻ കൊണ്ടുപോയ മംഗളം വാരികയും മറിച്ച് ജനാലയിലേയ്ക്ക് തലയണ ചാരിവെച്ച് കിടന്ന ഞാൻ പെട്ടെന്ന് ഞെട്ടി എഴുന്നേറ്റു. രാവിലെ എഴുതിയ ഇംഗ്ലീഷ് പരീക്ഷയുടെ ഉത്തരക്കടലാസ്സ് ദേ വാരികയ്ക്കകത്ത് ഇരിക്കുന്നു. ഉണ്ട ചോറ് അപ്പോഴേ ദഹിച്ചു. സുരേഷിന് പേന തിരികെ നൽകാൻ ധൃതിവച്ച് പരീക്ഷാ ഹാളിൽ നിന്നിറങ്ങിയപ്പോൾ ഉത്തരക്കടലാസ്സ് ടീച്ചറെ ഏൽപ്പിക്കാൻ മറന്നുപോയി. സൂപ്പർവിഷന് നിന്ന രമടീച്ചർ പരീക്ഷാ സമയം മുഴുവൻ ക്ലാസ്സിലെ അരമതിലിൽ ചാരി സോമൻ സാറുമായി വലിയ സംസാരമായിരുന്നു. അതുവഴി പോയ എച്ച്.എം ചോദിച്ചപ്പോൾ അടുത്ത ടേമിൽ പഠിപ്പിക്കേണ്ട പാഠഭാഗങ്ങൾ ചർച്ച ചെയ്യുകയാണെന്ന് അവർ പറയുന്നത് കേട്ടു. എന്നാലും ഇരുവരും ഇടയ്ക്കിടെ അമർത്തി ചിരിച്ചതെന്തിനാണാവോ. അതെന്തെങ്കിലുമാവട്ടെ, എന്റെ ഉത്തരക്കടലാസ്സ് വാങ്ങി വച്ചിട്ടും വല്യ വിശേഷമില്ലെന്നോർത്താവും, അല്ലാതെ ടീച്ചറുടെ ശ്രദ്ധക്കുറവൊന്നുമല്ല. പിന്നെ എനിക്ക് നല്ല ശ്രദ്ധയാണല്ലോ!

എന്തായാലും വിവരം അമ്മയെ ധരിപ്പിച്ചു. കേട്ടപാടെ അമ്മ കയ്യൊഴിഞ്ഞു. ഈ വക പരിപാടിയ്ക്കൊന്നും വക്കാലത്തിന് ഞാനില്ല എന്ന് നിഷ്ക്കരുണം പ്രസ്താവിച്ചതൊപ്പം ചാച്ചനെ വിളിച്ച് സ്കൂളടയ്ക്കുന്നതിനു മുമ്പ് പേപ്പർ കൊണ്ടു കൊടുക്കാൻ നോക്ക് എന്നൊരു ഉപദേശവും തന്നു. ചാച്ചൻ ജോലിയ്ക്ക് പോയില്ലേ എന്നായി ഞാൻ. ഇല്ല, കടവിൽ കാണും, വേഗം ചെല്ല്, അല്ലെങ്കിൽ വൈകിട്ടത്തെ പരിപാടിയ്ക്ക് പോയാൽ പിന്നെ ആളെ കിട്ടില്ലെന്ന് പറഞ്ഞത് കേട്ട് കടവിലേയയ്ക്ക് ഞാൻ വേഗം വച്ചു പിടിച്ചു. കടവിലെത്തി ചാച്ചനോട് കാര്യം അവതരിപ്പിച്ചു. പതിവ് നിസ്സംഗഭാവത്തിൽ എന്നാൽ പോയേക്കാം എന്നും പറഞ്ഞ് എന്നെയും കൂട്ടി സ്കൂളിലേയ്ക്ക് പോയി.

ഞങ്ങൾ നേരെ ടീച്ചേഴ്സ് റൂമിലെത്തി. അവിടെ രാജൻ സാറിനെ കണ്ടതും വയറ്റിൽ നിന്നും ഒരു അഗ്നിഗോളം മുകളിലേയ്ക്ക് വന്നു. സാറാണ് ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് പഠിപ്പിക്കുന്നതും. സാറിന്റെ നോട്ടം കാണുമ്പോഴേ പേടി തോന്നും. ചാച്ചനൊന്നും പറയാതെ എന്റെ നേരെ നോക്കി കാര്യം പറയാൻ ആവശ്യപ്പെട്ടു. ഒരു വിറയലോടെ വിക്കി വിക്കി ഞാൻ സാറിനോട് സംഭവങ്ങൾ പറഞ്ഞൊപ്പിച്ചു. കൂടെ തൊണ്ടി മുതലും ഹാജരാക്കി. കൂട്ടു പ്രതി സുരേഷിനെ കൂട്ടിക്കൊണ്ടു വരാമായിരുന്നു അതെങ്ങനെയാ, അവൻ വല്ല തോട്ടിലുമായിരിക്കും. മംഗളം വാരികയും ഉത്തരക്കടലാസ്സും ഒക്കെ കണ്ടപ്പോൾസാറിന് കാര്യം ബോധ്യപ്പെട്ടെന്ന് തോന്നി. ഞാൻ പൊതുവെ നിരുപദ്രവകാരിയായതും ഒക്കെ കണക്കിലെടുത്ത് അടി തരില്ലായിരിക്കും എന്ന് ഞാൻ വെറുതെ മോഹിച്ചു. സാറിന്റെ മുഖഭാവം അങ്ങനെ തോന്നിപ്പിച്ചു.

ഒരു മീറ്റർ നീളമുള്ള ചൂരൽ മേശപ്പുറത്ത് നിന്നും വലിച്ചെടുക്കുന്നത് കണ്ട് എന്റെ സർവ്വ ജീവനും പോയി. സീൻ കോൺട്രയായി. ഡാ എന്നും വിളിച്ച് എന്റെ നിക്കർ ഒരു കൈകൊണ്ട് പൊക്കിപ്പിടിച്ച് മെലിഞ്ഞുണങ്ങിയ എന്റെ തുട ലക്ഷ്യമാക്കി നിർദയം ആഞ്ഞുവീശി. വൺ.... ടു..... ത്രീ. വേദനകൊണ്ട് ഞാൻ പുളഞ്ഞു. ഒന്നുറക്കെ കരയാൻ കഴിഞ്ഞെങ്കിൽ, ചാച്ചനൊന്ന് ഇടപെട്ടിരുന്നെങ്കിൽ എന്ന് ആശിച്ചു. എന്തായാലും സാറ് അടി നിർത്തി എന്റെ ദയനീയത കണ്ടിട്ടാവണം. ഉത്തരക്കടലാസ്സ് വാങ്ങിയിട്ട് ഇനി മേലിൽ ആവർത്തിക്കരുതെന്നും, എന്നാൽ വിട്ടോ എന്നും പറഞ്ഞ് ഞങ്ങളെ യാത്രയാക്കി.

പിന്നീട് മറവി മൂലം പല അബദ്ധങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിലും എഴുതിയ ഒരു പരീക്ഷകളുടെയും ഉത്തരക്കടലാസ്സ് നൽകാതെ പരീക്ഷാ ഹാൾവിട്ടുപോയിട്ടില്ല. അധ്യാപകനായിരുന്ന കാലത്ത് സൂപ്പർവിഷന് നിൽക്കുമ്പോൾ എല്ലാവരുടെയും ഉത്തരക്കടലാസ്സ് തിരികെ വാങ്ങാൻ പ്രത്യേകം ശ്രദ്ധിക്കുന്നതിന് പരമു സാറിന്റെ അടി ഉപകരിച്ചിട്ടുമുണ്ട്. പി.എസ്.സി. പരീക്ഷയുടെ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്റർക്ക് നൽകാതെ പോയ ചില ഉദ്യോഗാർത്ഥികളെപറ്റി പറഞ്ഞ് കേട്ടപ്പോൾ പാവങ്ങൾ മറന്ന് പോയതാവും, എന്ന് മനസ്സിലോർത്തു.

വീട്ടിൽ തിരികെ എത്തിയപ്പോൾ എന്റെ ശോകഭാവം കണ്ട് ആശ്വസിപ്പിക്കാനായി അമ്മ, 'ദേ തോട്ടിൽ പിള്ളാര് മീൻ പിടിക്കുന്നു, ചെല്ലടാ' എന്നു പറഞ്ഞു. പരമുസാറിന്റെ സമ്മാനം ആരെങ്കിലും കണ്ടാലോ തോട്ടിലെ വെള്ളത്തിലിറങ്ങുമ്പോൾ തുട ചിലപ്പോൾ നീറിയാലോ എന്നീ ചിന്തകളിൽ പോകുന്നില്ലെന്ന് ഞാൻ തലയാട്ടി.

◆



# ഒരല്പം Artificial intelligence എടുക്കട്ടെ




രാജേഷ് കൃഷ്ണൻ

**2023** ഫെബ്രുവരി മാസത്തിൽ അമേരിക്കയിലെ ഏതോ ഒരു കോടതി മുറിയിൽ, അലക്ഷ്യമായി വാഹനം പാർക്ക് ചെയ്ത കേസിൽ ഫൈൻ ലഭിച്ച ഒരു വ്യക്തിയുടെ കേസിന്റെ വാദം നടക്കും. അതിനെന്താ പ്രത്യേകത എന്നല്ലേ. ഈ കേസിലെ പ്രതിഭാഗം വക്കീൽ മനുഷ്യനല്ല. പകരം പ്രതിയുടെ സ്മാർട്ട് ഫോണിലുള്ള ഒരു ആപ്പ് ആണ്. കോടതിയിൽ നടക്കുന്ന വാദങ്ങൾ, ടി ആപ്പ് വിശകലനം ചെയ്ത്, ആയതിന്റെ നിയമവശങ്ങൾ പരിശോധിച്ച്, എതിർവാദങ്ങൾ പ്രതിയുടെ ചെവിയിൽ വച്ചിരിക്കുന്ന ഇയർഫോണിലൂടെ പറഞ്ഞു കൊടുക്കും. അങ്ങനെ സംഭവിച്ചാൽ ചരിത്രത്തിൽ ആദ്യമായി ഒരു 'റോബോട്ട്' വക്കീൽ ആകുന്ന കേസ് ആയിരിക്കും അത്. നിയമതടസ്സങ്ങൾ ഉണ്ടാകാതിരിക്കുവാൻ പ്രതിയുടെ പേര്, ഏത് കോടതിയിലാണ് സംഭവം നടക്കുക എന്നീ വിവരങ്ങൾ ഒന്നും തന്നെ പുറത്തുവിട്ടിട്ടില്ല.

ആദ്യ റോബോട്ട് വക്കീലാകുവാൻ കോട്ട് തയ്ച്ചിരിക്കുന്ന സ്മാർട്ട് ഫോൺ ആപ്പ് ചില്ലറക്കാരൻ അല്ല. കണ്ടാൽ ലുക്ക് ഉണ്ടെങ്കിലും ഭയങ്കര ബുദ്ധിയാ. മുൻപ് കോടതിയിൽ കയറിയിട്ടില്ല എന്നേ ഉള്ളൂ. അനധികൃത പാർക്കിംഗിനു ഫൈൻ ലഭിച്ച 2,50,000 കേസുകളിൽ ടിയാന്റെ സഹായം മൂലം 1,60,000 എണ്ണത്തിൽ ഫൈൻ ഒഴിവാക്കപ്പെട്ടതായി അവകാശപ്പെടുന്നു. അതും ഒരു രൂപ പോലും ഫീസ് വാങ്ങാതെ.

2015 ൽ Joshua Browder എന്ന കമ്പ്യൂട്ടർ ശാസ്ത്രജ്ഞൻ സ്ഥാപിച്ച DoNotPay എന്ന കമ്പനി ആണ് ഈ റോബോട്ട് വക്കീലിനു പിന്നിൽ. സൗജന്യമായി നിയമോപദേശം നൽകുന്ന ഒരു "chatbot' ആയിട്ടാണ് കമ്പനിയുടെ തുടക്കം. 2020 ൽ ടി കമ്പനിയുടെ പ്രവർത്തനം Artificial Intelligence എന്ന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയതോടെ നിയമോപദേശം നൽകുക എന്നതിലുപരി, ഒരു വ്യക്തിയുടെ ആവശ്യങ്ങളും സാഹചര്യങ്ങളും മനസ്സിലാക്കി, ആ വ്യക്തിക്ക് കേസ് ജയിക്കുവാനാവശ്യമായ വാദങ്ങൾ പറഞ്ഞു കൊടുക്കുവാൻ സാധിക്കുന്ന ഒരു 'ആപ്പ്' പുറത്തിറക്കുവാൻ കമ്പനിക്ക് സാധിച്ചു. ആപ്പിന്റെ പ്രവർത്തനം മനസ്സിലാക്കുവാനായി ഒരു ഉദാഹരണം പറയാം. നമ്മൾ ഒരു flight ticket ബുക്ക്




ചെയ്തു എന്നു വിചാരിക്കുക. ഒഴിവാക്കാൻ പറ്റാത്ത കാരണങ്ങളാൽ യാത്ര ചെയ്യുവാൻ സാധിച്ചില്ല. സാധാരണ ഗതിയിൽ ബുക്ക് ചെയ്ത തുക നമുക്ക് തിരിച്ചു ലഭിക്കില്ല. ആയത് ലഭിക്കുവാൻ നമ്മൾ വിമാന കമ്പനിക്ക് കത്ത് നൽകാറുണ്ട്. എന്നാൽ പലപ്പോഴും refund ലഭിക്കുന്നതിനുള്ള നിയമവശങ്ങൾ അറിയാത്തതിനാൽ, ടി വിവരങ്ങൾ കത്തിൽ ഉൾപ്പെടുത്താറില്ല. ആയതിന് ഒരു വക്കീലിനെ സമീപിക്കണമെങ്കിൽ നല്ലൊരു തുക ഫീസ് നൽകേണ്ടി വരും.

എന്നാൽ DoNotPay ആപ്പിൽ, ടിക്കറ്റ് ബുക്ക് ചെയ്തതും, യാത്ര ചെയ്യാൻ പറ്റാത്തതിന്റെ വിവരങ്ങൾ എന്നിവ നൽകിയാൽ, ടി ആപ്പ്, ഇത് സംബന്ധിച്ച എല്ലാ നിയമങ്ങളും പരിശോധിച്ച്, നിയമവശങ്ങൾ ഉൾപ്പെടുത്തി, ഒന്നാന്തരം ഒരു അപേക്ഷ നമുക്ക് സൗജന്യമായി ഡ്രാഫ്റ്റ് ചെയ്തു തരും. ഇതിൽ നിന്നാണ് ടി ആപ്പ് ഫെബ്രുവരിയിൽ ആദ്യമായി ഒരു കോടതിയിൽ നേരിട്ടു ഹാജരാകുവാൻ പോകുന്നത്.

ഇനി മറ്റൊരു കമ്പനിയുടെ കഥ പറയാം. Elon Musk അംഗമായിരുന്ന OpenAI എന്ന ഈ കമ്പനിയിൽ ഇപ്പോൾ ഏറ്റവും കൂടുതൽ നിക്ഷേപം നടത്തിയിരിക്കുന്നത് Microsoft ആണ്. 'Join us in shaping the future of technology' എന്നാണ് അവരുടെ website സന്ദർശിച്ചാൽ ആദ്യം കാണുക. Artificial Intelligence മനുഷ്യന്റെ നൻമയ്ക്ക് വേണ്ടി എന്നതാണ് കമ്പനിയുടെ ലക്ഷ്യം. 2022 നവംബറിൽ ഈ കമ്പനി ഒരു chatbot പുറത്തിറക്കി. ChatGPT (Generative Pretrained Transformer) എന്ന ഈ Chatbot ന്റെ പ്രത്യേകത എന്തെന്നാൽ, നാം മറ്റൊരു മനുഷ്യനോട് സംസാരിക്കുന്ന രീതിയിൽ ഈ chatbot തിരിച്ചു സംസാരിക്കും. അതായത് അതീവബുദ്ധിമാനായ ഒരു മനുഷ്യനോട് ചോദ്യം ചോദിക്കുന്നതു പോലെ. ഒരു ഉദാഹരണം വഴി ഈ chatbot ന്റെ പ്രവർത്തനം വിശദീകരിക്കാം. 'ഡോക്ടറോട് ചോദിക്കാം' എന്ന പരിപാടി കണ്ടു കാണുമല്ലോ. വിദഗ്ദ്ധനായ ഡോക്ടറോട് ഫോൺ വഴിയോ, whatsapp വഴിയോ നാം സംസാരിക്കുന്നു. ഡോക്ടർ നമ്മളോട് രോഗ ലക്ഷണങ്ങൾ, മറ്റു വിവരങ്ങൾ എന്നിവ ചോദിക്കുന്നു. നാം നൽകുന്ന ഉത്തരങ്ങളിൽ നിന്ന് ഡോക്ടർ രോഗനിർണ്ണയം നടത്തി, മരുന്നു നിർദ്ദേശിക്കുന്നു. അതിനു പകരം നാം സംസാരിക്കുന്നത് ChatGPT എന്ന Chatbot നോടാണെന്ന് മാത്രം. ഇവൻ ചില്ലറക്കാരനല്ല. ഒട്ടനവധി അറിവുകളും 175 ബില്യൺ എണ്ണം പെരുമാറ്റ രീതികളും ആണ് ഇവൻ പഠിച്ചു വച്ചിരിക്കുന്നത്. മാത്രമല്ല, മനുഷ്യൻ ഒരു ചോദ്യം ചോദിച്ചാൽ അതിൽ തൃപ്തികരമായ മറുപടി എങ്ങനെ നൽകണം, ആയതിനുവേണ്ടി തിരികെ എന്തെല്ലാം വിവരങ്ങൾ ചോദിച്ചറിയണം എന്നെല്ലാം ഇവൻ പഠിച്ചു വച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പ്രോഗ്രാമിംഗിലെ തെറ്റുകൾ കണ്ടെത്താനും മറ്റുമാണ് ChatGPT ഇപ്പോൾ ആളുകൾ പ്രയോജനപ്പെടുത്തുന്നതെങ്കിലും, മറ്റു ഉപയോഗങ്ങളുടെ വിവരങ്ങളും, ആളുകൾ സോഷ്യൽ മീഡിയയിൽ പങ്കുവച്ചു തുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിന്, ഒരു ഉൽപന്നം വിൽക്കുന്നതിനുള്ള പരസ്യം എഴുതി നൽകുമോ, ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് ഒരു essay എഴുതി നൽകുമോ എന്നീ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടികൾ നൽകിയത് പലരും പങ്കു വയ്ച്ചിട്ടുണ്ട്. OpenAI.com എന്ന website ൽ ChatGPT യുടെ basic version സൗജന്യമായി register ചെയ്തു ഉപയോഗിക്കാവുന്നതാണ്. ആയതിന്റെ പ്രിമിയം വേർഷൻ ഫീസ് അടച്ച് ലഭ്യമാണ്. ചാറ്റ് ജിപിറ്റി ഇതിനകം തന്നെ പലസർവ്വകലാശാലയുടെയും എം.ബി.എ., മെഡിക്കൽ എൻട്രസ് പരീക്ഷകൾ പാസായിക്കഴിഞ്ഞു. ആയതുകൊണ്ട് പല സ്ഥാപനങ്ങളും ചാറ്റ് ജിപിറ്റി ഉപയോഗം നിരോധിച്ചു കഴിഞ്ഞു. ഇപ്പോൾ ചാറ്റ് ജിപിറ്റി -യെ കമ്പ്യൂട്ടർ പ്രോഗ്രാമുകൾ എഴുതുവാൻ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ പഠിച്ചാൽ ഭാവിയിൽ എല്ലാ തൊഴിൽ രംഗത്തും ചാറ്റ് ജിപിറ്റി മാത്രം മതിയാകും. Google ന് വൻ ഭീഷണി ഉയർത്തുന്ന ഈ chatbot നെ കുറിച്ച് Bill Gates പറഞ്ഞത് 'it gives a glimpse of what is to come' എന്നാണ്.

ഇനി ഇതിനെല്ലാം അടിസ്ഥാനമായ Artificial Intelligence എന്താണെന്ന് നോക്കാം. The theory and development of computer systems able to perform tasks normally requiring human intelligence such as visual perception, speech recognition, decision making and translation between languages എന്നതാണ് ഇതിന്റെ ഡിക്ഷണറി അർത്ഥം.

അതായത് മനുഷ്യൻ തന്റെ ബുദ്ധി ഉപയോഗിച്ചു ചെയ്യുന്നതുപോലെ, യന്ത്രങ്ങൾ ചെയ്യുന്നു. എല്ലാ മനുഷ്യർക്കും ഒരേ പോലെയുള്ള ബുദ്ധി അല്ല. എല്ലാ മനുഷ്യരും ഒരു പ്രത്യേക സാഹചര്യത്തിൽ ഒരേ പോലെ ആയിരിക്കില്ല പെരുമാറുകയും ചെയ്യുന്നത്. നമ്മൾ ഒരു തെരുവിൽ നിൽക്കുമ്പോൾ ഒരാൾ നമ്മളെ ആക്രമിക്കുവാൻ വരുന്നു എന്നു കരുതുക. ടിയാൻ അക്രമി ആണെന്നും അപായപ്പെടുത്തുവാൻ ആണ് വരുന്നതെന്നും നമ്മുടെ കാഴ്ച, കേൾവി എന്നിവ ഉപയോഗിച്ചല്ലേ നമ്മൾ മനസ്സിലാക്കുന്നത്. ആക്രമിക്കുവാൻ ആണ് എന്നുറപ്പിച്ചു കഴിഞ്ഞാൽ അടുത്തത് തീരുമാനമെടുപ്പ് എന്നതാണ്. അലറി വിളിച്ച് ഓടണോ, ബോധം കെട്ട് വീഴണോ അതോ സിനിമ സ്റ്റൈലിൽ അക്രമിയെ ഇടിച്ചിടണോ എന്ന് നമ്മുടെ തലച്ചോറ് തീരുമാനിക്കും. ഇതേ രീതിയിൽ പ്രവർത്തിക്കുന്ന ഒരു യന്ത്രമാണ് Artificial Intelligence ഉപയോഗിച്ച് നിർമ്മിക്കുന്നത്. അതായത് യന്ത്രങ്ങൾ, തങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഡാറ്റ ഉപയോഗിച്ച്, സ്വന്തമായി ചിന്തിച്ച് പ്രവർത്തിക്കുന്നു. നമ്മുടെ google search ഉം ChatGPT

യും തമ്മിലുള്ള വ്യത്യാസം തന്നെ എടുക്കാം. Google search ൽ നാം ഒരു വിവരം തിരക്കിയാൽ അതുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് website കളും ചിത്രങ്ങളും, വീഡിയോകളും ആയിരിക്കും നമുക്ക് ലഭിക്കുക. എന്നാൽ Artificial Intelligence അധിഷ്ഠിതമായ ChatGPT യിൽ അതേ വിവരം ചോദിച്ചാൽ, ChatGPT സ്വയം ചിന്തിച്ച്, ഏറ്റവും പ്രസക്തമായ ഉത്തരം മാത്രം നമുക്ക് ലഭ്യമാക്കും. AI യുടെ പ്രാധാന്യം മനസ്സിലാക്കി google ഉം LaMDA എന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

എങ്ങനെയാണ് AI ഉരുതിരിഞ്ഞു വന്നത്?

കമ്പ്യൂട്ടർ കണ്ടുപിടിച്ച കാലം തൊട്ട് തന്നെ AI യുടെയും തുടക്കം കുറിച്ചു എന്ന് പറയാം. 1956 ൽ John McCarthy എന്ന ശാസ്ത്രജ്ഞൻ ആണ് Artificial Intelligence എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. അതിനു ശേഷം AI ആധാരമാക്കി Logic Theorist, Mark I Perception എന്നിങ്ങനെ പലതരത്തിലുള്ള സോഫ്റ്റ് വെയറുകൾ പുറത്തിറങ്ങുവാൻ തുടങ്ങി. സ്വന്തം തെറ്റുകളിലൂടെ സ്വയം പഠിക്കുന്ന പ്രോഗ്രാമുകൾ വികസിപ്പിക്കപ്പെട്ടു. 1997 ൽ IBM കമ്പനിയുടെ Deep Blue എന്ന കമ്പ്യൂട്ടർ പ്രോഗ്രാം, ചെസ്സ് ചാമ്പ്യൻ ഗാരി കാസ്പറോവിനെ തോൽപ്പിച്ചത് വാർത്തയായിരുന്നു. ഇന്ന് AI അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന പലതരം റോബോട്ടുകൾ, ഡ്രൈവറില്ലാതെ സ്വയം ഓടുന്ന വാഹനങ്ങൾ എന്നിങ്ങനെ നാം അറിയാതെ തന്നെ AI നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുവാൻ തുടങ്ങി.

1950 ൽ Alan Turing എന്ന ശാസ്ത്രജ്ഞൻ രസകരമായ ഒരു പരീക്ഷണം അവതരിപ്പിച്ചു. ഒരു മുറിയിൽ ഒരു മനുഷ്യനും മറ്റൊരു മുറിയിൽ ഒരു കമ്പ്യൂട്ടർ അധിഷ്ഠിത യന്ത്രവും. മൂന്നാമത് ഒരു മുറിയിൽ ഒരു ചോദ്യകർത്താവും. ഇവർ പരസ്പരം കാണുന്നില്ല. ചോദ്യകർത്താവ് മനുഷ്യനോടും യന്ത്രത്തോടും എഴുതി തയ്യാറാക്കിയ ചോദ്യങ്ങൾ നൽകും. മറുപടി വിശകലനം ചെയ്ത് ഏതാണ് മനുഷ്യൻ എന്നും ഏതാണ് യന്ത്രം എന്നും കണ്ടുപിടിക്കും. Artificial Intelligence ഉപയോഗിച്ച് താൻ മനുഷ്യനാണ് എന്ന് ചോദ്യകർത്താവിനെ വിശ്വസിപ്പിക്കുവാൻ സാധിച്ചാൽ, യന്ത്രം വിജയിച്ചു. ഇതു വരെ ഒരു യന്ത്രത്തിനു ഈ പരീക്ഷണം വിജയിക്കുവാൻ സാധിച്ചിട്ടില്ല എന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. എന്നാൽ ചില പ്രോഗ്രാമുകൾ വിജയം കൈവരിച്ചതായും അവകാശപ്പെടുന്നുണ്ട്. അതായത് AI ഇതു വരെ പൂർണ്ണതോതിൽ പര്യാപ്തമായിട്ടില്ല എന്നർത്ഥം.

AI ഉപയോഗിക്കുവാനുള്ള ഒരു യന്ത്രത്തിന്റെ കഴിവനുസരിച്ച്, AI യെ മൂന്നായി തിരിക്കാം.

Narrow AI

ഒരു പ്രത്യേക ടാസ്ക് മാത്രം ചെയ്യാൻ കഴിയുന്ന AI യെ Narrow അല്ലെങ്കിൽ Weak AI എന്നു വിളിക്കുന്നു. നമ്മുടെ മൊബൈലിൽ ഉപയോഗിക്കുന്ന google translate, Alexa, Siri എന്നീ Voice Assistant എന്നിവ Narrow AI യ്ക്ക് ഉദാഹണങ്ങളാണ്. ഒരു ഭാഷ മറ്റൊരു ഭാഷയിലേക്ക് translate ചെയ്യാനല്ലാതെ മറ്റു tasks, google translate ന് ചെയ്യാനാകില്ലല്ലോ.

General AI

മനുഷ്യൻ ചിന്തിക്കുന്നതു പോലെ പ്രവർത്തിക്കുന്ന AI യെ General AI അല്ലെങ്കിൽ Strong AI എന്നു വിളിക്കുന്നു. ChatGPT അതിനടുത്തു വരുന്ന ഒരു ഉദാഹരണം ആണെന്ന് പറയാം. പൂർണ്ണ തോതിൽ general AI പ്രവർത്തനം ആരംഭിച്ചിട്ടില്ല. മനുഷ്യന്റെ തലച്ചോറ് ഒരു സെക്കന്റ് കൊണ്ട് ചെയ്യുന്ന പ്രവർത്തി ഏകദേശം 40 മിനിട്ട് എടുത്തു ചെയ്ത, ഫുജിസ്റ്റു കമ്പനി നിർമ്മിച്ച K-computer ആണ് General AI യുടെ അടുത്ത് വരെ എത്തി നിൽക്കുന്നത്.

## Super AI

മനുഷ്യന്റെ ചിന്താ ശക്തിക്ക് അതീതമായി പ്രവർത്തിക്കുന്ന AI ആണ് Super AI. അതിലേക്കായി ബുദ്ധിശക്തിയ്ക്ക് പുറമേ വികാരങ്ങൾ കൂടി ചേർത്താലേ Super AI ആകുകയുള്ളൂ. ഇതിൽ ഗവേഷണം ഒന്നുമെത്തിയിട്ടില്ല എന്ന് പറയേണ്ടതില്ലല്ലോ.

AI യുടെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി അവയെ നാലായി തിരിക്കാം.

**Reactive Machines**

മുൻപ് നടന്ന പ്രവർത്തികൾ തന്റെ മെമ്മറിയിൽ സൂക്ഷിക്കാതെ, അപ്പപ്പോൾ ലഭിക്കുന്ന input ഉപയോഗിച്ച് പ്രവർത്തിക്കുന്ന AI യന്ത്രങ്ങളാണ് Reactive Machines. ചെസ്സ് മത്സരത്തിൽ ഗാരി കാസ്പറോവിനെ തോൽപ്പിച്ച Deep Blue Machine ആണ് ഇതിനുദാഹരണം. എതിർ കളിക്കാരൻ അപ്പോൾ നടത്തിയ നീക്കം പരിശോധിച്ച്, പുതിയ നീക്കം നടത്തുവാൻ മാത്രമേ Deep Blue ന് കഴിയൂ. എതിർ കളിക്കാരൻ മുൻപ് നടത്തിയ നീക്കങ്ങൾ അപഗ്രഥിച്ച് പുതിയ നീക്കം നടത്തുവാൻ ഈ യന്ത്രത്തിന്



സാധിക്കുകയില്ല.

## Limited Memory

മുൻപ് നടന്ന പ്രവർത്തനങ്ങൾ പരിശോധിച്ച് പുതിയ ഒരു പ്രവർത്തനം നടത്തുവാൻ കഴിവുള്ളതാണ് ഈ വിഭാഗത്തിലെ യന്ത്രങ്ങൾ. Self driving കാറുകളിൽ ഈ AI ആണ് ഉപയോഗിക്കുന്നത്.

## Theory of Mind

മനുഷ്യന്റെ വികാരങ്ങൾ മനസ്സിലാക്കി പ്രവ ർത്തിക്കുവാൻ കഴിയുന്ന അക ആണ് Theory of Mind. ഇതിൽ ഗവേഷണങ്ങൾ തുടക്കം കുറിച്ചതേ ഉള്ളൂ. സൗദി അറേബ്യ പൗരത്വം നൽകിയ Sophia എന്ന റോബോട്ട് ഒരിക്കൽ ഇന്ത്യയിൽ വന്നത് ഓർമ്മയുണ്ടല്ലോ. Sophia യുടെ ക്യാമറകൾക്ക് ഒരാളെ ഒരിക്കൽ കണ്ടാൽ പിന്നീട് എപ്പോൾ വേണമെങ്കിലും തിരിച്ചറിയാനാകും; മാത്രമല്ല തന്നോട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ബുദ്ധിപരമായ ഉത്തരങ്ങളും നൽകാനാകും.



## Self Awareness

മനുഷ്യനെക്കാൾ ബുദ്ധിപരമായി കാര്യങ്ങൾ ചെയ്യുവാൻ കഴിവുള്ള ഈ യന്ത്രങ്ങൾ ഇപ്പോൾ ഹോളിവുഡ് സിനിമകളി ൽ മാത്രമേ ഉള്ളൂ. ഇത്തരം യന്ത്രങ്ങൾ സ്വയം ചിന്തിച്ചു തുടങ്ങി, മനുഷ്യനെ ശത്രുക്കളായി കണ്ട്, മനുഷ്യകുലത്തെ നശിപ്പിക്കുന്നതായുള്ള 'Terminator' സിനിമകൾ കണ്ടുകാണുമല്ലോ. നമ്മുടെ ശരീരത്തിലെ നാഡികൾ പോലെ artificial nerve system തയ്യാറാക്കി, data processing നടത്തുന്ന deep learning പോലുള്ള സാങ്കേതിക വിദ്യയിലൂടെ ഇതെല്ലാം ഒരു കാലത്ത് സാധ്യമായെന്ന് വരാം.



നമ്മൾ അറിയാതെ തന്നെ AI നമ്മുടെ ജീവിതത്തെ സ്വാധീനിച്ചു തുടങ്ങിയിട്ടുണ്ട്. വിമാനയാത്രയ്ക്ക് ടിക്കറ്റ് ബുക്ക് ചെയ്യാനായി പലതവണ നാം Internet ൽ യാത്രാകൂലി നോക്കാറുണ്ടല്ലോ. ഇതെല്ലാം AI മനസ്സിലാക്കുന്നുണ്ട്. അതിനനുസരിച്ച് ടിക്കറ്റ് വില കൂട്ടുവാനും കുറയ്ക്കുവാനും **AI** ഉപയോഗിക്കുന്നു. നമ്മുടെ email ൽ ചില മെയിലുകൾ spam account ലേക്ക് സ്വയം തരംതിരിച്ചു പോകുന്നത്, type ചെയ്യുമ്പോൾ suggestions വരുന്നത്, facebook ൽ ഒരാളുടെ ഫോട്ടോ upload ചെയ്താൽ അയാൾ നമ്മുടെ friend suggestion ൽ വരുന്നത്, flipkart ൽ ഒരു ഉൽപന്നം search ചെയ്താൽ, പിന്നീട് നമ്മുടെ സോഷ്യൽ മീഡിയ അക്കൗണ്ടിൽ അതിന്റെ പരസ്യം വരുന്നത് എന്നിങ്ങനെ നമ്മൾ അറിയാതെ AI നമ്മുടെ ജീവിതത്തിന്റെ ഭാഗമായി കൊണ്ടിരിക്കുകയാണ്. AI യുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നമ്മുടെ ഇന്ത്യയിൽ ഈ വിഭാഗത്തിൽ ഗവേഷകർക്ക് സഹായം നൽകുവാൻ 2016 ൽ Niti Ayog പ്രത്യേക പദ്ധതികളും 2023 ലെ ബഡ്ജറ്റിൽ പ്രത്യേക തുകയും അനുവദിച്ചിട്ടുണ്ട്.

Artificial Intelligence എന്ന ഈ സാങ്കേതിക വിദ്യ മനുഷ്യന് ആവശ്യമുള്ളതാണോ? ചില ശാസ്ത്രജ്ഞൻമാരും ചിന്തകരും AI യുടെ വികാസത്തെ ഭീതിയോടെയാണ് കാണുന്നത്. മനുഷ്യനെ മടിയന്മാർ ആക്കുവാനും, Science Fiction കഥകളിലും സിനിമകളിലും പ്രതിപാദിക്കുന്നതു പോലെ ഭാവിയിൽ AI അധിഷ്ഠിതമായ യന്ത്രങ്ങൾ മനുഷ്യരാശിക്ക് ഭീഷണിയാകുമെന്നും ചിലരെങ്കിലും വിശ്വസിക്കുന്നുണ്ട്. Self Driving വാഹനങ്ങൾ അപകടത്തിൽപ്പെടുന്ന വാർത്തകൾ നിത്യവും നാം കേൾക്കാറുണ്ടല്ലോ. രോഗനിർണ്ണയത്തിന് ഡോക്ടർമാരെ സഹായിക്കുവാൻ IBM എന്ന കമ്പനി Watson Health എന്ന AI യന്ത്രം പുറത്തിറക്കിയിരുന്നു. എന്നാൽ പല രോഗികളിലും Cancer രോഗബാധ കണ്ടുപിടിക്കുന്നതിൽ Watson Health പരാജയപ്പെട്ടു. Cancer രോഗനിർണ്ണയത്തിന് ആവശ്യമായ വിവരങ്ങൾ യന്ത്രത്തിനു നൽകാതിരുന്നതാണ് പരാജയകാരണമായി കണ്ടുപിടിക്കപ്പെട്ടത്. To err is human, എന്നത് to err is machine എന്നു മാറ്റി, പരാജയ കാരണങ്ങൾ കൂടി ഉൾക്കൊണ്ട് സ്വയം തിരുത്തി മുന്നോട്ടു പോകുവാൻ കൂടി കഴിവുള്ള സാങ്കേതിക വിദ്യ ആണ് AI. AI യിൽ നടക്കുവാൻ പോകുന്ന ഗവേഷണങ്ങൾ ഭാവിയിൽ മനുഷ്യരാശിയ്ക്ക് ഒരുപാട് ഗുണങ്ങൾ നൽകിയേക്കാം. അത് മനുഷ്യന്റെ നാശത്തിനു കാരണമാകരുതേ എന്നും പ്രതീക്ഷിക്കാം.



# മലയാള സിനിമ - 2022

## ഒരു തിരനോട്ടം



സുനിൽ.വൈ

കഴിഞ്ഞ രണ്ട് വർഷമായി ലോകത്തെയാകമാനം പിടിച്ചുലച്ച് ജനങ്ങളെയാകെ വീട്ടുതടങ്കലിലാക്കിയ കോവിഡ് മഹാമാരിക്ക് താൽക്കാലികമായെങ്കിലും ശമനമുണ്ടായിരിക്കുന്നു. കോവിഡും ലോക്ഡൗണും ഇന്ത്യൻ സിനിമയ്ക്ക് ഏൽപിച്ച ആഘാതം ചെറുതല്ല. അതിൽ നിന്നും മുക്തി നേടി വരുന്ന തെന്നിന്ത്യൻ സിനിമാലോകത്തെ പ്രധാന ഇൻഡസ്ട്രി മലയാള സിനിമയാണെന്ന് പറഞ്ഞാൽ അതിശയോക്തിയാകില്ല. അന്യഭാഷാ ചിത്രങ്ങളുടെ പ്രമോഷൻ പോലും കേരളത്തിലേയ്ക്ക് വരുന്നു. കോവിഡ് പിടിമുറുക്കിയപ്പോൾ സമാന്തരമായി സിനിമയ്ക്കുണ്ടായ മറുമരുന്നാണ് ഒ.ടി.ടി പ്ലാറ്റ്ഫോം. 2022 ൽ ഏതാണ്ട് 200 ൽപരം ചിത്രങ്ങളാണ് തീയേറ്ററിലും ഒ.ടി.ടി യിലുമായി റിലീസ് ചെയ്തത്. ആമസോൺ പ്രൈം, Netflix, Hotstar, Sony Live തുടങ്ങിയ നിരവധി പ്ലാറ്റ്ഫോമുകൾ മലയാളിക്ക് ചോറും പുളിശേരിയും പോലെ സുപരിചിതമായി. അങ്ങനെ സിനിമാസ്വാദനത്തെ പുതിയ തലങ്ങളിലെത്തിക്കുവാൻ കോവിഡ് മഹാമാരിയും ഒരു കാരണമായി എന്ന് പറയേണ്ടി വരും. ബ്ലാക്ക് & വൈറ്റിൽ തുടങ്ങി I Max ഉം 4 Dx ലും എത്തി നിൽക്കുന്ന സിനിമാചരിത്രം അത്യന്തം രസകരവും വിജ്ഞാനപ്രദവുമാണ്. 2022 ൽ ശ്രദ്ധിക്കപ്പെട്ട ചില ചിത്രങ്ങളിലൂടെ ഒരു ഓട്ട പ്രദക്ഷിണം നടത്താം.

**കാന്താര**

മിത്തും മണ്ണും മനുഷ്യനും ദൈവവും കൂടിച്ചേർന്ന ദൃശ്യാനുഭവം പ്രദാനം ചെയ്ത് ഫാന്റസിയുമായി എത്തിയ കാന്താര 2022 ലെ




ഏറ്റവും ശ്രദ്ധിക്കപ്പെട്ട ചിത്രങ്ങളിൽ ഒന്നാണ്. വടക്കേ മലബാറിലെ തെയ്യവും കർണാടകയിലെ ദൈവകോലവും ഇഴചേർന്ന തുളു നാടൻ സംസ്കാരത്തിന്റെ നേർചിത്രമായിരുന്നു കാന്താര. 'നിഗൂഢമായ വനം' എന്നാണ് കാന്താര എന്ന വാക്കിനർത്ഥം. ഇന്ത്യൻ സിനിമാചരിത്രത്തിൽ വലിയ സംഭാവനകൾ ഒന്നും നൽകിയിട്ടില്ലാത്ത കന്നഡ സിനിമയിൽ നിന്നും അപ്രതീക്ഷിതമായി വീണു കിട്ടിയ മുത്തായിരുന്നു കാന്താര. ഋഷഭ് ഷെട്ടിയും പഞ്ചുരുളിയും ഗുളികനും ഇന്ത്യൻ ജനതയുടെ

മനസിൽ സ്ഥാനം പിടിച്ചു. കുറഞ്ഞ മുതൽമുടക്കിൽ അതിഗംഭീരമായി അണിയിച്ചൊരുക്കിയ ചിത്രം. കാടിനും കറുപ്പിനും അഗ്നിയ്ക്കും ഇത്രയും സൗന്ദര്യമുണ്ടെന്ന് സിനിമയിലൂടെ തെളിയിച്ച ചിത്രം. ഛായാഗ്രഹണം എടുത്ത് പറയേണ്ടതാണ്. ഓരോ ഫ്രെയിമിലും 'തീ' യുടെ സൗന്ദര്യം മാറ്റുരയ്ക്കപ്പെട്ടു. മനുഷ്യനും പ്രകൃതിയും ദൈവവും അഗ്നിയുടെ മുന്നിൽ ഒന്നായിത്തീരുന്ന മനോഹര കാവ്യം. അതാണ് കാന്താര. തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രം.

**ന്നാ താൻ കേസ് കൊട്**

പത്തിരുപത്തഞ്ച് വർഷമായി സിനിമയിൽ നിറഞ്ഞു നിൽക്കുന്ന താരമാണ് കുഞ്ചാക്കോ ബോബൻ. എന്നാൽ ഈ ഒരൊറ്റ ചിത്രത്തിലെ പ്രകടനമാണ് കുഞ്ചാക്കോ ബോബനെ ഒരു ഇരുത്തം വന്ന നടൻ എന്ന നിലയിൽ അംഗീകരിക്കപ്പെടുന്നത്. കുഞ്ചാക്കോ ബോബൻ എന്ന താരത്തെ നമുക്ക് ഈ സിനിമയിൽ കാണാൻ കഴിയില്ല. കൊഴുമ്മൽ രാജീവൻ എന്ന കഥാപാത്രം അതിന്റെ എല്ലാ സ്ഥായീഭാവത്തോടെയും തിരശീലയിൽ മാറ്റുരയ്ക്കപ്പെട്ടു. ചിത്രത്തിൽ ജഡ്ജിയായി വേഷം ചെയ്ത കുഞ്ഞികൃഷ്ണൻ മാഷും ഡാൻസ് ടീച്ചറും അങ്ങേയറ്റം ശ്രദ്ധിക്കപ്പെട്ടു. നിലവിലെ നമ്മുടെ സാമൂഹിക-രാഷ്ട്രീയ-ഔദ്യോഗിക മേഖലകളിലെ ചലനങ്ങളെ ആക്ഷേപഹാസ്യത്തിലൂടെ




അവതരിപ്പിക്കുന്നതിൽ സംവിധായകൻ പൂർണ്ണമായും വിജയിച്ചു. കാസർഗോഡൻ സംഭാഷണ ശൈലി ഭംഗിയായി കൈകാര്യം ചെയ്യുന്നതിലും ഈ ചിത്രം വിജയിച്ചു.

**ജയ ജയ ജയഹേ**

ബേസിൽ ജോസഫ് എന്ന യുവനടനെ തന്റെ സ്വാഭാവിക അഭിനയം കൊണ്ട് മലയാള സിനിമയിലെ യുവതാരങ്ങളിൽ ശ്രദ്ധേയനാക്കുന്നു. ഹാസ്യാത്മക വേഷങ്ങൾ വളരെ ഭംഗിയായി നല്ല ടൈംമിങ്ങോടെ അവതരിപ്പിക്കുന്നതിൽ മിടുക്കനാണ് ബേസിൽ. കൊല്ലം ജില്ലക്കാരുടെ സംഭാഷണ ശൈലിയും, മലയാളിയുടെ നിലവിലെ കുടുംബ ജീവിതങ്ങളിലെ രസകരവും എന്നാൽ പ്രധാനവുമായ ഭാര്യ-ഭർതൃബന്ധങ്ങളിലെ അസ്വാരസ്യങ്ങളും ആൺ-പെൺ വീക്ഷണങ്ങളുമെല്ലാം ഹാസ്യാത്മേന വരച്ചു കാട്ടുന്നതിൽ സംവിധായകൻ പൂർണ്ണമായും വിജയിച്ചു. കുടുംബസമേതം ചിരിച്ചാസ്വദിക്കാൻ പറ്റിയ ചിത്രമായിരുന്നു ജയ ജയ ജയഹേ.

**റോഷാക്ക്**

ഹോളിവുഡ് മികവോടെ വന്ന മമ്മൂട്ടി ചിത്രമായിരുന്നു റോഷാക്ക്. ആ പദം തന്നെ സാധാരണക്കാർക്കിടയിൽ അത്ര പരിചിതമല്ല. (മന:ശാസ്ത്ര പരീക്ഷണ രീതി) ധാരാളം ലയറുകളുള്ള കഥാതന്തു. സിനിമയുടെ സാങ്കേതിക മേന്മയും ശബ്ദവിന്യാസവും എടുത്ത് പറയേണ്ടതാണ്. വാഹനപ്രേമികളെ ഹരം കൊള്ളിക്കുന്ന ഫോർഡ് മസ്താംഗ് നെ അതിന്റെ എല്ലാ മികവോടെയും ഒരു കഥാപാത്രം എന്ന നിലയിൽത്തന്നെ സിനിമയിൽ ചിത്രീകരിക്കപ്പെട്ടു. അവതരണത്തിൽ (മേക്കിംഗ്) പുതുമ ആഗ്രഹിക്കുന്നവർക്ക് കാഴ്ചയുടെ വിരുന്ന് തന്നെയാണ് റോഷാക്ക്.

**19-ാം നൂറ്റാണ്ട്**

പത്തൊമ്പതാം നൂറ്റാണ്ടിലെ തിരുവിതാംകൂറിൽ ജാതിവ്യവസ്ഥയെയും അതിനെതിരെ പൊരുതിയ നവോത്ഥാന നായകനായ ആറാട്ടുപുഴ വേലായുധപണിക്കർ എന്ന വ്യക്തിയുടെ ജീവിതത്തെയും മലയാളിയെ ഓർമ്മപ്പെടുത്തിയ ചിത്രം. വമ്പൻ പ്രോജക്ടുകൾ മലയാള സിനിമയ്ക്ക് ചെയ്യാൻ കഴിയും എന്നതിന്റെ തെളിവാണീ ചിത്രം. സിജു വിൽസൺ എന്ന യുവനടന്റെ കരിയറിലെ ഏറ്റവും മികച്ച ചിത്രം. വലിച്ചു നീട്ടാതെ ദൃശ്യഭംഗിയോടെയും ഒതുക്കത്തോടെയും ചരിത്ര സംഭവങ്ങളോട് പരമാ

വധി നീതി പുലർത്തിയും ചിത്രം അവതരിപ്പിക്കുവാൻ സംവിധായകൻ വിനയന് സാധിച്ചു. തീർച്ചയായും മലയാളിക്ക് ആസ്വദിക്കുവാനും എന്നാൽ നമ്മുടെ കഴിഞ്ഞ തലമുറകളിലെ ജീവിത സാഹചര്യങ്ങൾ എങ്ങനെയായിരുന്നു എന്ന് മനസ്സിലാക്കുവാനും സാധിക്കുന്ന ചിത്രമാണ് 19-ാം നൂറ്റാണ്ട്.

**അവതാർ** (The Way of Water)

ലോക സിനിമാചരിത്രത്തിൽ ഏറ്റവും കൂടുതൽ വരുമാനം നേടിയെന്നുള്ള റെക്കോർഡുള്ള ചിത്രമാണ് ജയിംസ് കാമറൂണിന്റെ അവതാർ. രണ്ടാം ഭാഗം The Way of Water അതിനെയെല്ലാം മറികടക്കും എന്നാണ് തുടക്കത്തിലെ കണക്കുകൾ കാണിക്കുന്നത്. 'നെയ്തിരി'യെ ജീവിതസഖിയാക്കി ജയ്ക്ക് സുളി ഗോത്രത്തലവൻ ആകുന്നതിലൂടെയാണ് രണ്ടാം ഭാഗം ആരംഭിക്കുന്നത്. കാഴ്ചയുടെ വിസ്മയ ലോകം നമുക്ക് മുന്നിൽ തീർക്കുന്നുണ്ട് ഈ ചിത്രം എന്നതിൽ സംശയമില്ല. ആദ്യഭാഗം കാടിന്റെ ഭംഗിയാണ് തീർത്തതെങ്കിൽ രണ്ടാം ഭാഗം Under Water ദൃശ്യാവിഷ്കാരമാണ്. തികഞ്ഞ സാങ്കേതിക മേന്മയും അവിസ്മരണീയമായ Visual effects, I Max 3D, 4K, 4DX തുടങ്ങിയ ദൃശ്യമികവും കൂടിയാകുമ്പോൾ കാഴ്ചയുടെ വസന്തം വിരിയുന്നു. എന്നാൽ ആദ്യഭാഗവുമായി താരതമ്യം ചെയ്താൽ രണ്ടാം ഭാഗം പ്രതീക്ഷയ്ക്ക് ഒത്ത് ഉയർന്നില്ല. ആദ്യഭാഗം തന്നെയാണ് അവിസ്മരണീയമായ ഒരു ക്ലാസിക് സിനിമ എന്ന് നിസംശയം പറയാം.

**ആർ ആർ ആർ**

ഇന്ത്യയുടെ റിഡ്‌ലി സ്കോട്ട് എന്ന് രാജമൗലിയെ വിശേഷിപ്പിക്കാം. അത്രയേറെ മികവുറ്റ സംവിധായകൻ. രാജമൗലി, രാംചരൺ, ജൂനിയർ എൻ.ടി.ആർ എന്നീ 3 പേരുടെ തേരോട്ടമാണ് ആർ ആർ ആർ അഥവാ രണം, രുധിരം, രൗദ്രം എന്ന ചിത്രം. വിശാലമായ കാൻവാസിൽ പാൻ ഇന്ത്യൻ ചിത്രം എന്ന നിലയിൽ ഒരുക്കുന്ന സിനിമയ്ക്ക് ബജറ്റിന്റെ വലുപ്പമോ, സൂപ്പർ താരങ്ങളുടെ സാന്നിധ്യമോ മാത്രം പോരാ, ശക്തമായ തിരക്കഥയും മേയ്ക്കിംഗ് മികവും ആവശ്യമാണെന്ന് അടിവരയിട്ട് ഉറപ്പിക്കുന്ന ഒരു രാജമൗലി മാജിക് ആണ് ആർ ആർ ആർ. രാമരാജാവായി രാംചരണും ഭീം ആയി ജൂനിയർ എൻ.ടി.ആറും ഗംഭീര പ്രകടനം കാഴ്ച വയ്ക്കുന്നു. ആക്ഷൻ, ഡാൻസ് എന്നിവയിൽ ഇരുവരുടെയും ബെസ്റ്റ് പെർഫോമൻസ് തന്നെയാണീ ചിത്രം. ഭീം വെള്ളത്തിന്റെ രൂപകമാണ്. സാഹചര്യങ്ങൾക്ക് അനുസരിച്ച് ഒടുക്കണം. രാമരാജുവിനെ തീജ്വാലയോട് ഉപമിക്കുന്നു. നാട്ടു നാട്ടു എന്ന ഗാനം പ്രേക്ഷകനിൽ നിറയ്ക്കുന്ന ആവേശം ചെറുതല്ല. ഈ ഗാനത്തിലൂടെ ഗോൾഡൻ ഗ്ലോബ് പുരസ്കാരം ഇന്ത്യയ്ക്ക് സ്വന്തമായി. തീയേറ്ററിൽ അനുഭവിക്കേണ്ട ദൃശ്യവിസ്മയം തന്നെയാണീ ചിത്രം. ഓസ്കാറും സ്വന്തമാക്കട്ടെ എന്ന് പ്രത്യാശിക്കാം.

**പാപ്പൻ**

എല്ലാ ജോഷി ചിത്രങ്ങളെയും പോലെ പാപ്പനും അതിതീവ്ര നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞ കഥയാണ്. അഭിനേതാവ് എന്ന നിലയിൽ സുരേഷ്ഗോപി എന്ന അതികായനും മലയാളത്തിലെ മികച്ച മൂവി മേക്കറിൽ ഒരാളായ ജോഷിയും ചേർന്നൊരുക്കിയ ത്രില്ലർ ചിത്രം തന്നെയാണ് പാപ്പൻ. വിൻസി എബ്രഹാം എന്ന ഐ.പി.എസ് കാരിയായി സുരേഷ്ഗോപിയുടെ മകളായി വേഷമിട്ട നീത പിള്ളയുടെ ഇരുത്തം വന്ന പ്രകടനം എടുത്തു പറയേണ്ടതാണ്.

**12th മാൻ**

ആദ്യന്തം രസകരമായ മൂഡ് പ്രദാനം ചെയ്യുന്ന ജിത്തു ജോസഫ് സിനിമയാണ് 12th മാൻ. ജിത്തുജോസഫ് എന്ന സംവിധായകന്റെ സൂക്ഷ്മത നിറഞ്ഞ ഫ്രെയിമുകൾ വ്യത്യസ്തമായ ഒരു സിനിമാറ്റിക് അനുഭവം പ്രദാനം ചെയ്യുന്നു. അഗതാ ക്രിസ്റ്റിയുടെ നോവലിനെ അടിസ്ഥാനമാക്കി ഈയടുത്ത കാലത്ത് ഇറങ്ങിയ Murder on the orient Express എന്ന ഹോളിവുഡ് ചിത്രം കൂടി ഒന്ന് കാണുന്നത് നന്നായിരിക്കും എന്ന് ഇതിനോട് ചേർത്ത് പറയേണ്ടി വരുന്നു.

## Wakanda Forever

2018 ൽ പുറത്തിറങ്ങിയ 'ബ്ലാക്ക് പന്തർ' ന്റെ തുടർച്ചയായി 2022 ൽ റിലീസ് ചെയ്ത ചിത്രം. അന്തരിച്ച ഹോളിവുഡ് നടൻ ചാഡ്‌വിക്ക് ബോസ്മാന് ആദരമർപ്പിച്ചുകൊണ്ടാണ് ചിത്രം തുടങ്ങുന്നത്. വൈബ്രേനിയം എന്ന അമൂല്യ ലോഹത്തിന്റെ പ്രൗഢിയിൽ വളർന്ന വക്കാൻഡ എന്ന ആഫ്രിക്കൻ രാജ്യത്തിലെ രാജാവ് മരിച്ച ശേഷം വക്കാൻഡയുടെ സുരക്ഷ പൂർണ്ണമായും സ്ത്രീകളുടെ കൈകളിലെത്തുന്നു. വൈകാരികതയ്ക്ക് അൽപം കൂടുതൽ പ്രാധാന്യം നൽകിയാണ് ചിത്രം നിർമ്മിച്ചിട്ടുള്ളത്. അടുത്ത ഭാഗം കാണാനുള്ള ആവേശത്തോടെ തന്നെയാണ് ഈ മാർവൽ ചിത്രം അവസാനിക്കുന്നത്. തികച്ചും ഒരു ദൃശ്യവിരുന്ന് തന്നെയാണ് ഈ ചിത്രം.

എത്ര എഴുതിയാലും പറഞ്ഞാലും തീരാത്ത്ത്ര സിനിമാ വിശേഷങ്ങൾ ദിനവും നമുക്ക് ചുറ്റും സൃഷ്ടിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു. മഹാമാരികളും ദുരന്തങ്ങളും ഇല്ലാത്ത സന്തോഷത്തിന്റെയും സമാധാനത്തിന്റെയും വരും നാളുകളിൽ നമ്മെ പ്രചോദിപ്പിക്കുവാൻ നൂറു കണക്കിന് ചിത്രങ്ങൾ വരും വർഷവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും പുതുവർഷാശംസകൾ നേരുന്നു.

■




# സമകാലിക രാഷ്ട്രീയവും കേരളവും

# ‘വ അലൈക്കും ഉസ്സലാം.’ മതി. ഇനി ക്യാപ്റ്റൻ എന്നും ആരിഫ് കാ ദോസ്ത്



എ.കെ.സാദിക്ക്
PSCEA സ്ഥാപക ജനറൽ സെക്രട്ടറി

‘**എ**ന്തതിശയമേ ആരിഫ്ഖാന്റെ മാറ്റം എത്ര മനോഹരമേ.’ കരോൾ ഗാനമല്ല. പുതുവർഷത്തെ ഒന്നാം നമ്പർ ഒരു ചിരി... ബമ്പർ ചിരി വിശേഷം. റഷ്യയും ഉക്രെയ്നുമായി അഭിനയിച്ചതിൽ ആരാണ് ബെസ്റ്റ് കൊമേഡിയൻ എന്നതിന് ഫോട്ടോഫിനിഷ് ഹരികൃഷ്ണൻസ് ക്ലൈമാക്സ്. 2019 മുതൽ അവർ തമ്മിൽ ‘ലിവിംഗ് ടുഗെതർ’ സംവിധാനത്തിലായിരുന്നു. പ്രൊബേഷനും ഹണിമൂണും ഒക്കെ കഴിഞ്ഞ് പ്രഹസന ‘ചിപ്പിടി’-‘ചെപ്പടി’-തരികിട ഷോയും ഒരു ‘മീ-ടൂ’ ആരോപണവും ‘മോക്ഡ്രില്ലാ’യി നടത്തിയത് സാക്ഷരകേരള മണ്ടൻമാർ വിശ്വസിച്ചു.അതിനിടയിൽ ഒരുത്തനെ വെള്ളം കുടിപ്പിച്ചുകൊന്നു. ‘ഇങ്ങ് കേരളത്തിൽ മാത്രമല്ല അങ്ങ് ഡൽഹിയിലും എനിക്ക് നല്ല പിടി ഉണ്ടെന്ന് നായകൻ ശൊന്നത് ഇപ്പോൾ പിടി കിട്ടിയില്ലേ. അമിത്(ട്ട്) ഷാ യെ വയറ്റിലുള്ള വെള്ളമാണെന്ന് പറഞ്ഞ ചാൾസ് ശോഭരാജനിലെ ധൈര്യം അന്നേ മൂപ്പർക്ക് രസിച്ചു. ആ ഐക്യം വീണ്ടും നമ്മൾ കണ്ടത് അമിത് ഷാ വിളിച്ച മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ പ്രതിപക്ഷത്തെ 12-ൽ ഏക ബിജെപി ഇതര മുഖ്യമന്ത്രി എന്ന ബഹുമതിയുമായാണ് പിണറായി പങ്കെടുത്തത്. ഒപ്പം ഫോട്ടോഷൂട്ടിന് അമിത് ഷായ്ക്കും യോഗി ആദിത്യനാഥനും ഇടയിൽ തന്നെ ഇരിപ്പിടം തരപ്പെടുത്തി. ‘ചാമ്പിക്കോ’ എന്ന് വാലുപൊക്കിയപ്പോഴേ സംഗതി പിടികിട്ടി. പിന്നെ നമോയെ കണ്ട് കഥകളി, കൃഷ്ണശില്പങ്ങളും നൽകി, കോൺഗ്രസ് മുക്ത് കേരൾ എന്ന് ചെവിയിൽ രഹസ്യമൊഴി രേഖപ്പെടുത്തി. അദാനിയുടെ വിഴിഞ്ഞം ഉപകാരസ്മരണയുമായി അദാനിയുടെ തന്നെ തിരോന്തരം വിമാനത്താവളത്തിൽ കാലുകുത്തിയതും അമിത് ഷാ രാഷ്ട്രഭാഷ എന്ന ദേശീയഭാഷയിൽ ആരിഫ് ഖാനോട് ദോ ചങ്കൻ ദുഷ്മെൻ നഹിം മേരാ പ്യാരി ദോസ്ത് ഹെ എന്ന് ചാറ്റി. രണ്ടാഴ്ചത്തെ ഖാന്റെ ചീറ്റൽ ഒറ്റചാറ്റിൽ ചീറ്റിപ്പോയി. അതോടെ, ആരിഫ് ആശാന്റെ ചാൻസലർ കാലു തല്ലി ഒടിച്ച കാരണഭൂതത്തോട് ആരിഫ് ആശാൻ ക്ഷമിച്ചെന്നും എല്ലാം പറഞ്ഞ് കോപ്ലിമെന്റാക്കി എന്നും ബ്രേക്കിംഗ് ന്യൂസ് പിന്നെല്ലാം പെട്ടെന്നായിരുന്നു. 6 മാസമായി കുന്തവും, കുടച്ചക്രവും കച്ചവടവുമായി കണ്ട അണ്ടനും അടകോടനും മുമ്പിൽ സെയിൽസ് എക്സിക്യൂട്ടീവ് വിലസിയ സജി ചെറിയാനെ ഖാനണ്ണാൻ ഐ സജി ചെറിയാൻ എന്ന് പരിചയപ്പെടുത്തി റീ മന്ത്രി സ്നാനം ചൊല്ലി. പഴയ കുന്തത്തോടും കുടച്ചക്രത്തോടും നിർവ്യാജം കൂറു പുലർത്തുമെന്നും ആരിഫണ്ണൻ ഈ വീടിന്റെ ഐശ്വര്യമെന്നും മ്യൂട്ട് ചെയ്ത് പറഞ്ഞു. തുടർന്ന് ഗവർണർ ഒരു പെട്ടി കാശ്മീർ മധുരപലഹാരം കൂടി ക്ലിഫിന് കൊടുത്തയച്ചു. കൊന്നാൽ പാപം തിന്നാൽ തീരുമെന്ന് ഒരു മെസ്സേജ് പെട്ടിക്കു മുകളിൽ സ്റ്റിക്കറൊട്ടിച്ചിരുന്നെന്ന് അസൂയക്കാർ.

എന്തായാലും ദുബായിൽ നിന്നുള്ള ബിരിയാണി ചെമ്പു പൊട്ടിച്ചപ്പോഴുള്ള അത്ര മണം ഇല്ല എന്ന് അയൽവാസി മന്ത്രിമാർ. അങ്ങനെ ക്ലിഫ് ഹൗസിൽ രണ്ടാമതും ലഡു പൊട്ടി. പക്ഷേ ഈയിടെ ഗൺമാന്റെ തോക്കു പൊട്ടിയപ്പോളുണ്ടായ പേടി ലഡു പൊട്ടിയപ്പോഴും മനസിലുണ്ട്. നാട്ടുകാർ എത്തിനോക്കാനെത്തി. പക്ഷേ ചൈനയുടെ വൻമതിൽ തോല്ക്കുമുയരത്തോടെ കരിങ്കൽ കമ്പി മതിലും ഒപ്പം പോലീസ് മനുഷ്യമതിലും. എങ്കിലും ആരൊക്കെയോ നീന്തൽ കുളത്തിൽ ആറാടുന്ന ശബ്ദം കേൾക്കുന്നു. 1992 ൽ കരുണാകരന് കാറപകടത്തിൽ നീന്തൽ ചികിത്സയ്ക്ക് പണിത കുളത്തിനെതിരെ സമരം ചെയ്ത നയനാർ പാർട്ടി 'കരുണാകരൻ കുളിച്ച കുളത്തിൽ ഞങ്ങൾ പട്ടിയെ കുളിപ്പിക്കും എന്നു പറഞ്ഞത് എക്കോ ആയി കേട്ടു. ഇന്നിപ്പോൾ പിണറായിയോ കുട്ടികളോ പട്ടികളോ അതേ സ്വഭാവമുള്ള എന്തെങ്കിലുമോ ആയിരിക്കും കുളിക്കുന്നതെന്നാശ്വസിക്കാം. കുളം റീബിൽഡ് കേരള ആക്കി 32 ലക്ഷം രൂപയാണ് കുളം കലക്കിയ വകയിൽ ചിലവ്. ഇത്ര മാത്രം അഴുക്കു പുരണ്ടവരാണോ വീട്ടുകാരെന്ന് പാവം പൊതുജനം. അപ്പോഴതാ ഗോശാലയിൽ നിന്ന് കൂട്ടക്കരച്ചിൽ. 42.50 ലക്ഷം രൂപ ഖജനാവ് കാലിയാക്കിയ തൊഴുത്തിൽകുത്ത് ആരൊക്കെ തമ്മിലാണോ ? മുൻകാല കൈയിലിരുപ്പിൽ ഒരാളെ സംശയിക്കാം. നാടോടിക്കാറ്റു കൊള്ളുമ്പോൾ പഴയ ഓർമ്മ 'അവറ്റകളുടെ കരച്ചിൽ ശബ്ദം കേൾക്കാനെന്തു രസമാണ് വിജയാ' - നമുക്കങ്ങ് സുഖിക്കണം വിജയാ. കാർ, എസി, ഫ്രിഡ്ജ്. ഒരു പുതിയ കിയാ കാർണിവൽ അതും മുമ്പ് അലർജിയായിരുന്ന കറുപ്പുനിറത്തിനിപ്പോളെന്തഴക്. ജഗതി പറഞ്ഞ നിലവിളി ശബ്ദമിട്ട ആംബുലൻസ്. 28 അകമ്പടി വാഹനം. കരിമ്പൂച്ചകൾ. വിജയാ നീ പറഞ്ഞ കെ-റെയിലിനെക്കാൾ വേഗത്തിലോടുന്ന ഒരു ലിഫ്റ്റും നമുക്കുവേണം. 7.6% പലിശയ്ക്ക് നമ്മുടെ എഡിബിക്കാരുടെ കൈയിൽ നിന്ന് നിസാരമായ 25.50 ലക്ഷം രൂപ മാത്രം. ആകെ പത്ത് അടി ഉയരമല്ലേ ഉള്ളൂ. അതു സാരമില്ല അടുത്ത വർഷം കെട്ടിടം 5 നിലയാക്കാമല്ലോ. നമ്മൾക്ക് സരോജ് കുമാറാകാമല്ലോ ? ആ സ്വപ്നയെ കൊണ്ട് ഷാർജാഷേക്കിനെ വഴിതെറ്റിച്ച് വരുത്തണം. ഹിസ് ഹൈനസ് അബ്ദുള്ളയെ എത്ര തവണ നമ്മൾ കണ്ടിട്ടുണ്ട്. നമുക്ക് ഹെർ ഹൈനസിനെ കൂടെ വരുത്തണം.

അങ്ങനെ ആഗ്രഹങ്ങൾ ഒന്നൊന്നായി സഫലമാകുമ്പോഴുണ്ട് തൊട്ടടുത്ത് ആരോ ഉറക്കത്തിൽ നമ്മുടെ ചിന്ത സാമ്പത്തികമായി പരുങ്ങലിലാണ് കാര്യമായി സഹായിക്കണം എന്ന അശരീരി കേട്ടത്. വളരെ അടുത്ത് പരിചയമുള്ള ശബ്ദം. പക്ഷേ ആളെ മനസ്സിലായില്ല എന്നു തോന്നുന്നു. രാവണനാ പത്തുതലയുള്ള ബുദ്ധിരാക്ഷസൻ. ആലോചിച്ചപ്പോൾ കാരണഭൂതന് പണ്ട് എന്റെമ്മേടെ ജിമ്മിക്കി കമ്മൽ ഏതോ തീവ്രവാദി ദേശദ്രോഹി അച്ചൻ കട്ടോണ്ട് പോയെന്നോ അവർക്ക് മറ്റ് പണിയാണെന്നോ മണിമണിയായി ഓർമ്മ വരുന്നു. അന്ന് പരാതിയിൽ FIR ഇട്ടിട്ടും പാർട്ടിക്കാരായ പോലീസുകാർക്ക് മാങ്ങാമോഷണം, സ്വർണ്ണമോഷണം പിന്നെ കടയിലെ കൗണ്ടറിലിരുന്ന് പണം അടിച്ചു മാറ്റൽ, പോക്സോ ഇരകളെ കേസിന്റെ പേരിൽ വീണ്ടും പീഡിപ്പിക്കൽ കലാപരിപാടി തീർന്നിട്ടു അവർക്കെവിടെ സമയം കിട്ടാനാ. സ്വർണ്ണത്തിന് 41500 രൂപയും പവന് വിലയുണ്ട്. എന്തായാലും ഫയലു വരുത്തി ഒരു ഒന്നൊന്നര ഒപ്പ്. LKG കുട്ടികളെ പോലെ കാണാതെ പറയുന്ന ചിന്താ ജെറോമിന്റെ ശമ്പളം ഇരട്ട ഭരണത്തിൽ ഇരട്ട ചങ്കൻ ഇരട്ടിയാക്കി. ഒരു ലക്ഷം രൂപയാക്കി. 2016 മുതൽ മുൻകാല പ്രാബല്യത്തിൽ 37.50 ലക്ഷം രൂപ വരെ രൊക്കപ്പണമായി നൽകി. ഒപ്പം ഫ്രീയായി ഒരുപദേശവും. ആ ചിറ്റപ്പൻ മന്ത്രിയുടെ അച്ചിയെ പോലെ വല്ല ആയുർവേദ റിസോർട്ട് തുടങ്ങ്.

അടുത്ത ദിവസം പാർട്ടി മീറ്റിംഗിൽ പാർട്ടി മുഖപത്രം 'ചിന്ത' സാമ്പത്തിക പ്രതിസന്ധിയിലാണെന്നറിയിച്ചിട്ടും മുഖ്യമന്ത്രി സഹായിച്ചില്ല എന്നും ഒരു വി.എസ് പക്ഷക്കാരൻ പരാതി പറഞ്ഞപ്പോഴാണ് മുഖ്യന് അബദ്ധം പറ്റിയത് എന്ന് തിരിച്ചറിഞ്ഞത്. ആലോചനയിലായ മുഖ്യനോട് എന്താ വിജയാ ചിന്തിക്കുന്നതെന്ന ചോദ്യത്തിന് അല്ല ഈ 78 വയസു വരെ സ്ഥിരം ചിന്ത വായിച്ചിട്ടും ചിന്തയ്ക്ക് സഹായം നല്കണമെന്നത് ചിന്ത വാരികയ്ക്കാണെന്ന് ചിന്തിക്കാൻ കഴിഞ്ഞില്ലല്ലോ എന്നു ഞാൻ ചിന്തിക്കുകയായിരുന്നു. ഏക ആശ്വാസമായത് ഗോഡ്ഫാദറിലെ 'നീ എന്തിനാടാ പഠിക്കുന്നതെ'ന്ന് ഇതു പോലെ തിലകൻ ചോദിച്ചിട്ടുണ്ടല്ലോ എന്നതാണ്. അതിനിടെ ഡോ. തോമസ് ഐസക്കും വന്നു ജീവനക്കാരുടെ ലീവ് സറണ്ടർ ഫയലും മുമ്പിലുണ്ട്. ഐസക്ക് തോമസിനെ കണ്ടപ്പോൾ മുഖ്യന് ഐസക് ന്യൂട്ടനെയും ഫോർ എവരി ആക്ഷൻ ദേർ ഈസ് ആൻ ഇക്വൽ ആന്റ് ഓപ്പസിറ്റ് റിയാക്ഷൻ'' സിദ്ധാന്തം ഓർമ്മ വന്നു. സറണ്ടർ ഫയലിലും ഒരു ഒപ്പും ഒപ്പം ഒരു ഓഫറും. 4 വർഷത്തിനു ശേഷം മാത്രം കുടിശ്ശിക കൊടുത്താൽ മതി. 1.04.2027 ന്. കഴിഞ്ഞ ചിന്ത ഫയലിൽ 7 വർഷം മുമ്പേ മുതൽ കൊടുത്തില്ലേ. അപ്പോൾ അതിന്റെ ഓപ്പസിറ്റ് ആയിക്കോട്ടെ. കൈരളി

വാർത്ത വൈറലാക്കി. നേരറിയിക്കുന്ന പത്രം നേരത്തെ ഇറക്കി. സറണ്ടർ ഉത്തരവായി. ഒരിക്കലും കിട്ടാത്ത കടം കൊടുത്ത പണത്തിനു ചെക്കു ലീഫ് കിട്ടിയവനെപോലെയും ഗ്രഹണി പിടിച്ചവന് പഴുത്ത കൂഴച്ചക്ക കിട്ടിയ സന്തോഷം കൊണ്ട് എനിക്കിരിക്കാൻ മേലേ എന്ന അവസ്ഥയിലും കുട്ടി സഖാക്കൾ ആർത്തു വിളിച്ചു. ചുമന്ന ലഡു വിതരണം ചെയ്തു. ചൈനീസ് പടക്കവും പൊട്ടിച്ചു. G.O.(P)148/Fin. dtd 28.12.22 കണ്ടപ്പോൾ ഗ്രഹണി പിടിച്ചവന് വയറിളകി. പടക്കം പൊട്ടിച്ചവരുടെ ആസനത്തിൽ വീണ് പടക്കം പൊട്ടി പൊള്ളി. അപ്പോഴും സഖാക്കൾക്ക് വേദന കൊണ്ട് ഇരിക്കാൻ മേലേ എന്നവസ്ഥ. നമ്മുടെ എംപ്ലോയീസ് യൂണിയൻ ഇതിനിടയിൽ ഒരു ക്യാപ്സൂൾ കണ്ടെത്തി. ചിന്തയ്ക്ക് കൊടുത്ത അത്രയും ഈകുൽ 7 വർഷം ആക്കിയില്ലല്ലോ പിണറായി സർക്കാർ സിന്ദാബാദ്. യൂണിയൻ നേതാക്കൾ ഒഴികെ പറഞ്ഞത് ജീവനക്കാർക്ക് ഇരിക്കപ്പൊറുതി കിട്ടണമെങ്കിൽ യുഡിഎഫ് ഭരണം വരണമെന്നുറപ്പ്.

മൻമോഹൻസിംഗ് ഒറ്റ ഗഡു ഡിഎ 10% തന്നതും ഉമ്മൻചാണ്ടി അടിസ്ഥാനശമ്പളം ഇരട്ടിയാക്കി തന്നതും ഫിറ്റ്മെന്റ് 12% എന്നത് സർവ്വീസ് വെയ്റ്റേജ് 15% വരെ തന്നതും പെൻഷൻ 56 വയസാക്കിയതും എൽ.റ്റി.സി തന്നതും വാങ്ങി നക്കിയിട്ട് നന്ദികേടിൽ അരിവാളിന് കുത്തിയതിന്റെ ശിക്ഷ എന്നാ അനുഭവിച്ചോ? പഞ്ചിംഗ് സ്പാർക്കിൽ ലിങ്ക് ചെയ്ത് ഇടിവെട്ടിയവനെ സറണ്ടറു കടിച്ച അവസ്ഥയ്ക്ക് ഇതെന്റെ ഇരട്ട പ്രഹരം എന്നു വിളിക്കാം. ജീവനക്കാർക്ക് ആകെ അവശേഷിക്കുന്ന അടിവസ്ത്രം എന്ന് ഊരി വാങ്ങുമെന്നതല്ലേ ഇപ്പോഴത്തെ ഭയം.

ഇലന്തൂർ നരബലി വിഷയത്തിൽ ലൈല, ഭഗൽസിംഗ്, ഷാഫി സഖാക്കൾ അനുഭവങ്ങൾ പങ്കുവയ്ക്കും. പരിപാടി ഓഫീസുകളിലിരുന്ന് ഓൺലൈനിൽ കാണുന്നവർക്ക് ഒരു സ്റ്റാറ്റ്യൂട്ടറി വാണിംഗ് ഉണ്ട്. പഴയ പിന്തിരിപ്പൻ രാജീവ് ഗാന്ധിയെ ഈ വേളകളിൽ ഓർമ്മിക്കുന്നത് പാർട്ടിവിരുദ്ധമാണ്. മരണപ്പെട്ടാലും കുലംകുത്തികൾ കുലംകുത്തികളെന്നതാണ് പാർ ട്ടി പ്രമാണം. പക്ഷേ പകരം നിങ്ങൾ ഇന്ത്യ എന്ന ഏതോ ഒരു ബൂർഷ്വാ വലതു രാജ്യം കോവിഡ് പ്രൊഡ്യൂസിംഗ് രാജ്യമായ നമ്മുടെ ചൈനയെ വളഞ്ഞിട്ട് ആക്രമിക്കുന്നു എന്ന അതീവ രഹസ്യവും ഞെട്ടിക്കുന്നതുമായ വാർത്ത ദീർഘദൃഷ്ടിയിലൂടെ കണ്ടെത്തിയ മുൻ പാർട്ടി കമ്രേഡ് കോടിയേരിയെ ഒരിക്കലും മറക്കരുത്. ആ ധീരദേശാഭിമാനിയും തികഞ്ഞ ഗാന്ധിയനുമായ നേതാവാണ് മുന്നറിയിപ്പ് കിട്ടിയ ചൈനയ്ക്ക് ഇന്ത്യൻ സൈന്യത്തെ തകർക്കുവാനും അതിർത്തി മുഴുവൻ ചൈനീസ് ബങ്കറുകൾ സ്ഥാപിക്കാനാവസരം നൽ കിയതെന്നും മറക്കരുത്. നമ്മുടെ പഴയ ഇ.എം.എസ് 1962 ൽ ഇന്ത്യ ചൈന യുദ്ധ സമയത്തും പാർട്ടി രാജ്യത്തെ ന്യായീകരിച്ച പാരമ്പര്യം നമുക്കുണ്ട്. എന്തായാലും നെഹ്റു – ഗാന്ധി കുടുംബത്തിലെ സ്ത്രീകൾ പ്രസവം നിറുത്തിയാൽ കോൺഗ്രസിന് പ്രസിഡന്റില്ലാതെ വരുമെന്ന മുൻനേതാവിന്റെ പ്രസ്താവന AIDWA സെമിനാറിൽ സ്ത്രീപക്ഷ പ്രസ്താവനയായി പത്മഭൂഷണിനു ശുപാർശ ചെയ്യണേ.

സമ്മേളന സ്ഥലത്തിന് മറ്റൊരു ചൈനീസ് സഖ്യരാജ്യമായ പാക്കിസ്ഥാന്റെ ബേനസീർ ഭൂട്ടോ സ്ക്വയർ എന്ന പേരിട്ട് വീണ്ടും സി.പി.എം വനിതകളും മാതൃരാജ്യ സ്നേഹം കാട്ടുന്നു. അടുത്ത സമ്മേളനം പാക്കിസ്ഥാനിൽ വച്ചിട്ട് 'ഇന്ദിരാഗാന്ധി സ്ക്വയർ' എന്ന് പേര് ഇട്ടിട്ട് തിരിച്ചു വന്നാൽ സി.പി.എം ന് ഭാരത് രത്ന് തരാം. പരിപാടിക്കിടെ ജോളി, ലൈല, ഗ്രീഷ്മ മാരുടെ സർവമത പ്രാർത്ഥന കാണുമോ? കടയ്ക്കാവൂർ പ്രസിദ്ധ ഭാരത് അനുപമയുടെ അച്ഛൻ സഖാവ് ജയചന്ദ്രനെ കൊണ്ട് ശിശുസുരക്ഷയും പാർട്ടിയും എന്ന് ക്ലാസും വേണം. മടക്കയാത്രയിൽ പാറശാലയിൽ ഒരു ചുവപ്പൻ തിരുവാതിര. ശിവഗിരിയിൽ മഞ്ഞയത്തം, ശബരിമലയിൽ കാവി കാവടിയാട്ടം കൂടി ആകാം. രഹ്ന ഫാത്തിമ, ബിന്ദു– അമ്മിണി എന്നിവരെയും മറക്കാതെ കൂട്ടണം.

രാഷ്ട്രപിതാവിനെക്കാൾ മൂല്യം പാർട്ടി സെക്രട്ടറിക്കാണെന്ന് സി.പി.എം ന് നിയമോപദേശം ലഭിച്ചു. ഗാന്ധിജി ജനിച്ചതും കോടിയേരി മരിച്ചതുമായ ദിവസം കണക്കിലെടുത്ത് പ്രതിജ്ഞ മാറ്റിവച്ചു. കോടിയേരിക്കു സ്തോത്രം. ഒന്നാം തീയതി കട അവധി ആണെങ്കിലും സാധനം സ്വല്പം കൈയിലുണ്ടായിരുന്ന ദാസനെയും വിജയനെയും ആരോ ഓർമ്മിപ്പിച്ചത് ''ഈ കൈനീട്ടം രാവിലെ എന്നത് വൈകിട്ടായാൽ വല്ല കുഴപ്പവും ഉണ്ടോ'' എന്ന കന്നാസിന്റെയും കടലാസിന്റെയും ചോദ്യമാണ്. സർക്കാർ ഉത്തരവിറങ്ങിയപ്പോൾ അശരീരി. എല്ലാം കണ്ടോണ്ട് ഒരുത്തൻ മോളിലുണ്ട് സേ....ട്ടോ ?

ഡിസംബർ 1 ന് മുഖ്യൻ ലിറ്ററിന് പാൽ വില 6 രൂപ കൂട്ടി. അതേ ദിവസം തമിഴ്നാട് മുഖ്യൻ സ്റ്റാലിൻ പാൽവില 3 രൂപ കുറച്ച് നല്ല കമ്മ്യൂണിസ്റ്റായി. പണ്ട് പഠിച്ചത് അമ്മ കാച്ചിയ പാൽ തരും കുടിച്ചില്ലെങ്കിൽ അമ്മ കരയും. ഇന്ന് പാൽവില കേട്ടാൽ അമ്മ കരയും. അതുകൊണ്ട് പാഠം ഒഴിവാക്കി. പക്ഷേ പാൽ കുടിക്കുന്നവരുടെ

10 ഇരട്ടി കള്ളു കുടിയന്മാരാണെന്നത് പാർട്ടിക്കറിയാം. അതിനാൽ അന്ന് തന്നെ മദ്യവിലയും കൂട്ടി. മദ്യവും ലോട്ടറിയുമാണല്ലോ മുഖ്യ വരുമാന ശ്രോതസ്സ്. മാസം 200 കോടി ലോട്ടറി വില്പനയ്ക്ക്. 10 കോടി രൂപ സമ്മാനം നല്കും. ബാക്കി 190 കോടി സർക്കാരിന്റെ പെട്ടിയിൽ. ഇനി ലോട്ടറി എടുക്കുന്നവരിൽ 1000 പേരിൽ 10 പേർക്ക് സമ്മാനം കിട്ടും. ആ 10 പേരും സന്തോഷത്താൽ കൂട്ടുകാരുമായി ബാറിൽ വന്നു മദ്യപിക്കും. പണം സർക്കാരിന്. ടിക്കറ്റടിക്കാത്ത 990 പേർ സങ്കടം തീർക്കാനും അതേ ബാറിൽ വരും. അവരുടെ പണവും സർക്കാർ പെട്ടിയിൽ. എങ്ങനെയുണ്ട് ബുദ്ധി.

2001 സെപ്റ്റംബർ 11 ന്റെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിനുശേഷം 20 വർഷം പിന്നിട്ട് 2021 ജൂൺ 30 ന് നടന്ന എ.കെ.ജി സെന്ററാക്രമണത്തെ ലോകത്തെ ഏറ്റവും കുലുക്കം അനുഭവപ്പെട്ട ആക്രമണം എന്ന് ഒരു മേഴ്സിയുമില്ലാതെ വെടി കൊണ്ട ജയരാജൻ. 85-ാം ദിവസം ഒപ്പിച്ചെടുത്ത യൂത്ത് കോൺഗ്രസുകാരനെ പ്രതിയാക്കി. വ്യാജപ്രതിയെ കോടതി ജാമ്യത്തിൽവിട്ടു. ഇൻഡിഗോ വിമാനത്തിൽ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസുകാരനെതിരെ വധശ്രമ കേസെടുത്തിട്ടും കോടതി ജാമ്യത്തിൽ വിട്ടു. ഒൻപതു വർഷങ്ങളും 8 മാസവും കൊണ്ടു നടന്ന സോളാർ നാറ്റകേസ് തിരിഞ്ഞുകൊത്തി. പരാതിക്കാരിയുടെ ആദ്യ ഷോർട്ട് ലിസ്റ്റിൽ 16 പേരായിരുന്നു. ഒത്തുതീർപ്പും അഡ്ജസ്റ്റുമെന്റും കഴിഞ്ഞ് OTV യും കഴിഞ്ഞ് CBI യ്ക്ക് ഫൈനൽ റാങ്ക് ലിസ്റ്റ് നൽകിയപ്പോൾ 6 പേർ മാത്രം. നോട്ടെണ്ണൽ യന്ത്രവുമായി ഇടതുമാറിയത് ഒരു മോൻ. പിന്നൊരു മോനും ഞരമ്പുരോഗിയും ഭാര്യയെ മൊഴി ചൊല്ലി LDF ൽ കയറിയവൻ. 6 പേരെയും CBI കോടതി വെറുതെവിട്ട് വേറൊരു തെളിവും ഇല്ല. പരാതിക്കാരി നല്കിയ സാക്ഷികൾ പോലും കള്ളമാണെന്ന് മൊഴിഞ്ഞു. കോടതിവിധി സഖാക്കളുടെ ആസനത്തിൽ കുന്തവും കൊടച്ചക്രവും പരുവത്തിലാണ് തറച്ചിരിക്കുന്നത്. പരാതിക്കാരിതന്നെ പറഞ്ഞത് ചിറ്റപ്പൻ മന്ത്രി 10 കോടി രൂപ തരാമെന്നു പറഞ്ഞു. കോൺഗ്രസുകാർക്കെതിരെ അഭിപ്രായം പറയണമെന്ന്. സന്ദേശം സിനിമയിൽ ശങ്കരാടി പറഞ്ഞു ''എതിർ പാർട്ടിയെ തോല്പിക്കാൻ ഒറ്റ വഴിയേ ഉള്ളൂ അവരിൽപെട്ട കുറെ കൊള്ളാവുന്നവർക്കെതിരെ വല്ല പെണ്ണുകേസും വരുത്തി നാറ്റിക്കണം. അത് അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി. 10 വർഷം അവരെയും കുടുംബത്തെയും ക്രൂശിച്ചതിനു കൂട്ടുനിന്ന സഖാക്കളും സംഘികളും മാധ്യമമാമാമാരും മരത്തിൽ കൈകാൽ കെട്ടി എത്ര ദിവസം ''ലേലുഅല്ലു'' പറഞ്ഞാലും തിരിച്ചെടുക്കാനാകുമോ ആ വേദന.

ദൈവം ഉടൻ തിരിച്ചു കൊടുത്തതും നാം കണ്ടു. സ്വപ്ന ഒരു മുൻ മന്ത്രിയ്ക്ക് നൽകിയ വിശേഷണം 'വീട്ടിൽ കയറ്റാൻ കൊള്ളാത്തവൻ.' മറ്റൊരു മന്ത്രി 'മൂന്നാറിൻ കാനനഛായയിൽ ചാറ്റുചെയ്യാൻ സ്വപ്നയെ ഞാനിന്നു കൊണ്ടുപോകാം' എന്ന ശൃംഗാരഭാവത്തെയാണ് മൂന്നാമൻ മുൻ സ്പീക്കർ മുന്തിയ റെമി മാർട്ടിൻ മദ്യമൊക്കെ കഴിച്ച് കാമുകഭാവത്തിൽ ഔദ്യോഗിക വസതിയിലേക്ക് ഒറ്റയ്ക്ക് ക്ഷണിച്ചു എന്ന്. പുസ്തകരൂപത്തിൽ വരെ വന്ന പരാതിക്കു ഒരു നടപടിയും ഇല്ലത്രേ. മൂന്നു സഖാക്കളും താടിക്കാരായത് തികച്ചും ബുദ്ധിജീവി ചമയൽ യാദൃശ്ചികം. അല്ലാതെ 'താടിയുള്ളപ്പനേ പീഡിപ്പിക്കൂ' എന്നൊന്നും ഒരർത്ഥവുമില്ല എന്ന് ലേഖിക എന്തായാലും ഒരു നീലകാസറ്റ് കാണിച്ചു തരാമെന്ന് ബിജു രാധാകൃഷ്ണൻ പറഞ്ഞപ്പോൾ കോയമ്പത്തൂരു വരെ ചാനൽ മാമപ്പണിക്കാർ സഖാക്കൾക്കൊപ്പം ലൈവായി പോയതും ഒടുവിൽ തമിഴന്റെ മഞ്ഞകായ സഞ്ചിയിൽ രണ്ടു കൈലിയും അടിവസ്ത്രവും കണ്ട് സായൂജ്യമടഞ്ഞതും നാറ്റിയത് എത്ര സുഗന്ധം സ്പ്രേ ചെയ്താലും തീരുമോ.

വിഷാദ മൗനരോഗങ്ങൾക്ക് കേരളത്തിൽ മരുന്നിനുപകരം പുതിയ ഒരു പദം പരീക്ഷിച്ചു വിജയിച്ചു. 'യൂണിവേഴ്സിറ്റി' എന്നതാണ് വാക്ക്. 6 വർഷങ്ങളായി ഒരിക്കൽ പോലും ചിരിക്കാത്ത രോഗി യൂണിവേഴ്സിറ്റി എന്നു കേട്ടപാടെ ഫ്രണ്ട്സ് ശ്രീനിവാസൻ ശൈലിയിൽ ചിരിച്ചു കൊണ്ടോടി. പ്രഫസറാകാൻ 10 വർഷത്തെ അസിസ്റ്റന്റ് അസോസിയേറ്റ് പ്രൊഫസർ അദ്ധ്യാപക പരിചയത്തിനുപകരം പ്രസവാവധിയ്ക്ക് ദിവസവേതന പഠിപ്പിക്കലും ടൂട്ടോറിയൽ പഠിപ്പിക്കലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പുസ്തക കച്ചവട ഡപ്യൂട്ടേഷൻ പരിചയവും എൻ.എസ്.എസ് ഭാഗമായ മാലിന്യ നിർമ്മാർജന കുഴിവെട്ടുമെല്ലാം കൂട്ടിച്ചേർത്ത് പ്രിയാവർഗ്ഗീസിനെ തിരികി കയറ്റിയതാണ് ഹൈക്കോടതി ചെവിയ്ക്ക് പിടിച്ചു പുറത്താക്കിയത്. 2007 ൽ വി.എസ്ന്റെ കേരള വാഴ്സിറ്റി അസിസ്റ്റന്റ് നിയമന അഴിമതിക്കെതിരെ കോൺഗ്രസ് നടത്തിയ സമരത്തെ മുൻനിറുത്തി 2014 ൽ ഉമ്മൻചാണ്ടി എല്ലാ സർവ്വകലാശാല അനദ്ധ്യാപക നിയമനവും പി.എസ്.സി ക്കു വിട്ടതെന്നത് അസോസിയേഷൻ അഭിമാനത്തോടെ ഓർമ്മിപ്പിക്കുന്നു. എന്തായാലും തെറ്റായി നിയമിക്കപ്പെട്ട 13 സർവ്വകലാശാലാ വി.സി മാർ തൊഴിലില്ലാതെ ബംഗാളികൾ കൂട്ടംകൂട്ടമായി നിൽക്കുന്നപോലെ



എകെജി സെന്ററിൽ കൂട്ടം കൂടി നില്ക്കുന്നത് ഇരട്ടചങ്കൻ പോലും സഹിക്കില്ല. പിന്നല്ലേ പെറ്റ തള്ളമാർ. എന്തായാലും കെ.എസ്.ആർ.റ്റി.സി ബസ് കട്ടപ്പുറത്തും തൊഴിലാളികൾ LWA അവസ്ഥയിലും അതെ അവസ്ഥയിലാണ് ഒരു ഡസനിലധികം വി.സി മാരെന്നത് പരമകഷ്ടം തന്നെ.

അതിജീവന പ്രശ്നങ്ങളും പുനരധിവാസവും മണ്ണെണ്ണയുടെ അമിത വിലയും എല്ലാം മുൻനിർത്തി തീരദേശ മത്സ്യതൊഴിലാളികൾ നടത്തിയ സമരം അഞ്ചു മാസം നടന്നിട്ടും മുഖ്യമന്ത്രി തിരിഞ്ഞുനോക്കിയില്ല. രണ്ടു പ്രളയങ്ങളിൽ വള്ളങ്ങളുമായി പോയി ആയിരക്കണക്കിന് ജീവനുകൾ രക്ഷിച്ച കേരളത്തിന്റെ മാലാഖമാരും സൈന്യവുമെന്ന് മുഖ്യൻ വിശേഷിപ്പിച്ച അതേ നാവുകൊണ്ട് അവരെ തീവ്രവാദികളും ദേശദ്രോഹികളുമായി ചിത്രീകരിച്ചത് കൊടുംക്രൂരതയും നന്ദികേടുമാണ്. അദാനിയെ സഹായിക്കാൻ ബിജെപി -സിപിഎം ജില്ലാ നേതാക്കൾ തോളിൽ കൈയിട്ടു സംയുക്തസമരം നടത്തിയിട്ടും കട്ടസഖാക്കൾക്കോ തീവ്രസംഘികൾക്കോ ഒരു ഉളുപ്പുമില്ല. ഉമ്മൻചാണ്ടി സർക്കാർ മത്സ്യതൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനും മറ്റുമായി 454 കോടി രൂപ മുൻകൂട്ടി മാറ്റിവച്ചതു വിനിയോഗിച്ച് തീർക്കാവുന്ന പ്രശ്നം കേന്ദ്രസേനയെ വരെ വിളിച്ചു വരുത്തി സമരത്തെ സഹായിക്കുന്ന കോൺഗ്രസ് മുക്ത കേരളത്തിനു ശ്രമിക്കുന്ന സി.പി.എം-ബിജെപി ബന്ധം നാടിനാപത്താകുമെന്നതുറപ്പ്.

'കെ-റെയിൽ വരും ഗട്ടോ. അതിനൊരു സംശയവുമില്ല' എന്ന് മുഖ്യന്റെ വീമ്പിളക്കൽ. കേട്ടിട്ടുണ്ട്, കേട്ടിട്ടുണ്ട് എന്ന് നാട്ടുകാർ. എന്തൊക്കെയായിരുന്നു. പോലീസതിക്രമം നടത്തി. മതിലു ചാടി കടന്നു. സ്ത്രീകളുടെ കാലിൽ പിടിച്ചു കീറി. പിഞ്ചുകുഞ്ഞുങ്ങളെ വലിച്ചിഴച്ചു. പോലീസ് മുതുകത്ത് ബൂട്ടിട്ടു ചവിട്ടി. പക്ഷേ മഞ്ഞകുറ്റി ഇട്ടാൽ പിഴുതെറിയും എന്ന് കെ.സുധാകരൻ എം.പി പറയുക മാത്രമല്ല ആയിരക്കണക്കിനു കുറ്റികൾ സ്ത്രീകളടക്കം പിഴുതെറിഞ്ഞു. ഇപ്പോൾ കുറ്റികളൊന്നും കാണാനില്ല. കേന്ദ്രം കെ-റെയിൽ അനുമതി നിഷേധിച്ചു. പിണറായിയുടെ അഹങ്കാരം അവസാനിപ്പിക്കുന്നതിന്റെ അടിത്തറയായി മാറും മഞ്ഞക്കുറ്റികൾ എന്നുറപ്പ്.

തിരുവനന്തപുരം മേയർ ഇരുപത്തിമൂന്ന് ഓണമേ ഉണ്ടിട്ടുള്ളൂ. പക്ഷേ അഴിമതിയുടെ കാര്യത്തിൽ പ്രായം നവതി. ആറ്റുകാലമ്മയുടെ പേരിൽ വരെ പണം തട്ടിപ്പ്. 2021 ൽ റോഡിൽ പൊങ്കാല ഇടാൻ ചൈനയിൽ വന്ന കമ്മ്യൂണിസ്റ്റ് കോവിഡ് അനുവദിച്ചില്ല. പക്ഷേ 8 കിലോമീറ്റർ ദൂരം ഇടാത്ത പൊങ്കാലയ്ക്കു കൂട്ടാത്ത അടുപ്പ് ചുടുകട്ടയും ചാരവും മാറ്റിയതിന് 5 ലക്ഷം, പൊറോട്ട ബീഫ് വാങ്ങി നല്കിയതിന് ഒരു ലക്ഷം വെട്ടിപ്പ്. ബിൽഡിംഗ് ടാക്സ് വെട്ടിപ്പ്. ഏറ്റവുമൊടുവിൽ ലറ്റർപാഡിൽ സി.പി.എം ജില്ലാസെക്രട്ടറിക്ക് കത്ത്. സഖാവേ 295 ഒഴിവിൽ പാർട്ടിസഖാക്കളുടെ മുൻഗണനാലിസ്റ്റ് തരിക. കത്ത് വിവാദമായി. ആളിക്കത്തി. മേയറുടെ മറുപടി. എന്റെ കത്ത് ഇങ്ങനല്ല. 'എന്റെ ഗർഭം ഇങ്ങനല്ല അമ്മേ' എന്ന ജഗതിയുടെ ഡയലോഗ്. പക്ഷേ പോലീസ് അന്വേഷിച്ചാൽ ഒപ്പു കണ്ടുപിടിക്കും. ജയിലിൽ പോകുമെന്നതിനാൽ പാർട്ടി അന്വേഷിക്കുമത്രേ. 56 ദിവസത്തെ യുഡിഎഫ് സമരത്തിൽ മേയർക്കൊപ്പം കത്തെഴുതിയ ഡി.ആർ.അനിലിനെ മാറ്റി സി.പി.എം ജില്ലാസെക്രട്ടറി ആനാവൂരിനെയും മാറ്റിയതും വൻവിജയം. പി.ജയരാജൻ ഇ.പി.ജയരാജനെതിരെ ഉയർത്തിയ റിസോർട്ട് ആരോപണവും രൂക്ഷം. രണ്ടാം വർഷ പരീക്ഷ വിജയിക്കാത്തവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് തിരിച്ചുവാങ്ങി നാണം കെട്ടതും എൽഡിഎഫ് സർക്കാർ. കേരളം 4 ലക്ഷം കോടി രൂപ കടത്തിലേക്ക് ഇങ്ങനെ പോയാൽ വളരെ ദരിദ്രകാലത്ത് കേരളത്തിലുണ്ടായിരുന്ന കുത്തുപാള എന്ന ദാരിദ്ര്യത്തിന്റെ മഞ്ഞപ്പാള മലയാളികൾ എടുക്കേണ്ടി വരുമെന്നതിൽ മലയാളികൾ ജാഗ്രതൈ. പിണറായി ഭരണത്തിന് അന്ത്യം കണ്ടേ മതിയാവൂ.


## PSCEA സാംസ്കാരിക വിഭാഗം സംഘടിപ്പിച്ച ക്രിസ്തുമസ് പ്രോഗ്രാം



ബഹു പാളയം ഇമാം ഡോ. വി.പി. ഷുഹൈബ് മൗലവി ക്രിസ്തുമസ് സന്ദേശം നൽകുന്നു.



**മഹാത്മാഗാന്ധിയുടെ രക്തസാക്ഷിദിനമായ ജനുവരി 30-ാം തീയതി നടന്ന പ്രഭാഷണത്തിൽ അഡ്വ. കെ. വിനോദ്സെൻ സംസാരിക്കുന്നു. വിഷയം : സമകാലിക സമൂഹത്തിൽ ഗാന്ധിസത്തിന്റെ പ്രസക്തി,**



# കണ്ണീർ മഴയിലൂടെ

എന്റെ സ്വപ്നങ്ങൾ നിറച്ച പുസ്തകത്തിൽ
നീ കറുത്ത മഷി കോരിയിട്ടു
കറുത്ത തിരശ്ശീലയ്ക്കുള്ളിൽ
അവർ വീർപ്പുമുട്ടിപ്പിടഞ്ഞു
കണ്ണീരിന്റെ ചൂടും നനവും നൽകി
ഞാനവരെ വാരിപ്പുണർന്നു
എന്റെ വിതുമ്പലുകൾ
മഷി പടർന്നു വർണ്ണങ്ങളായി
ചിതറിത്തെറിച്ചു
ഞാൻ തീർത്ത മഴവില്ല്
പൊൻവെയിലിൽ കുതിർന്ന സായന്തനത്തിൽ
എന്റെ ആകാശത്തിൽ തെളിഞ്ഞു നിന്നു
മഴനനഞ്ഞുല്ലസിക്കുന്ന ഇലച്ചാർത്തുകളിൽ
ഒരു കുഞ്ഞിലയായി
ചുവടുവയ്ക്കുന്ന പാദങ്ങൾ
എന്റേതുതന്നെയെന്ന്
വിസ്മയം കൊള്ളുമ്പോൾ
നിനക്കു നന്ദി - ഒരായിരം
ഈ മഴവില്ലും
എനിക്കു സമ്മാനിച്ചത്
നീ തന്നെയല്ലേ.



അമ്പിളി ആർ.

# ഇര തേടുന്നവർ



ഷാജി.എ

ഇര തേടി അലയുന്നു നമ്മൾ
നിധി തേടി അലയുന്നു നമ്മൾ
ജീവിത പാതയിൽ ഇണ
തേടി അലയുന്നു നമ്മൾ
തളരുന്ന പ്രാണനെ തല
വെട്ടി വിൽക്കുന്നു നമ്മൾ
നിഴലിൽ വിരിയും നിറമുള്ള
വർണ്ണങ്ങൾ തേടി അലയുന്നു നാം
സ്നേഹം തേടി അലയുന്ന നാം
വിരഹം നേടി മറയുന്നു
കനവുകൾ ഒക്കെയും മായയല്ലോ
സ്വാർത്ഥ മോഹങ്ങൾ ഒക്കെയും മിഥ്യയല്ലോ
കനവു കണ്ടു മടുത്തു നമ്മൾ
കരളു കറുത്തു കനല് ചിന്തി
മണ്ണിൽ എരിഞ്ഞടങ്ങുന്നു



# കാൽപന്ത് കളിയിലെ ലോകവിസ്മയം

## (ഖത്തർ ലോകകപ്പ് – 2022 ഒരു തിരിഞ്ഞുനോട്ടം



വിനോദ് പി.ജെ

നൂറ്റാണ്ടുകൾക്കു മുമ്പേ മനുഷ്യരാശിയെ ഭ്രമിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്ത കാൽപ്പന്തുകളി. അതിന്റെ മാസ്മരിക വശ്യതയിൽ രാജ്യാതിർത്തികൾ പോലും അലിഞ്ഞില്ലാതാവുന്നു. ലോകം തന്നെ ഒരൊറ്റ കുടക്കീഴിലാവുന്ന, അപ്രകാരം മണ്ണിലും, വിണ്ണിലും, തൂണിലും തുരുമ്പിലും പ്രാണവായുപോലെ കാൽപ്പന്തുകളിയെ പ്രണയിച്ച ലോകജനതയ്ക്ക് മറക്കാനാകാത്ത ചരിത്രം കുറിച്ച ലോകകപ്പ് ആയിരുന്നു ഖത്തർ ലോകകപ്പ് 2022.

ലോക ഫുട്ബോൾ ചരിത്രത്തിൽ അർജന്റീന മൂന്നാം വിശ്വകിരീടം നേടിയെടുത്തുകൊണ്ട് ഖത്തർ ലോകകപ്പിന് തിരശ്ശീല വീണു. കാൽപ്പന്തുകളിയിൽ കാലം മായ്ക്കാത്ത കേളീസ്പർശം കൊണ്ട് അവതാര പുരുഷനായി മാറിയ മെസ്സിയായിരുന്നു അർജന്റീനയ്ക്ക് ലോക ഫുട്ബോൾ കിരീടം നേടിയെടുക്കുന്നതിൽ ടീമിന്റെ കരുത്തായി പ്രവർത്തിച്ചത്. ഏഴ് കളികളിൽ നിന്നായി ഏഴ് ഗോളുകളും മൂന്ന് അസിസ്റ്റുകളും ഈ ലോകകപ്പിൽ താരം നേടി.ലോകകപ്പിലെ മികച്ച താരത്തിനുള്ള ഗോൾഡൻ ബോൾ പുരസ്കാരം മെസ്സിയുടെ പ്രകടന മികവിന് തിലകക്കുറി ചാർത്തുന്നതായിരുന്നു.

മികച്ച ഗോൾ കീപ്പർക്കുള്ള ഗോൾഡൻ ഗ്ലൗ നേടിയ അർജന്റീനയുടെ എമി മാർട്ടിനസ് നടത്തിയ പ്രകടനം അവിസ്മരണീയമാണ്. ക്വാർട്ടർ ഫൈനലിൽ നെതർലാന്റിനെതിരെയും ഫൈനലിൽ ഫ്രാൻസിനെതിരെയും പെനാൽട്ടി ഷൂട്ടൗട്ടിൽ മാർട്ടനസിന്റെ പ്രകടനമാണ് അർജന്റീനയുടെ ലോകകപ്പ് മോഹങ്ങൾക്ക് നിർണ്ണായകമായത്. ലോകകപ്പിലെ ഏറ്റവും മികച്ച യുവതാരമായി എൻസൊ ഫെർണാണ്ടസ് തിരഞ്ഞെടുക്കപ്പെട്ടു.

നിലവിലെ ചാമ്പ്യൻമാരായി ഈ ടൂർണമെന്റിന് എത്തിയ ഫ്രാൻസ് ടീം ആധികാരികമായ പ്രകടനത്തോടെയാണ് ഫൈനൽ വരെയെത്തിയത്. കിലിയൻ എംബപ്പെ എന്ന പുതിയ ഒരു താരോദയത്തിന് കൂടി സാക്ഷിയാകുവാൻ ഈ ലോകകപ്പിന് കഴിഞ്ഞു. ഒറ്റയ്ക്ക് പോരാടി ലോകജനതയ്ക്ക് മുന്നിൽ ഒരു ഹീറോ ആയി മാറി ഫ്രാൻസിന്റെ ഫോർവേഡായ കിലിയൻ എംബപ്പെ. ഇദ്ദേഹത്തിന്റെ പ്രകടനം ഫ്രാൻസിന്റെ ഫൈനൽ പ്രവേശനത്തിന് നിർണ്ണായകമായി.



ഫോർവേഡായി മാത്രം കളിച്ചിരുന്ന അന്റോയിൻ ഗ്രീസ് മാൻ ടീമിന്റെ മിസ്ഫീൽഡ് പ്ലേ മേക്കറായി കളിച്ച് മികച്ച പ്രകടനം കാഴ്ച വച്ചു.

ആകെ 64 മത്സരങ്ങളിലായി 172 ഗോളുകൾ ലോകകപ്പിൽ പിറന്നു. ലയണൽ മെസി ലോകകപ്പിൽ ആകെ 26 മത്സരങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിച്ചു. ഇത് റെക്കോർഡാണ്.

ഈ ലോകകപ്പിലെ ഏറ്റവും വലിയ ഫ്ളോപ്പ് റൊണാൾഡോ ആയിരുന്നു. അദ്ദേഹത്തിന്റെ ഇതുവരെയുള്ള കരിയറിലെ ഏറ്റവും മോശം ടൂർണമെന്റായിരുന്നു ഇത്. അഞ്ച് വ്യത്യസ്ത ലോകകപ്പുകളിൽ ഗോൾ നേടിയ ആദ്യ താരമായി എങ്കിലും പരിശീലകനുമായുണ്ടായ ഉരസലുകൾ അദ്ദേഹത്തിന്റെ കളിയെ ബാധിച്ചു. ടീമുമായുള്ള അദ്ദേഹത്തിന്റെ സ്വരച്ചേർച്ചക്കുറവ് മികച്ച കളിക്കാരനായിട്ടും പകരക്കാരുടെ ബെഞ്ചിലായി. അവസാനം മൊറോക്കോയോട് 1–0 ത്തിന് ടീം തോറ്റ് പുറത്തായപ്പോൾ കരഞ്ഞുകൊണ്ട് കളം വിടാനായിരുന്നു അദ്ദേഹത്തിന്റെ വിധി.

ഏറ്റവും മികച്ച ഗോൾ ബ്രസിലീന്റെ റിച്ചാലിസൺ സെർബിയക്കെതിരെ ഗ്രൂപ്പു ഘട്ടത്തിൽ നേടിയ ഗോളാണ്. പെനാൽട്ടി ഏര്യയ്ക്ക് സമീപം ഉയർന്നുവന്ന പന്തിനെ അദ്ദേഹം തറയിൽ നിന്നും ഉയർന്നു ചാടി ഒരു ഗംഭീര അക്രോബാറ്റിക് കിക്കിലൂടെ വലയിലെത്തിച്ചു. ആ മത്സരം 2–0 ത്തിന് ബ്രസീൽ ജയിച്ചു.

ഏറ്റവും മികച്ച ഗോൾ സേവ് ഫൈനലിൽ എമി മാർട്ടിനസ് ചെയ്ത സേവാണ്. കളി തീരാൻ 20 സെക്കന്റ് മാത്രം ബാക്കിയുള്ളപ്പോൾ ഫ്രാൻസ് സ്ട്രൈക്കർ റാൻഡൽ കോലോ മുവാനി ഗോൾ കീപ്പർ മാത്രം മുൻപിൽ നിൽക്കെ ചെയ്ത ക്ലീൻ ക്രോസ് ഗോളെന്നുറച്ചത് എമി മാർട്ടിനസ് ഇടത് കാലിൽ തട്ടി പുറത്തേക്ക് കളഞ്ഞു. ആ ഗോൾ വീണിരുന്നു എങ്കിൽ കിരീടം ഫ്രാൻസിനാകുമായിരുന്നു. മെസിയുടെ ഗോളുകൾ പോലെ തന്നെ പ്രധാനപ്പെട്ട ഒരു സേവായിരുന്നു അത്.

ഏറ്റവും മികച്ച മത്സരം അർജന്റീന –നെതർലൻഡ്സ് ക്വാർട്ടർ ഫൈനൽ മത്സരമായിരുന്നു. 17 മഞ്ഞക്കാർഡുകളും ഒരു ചുവപ്പ് കാർഡും കണ്ട ആ മത്സരത്തിൽ സ്വതവേ ശാന്തസ്വഭാവമുള്ള മെസി രോഷാകുലനാകുന്ന സാഹചര്യം വരെയുണ്ടായി. 2–2 സമനിലയിൽ അധിക സമയത്തിനും ശേഷം പെനാൽട്ടി ഷൂട്ടൗട്ടിലാണ് അർജന്റീന മത്സരം വിജയിച്ചത്.

ഈ ലോകകപ്പിൽ ഏറ്റവും നിരാശപ്പെടുത്തിയ ടീം ബെൽജിയമാണ്. ലോകകപ്പ് തുടങ്ങുമ്പോൾ 2–ാം റാങ്കിലുണ്ടായിരുന്ന ബെൽജിയം ടീം ലോകത്തിലെ മികച്ച ചില താരങ്ങളുമായാണ് മത്സരത്തിനെത്തിയത്. കളിക്കാർക്ക് ഒത്തിണക്കത്തിലെത്താൻ സാധിക്കാത്തത് പരാജയ കാരണമായി. ഗ്രൂപ്പ് ഘട്ടത്തിൽ തന്നെ അവർ പുറത്തായി. ടൂർണമെന്റിൽ ആകെ ഒരു ഗോൾ മാത്രമാണ് അവർക്ക് നേടാനായത്. ഇത് കോച്ച് റോബർട്ടോ മാർട്ടിനസിന്റെ പുറത്താക്കലിനും വഴി വച്ചു. അതുപോലെ ജർമ്മൻ ടീം തുടർച്ചയായി രണ്ടാം വട്ടവും ഗ്രൂപ്പ് ഘട്ടത്തിൽ പുറത്തായി.

ഈ ലോകകപ്പിലെ പ്രകടനങ്ങളിൽ ഏറ്റവും മികച്ച നിമിഷം ഇൻജ്വറി ടൈമിന്റെ 11–ാം മിനിറ്റിൽ ഫ്രീകിക്കിലൂടെ നെതർലൻഡ്സ് അർജന്റീനയെ സമനിലയിൽ കുരുക്കിയ ഗോളാണ്.

ആ മത്സരത്തിൽ കളിയുടെ അവസാന ഘട്ടത്തിൽ നെതർലൻഡ്സിന് ലഭിച്ച ഫ്രീകിക്ക് പെനാൽട്ടി ബോക്സിനു മുൻപിൽ ഡയറക്ട് ഷോട്ട് എടുക്കാതെ ട്യൂൺകൂപ്പ് മൈനേഴ്സ് പോസ്റ്റിനു മുൻപിൽ നിരന്നു നിന്ന അർജന്റീനയുടെയും നെതർലൻഡ്സിന്റെയും കളിക്കാരുടെ ഇടയിലേക്ക് ഒരു ചെറിയ പാസ് കളിച്ചു. നെതർലൻഡ്സിന്റെ വൗട്ട് വെഗോസ്റ്റ് തന്നെ മാർക്ക് ചെയ്ത അർജന്റീനിയൻ കളിക്കാരെ കബളിപ്പിച്ച് ഒരു ടച്ച് എടുത്ത് പോസ്റ്റിലേക്ക് ഫിനിഷ് ചെയ്തു. ഇത് മത്സരത്തെ എക്സ്ട്രാ ടൈമിലേക്കും പെനാൽട്ടി ഷൂട്ടൗട്ടിലേക്കും നീട്ടിക്കൊണ്ടുപോയി.

എല്ലാവരിലും ആവേശം ജനിപ്പിക്കുന്ന പ്രകടനമാണ് മൊറോക്കോ നടത്തിയത്. ലോകകപ്പ് ചരിത്രത്തിലാദ്യമായി ഒരു ആഫ്രിക്കൻ രാജ്യം സെമിഫൈനലിൽ എത്തുകയും സെമിയിൽ ഫ്രാൻസിനോട് പൊരുതിത്തോൽക്കുകയുമാണ് ചെയ്തത്. മനോഹരമായ കളിയാണെന്ന് മൊറോക്കോ ടൂർണമെന്റിലുടനീളം കാഴ്ച വച്ചത്. നല്ല ടീം ഗെയിമാണ് മൊറോക്കോ കാഴ്ച വച്ചത്. എങ്കിലും നല്ലൊരു ഫിനിഷറുടെ അഭാവം മത്സരങ്ങളിൽ എടുത്തുകാണുന്നുണ്ടായിരുന്നു. ഗ്രൂപ്പ് മത്സരത്തിൽ ബെൽജിയത്തെയും കാനഡയെയും പുറംതള്ളി ക്രൊയേഷ്യയോടൊപ്പം ഫ്രീക്വാർട്ടറിലേക്കും അവിടുന്ന് പ്രീ ക്വാർട്ടറിൽ സ്പെയിനിനെയും ക്വാർട്ടറിൽ പോർച്ചുഗലിനെയും മൊറോക്കോ തോൽപ്പിച്ചു.

പ്രീ ക്വാർട്ടറിൽ അധികസമയത്തിനുശേഷം പെനാൽട്ടി ഷൂട്ടൗട്ടിൽ ക്രൊയേഷ്യയോട് തോറ്റു പുറത്തായ ജപ്പാൻ ടീം ശ്രദ്ധ നേടിയത്, ജപ്പാൻ ടീമിന്റെ എല്ലാ മത്സരങ്ങൾക്കും ശേഷം ആരാധകരും താരങ്ങളും ഗ്യാലറിയും ഗ്രൗണ്ടും സ്വയം വൃത്തിയായിക്കിയിട്ട് പോകുന്നതിലൂടെയായിരുന്നു. എല്ലാവരുടെയും അഭിനന്ദനം നേടിയ ഒരു പ്രവൃത്തിയായിരുന്നു ഇത്.

ഒരു ലോകകപ്പിൽ ഏറ്റവും കൂടുതൽ ഗോളുകൾ വന്നത് – ഖത്തർ ലോകകപ്പ് (172 ഗോളുകൾ)

ഏറ്റവും കൂടുതൽ ഗോളടിച്ച താരം – കിലിയൻ എംബപ്പെ (ഫ്രാൻസ്) – 8 ഗോളുകൾ

ഗോൾ നേടിയ പ്രായമേറിയ താരം – പെപ്പെ (പോർച്ചുഗൽ) – 39 വയസ്സും 283 ദിവസവും

ഗോൾ നേടിയ പ്രായം കുറഞ്ഞ താരം – ഗാവി (സ്പെയിൻ) 18 വയസും 109 ദിവസവും

ഈ ലോകകപ്പിൽ ഏറ്റവും വേഗമേറിയ ഗോൾ നേടിയത് – അൽഫോൺസോ ഡേവിസ് (കാനഡ) – രണ്ട് മിനിറ്റ്

ഏറ്റവും കൂടുതൽ ഗോളടിച്ച ടീം – ഫ്രാൻസ് (16 ഗോളുകൾ)

ഏറ്റവും കൂടുതൽ ഗോളുകൾ വഴങ്ങിയ ടീം – കോസ്റ്റാറിക്ക (11 ഗോളുകൾ)

ഏറ്റവും കുറവ് ഗോൾ വഴങ്ങിയ ടീം – ടുണീഷ്യ (1 ഗോൾ)

ഏറ്റവും കൂടുതൽ ഗോൾ പിറന്ന മത്സരം – 8 ഗോളുകൾ – ഇംഗ്ലണ്ട് – ഇറാൻ മത്സരം (6–2)

ഒരു കളിയിൽ ഏറ്റവും കൂടുതൽ ഗോളടിച്ച ടീം – സ്പെയിൻ (7 ഗോൾ)

ഏറ്റവും കൂടുതൽ ക്ലീൻ ഷീറ്റുള്ള ടീം – മൊറോക്കോ

ഏറ്റവും കൂടുതൽ സമനില നേടിയ ടീം – ക്രൊയേഷ്യ (4 മത്സരങ്ങളിൽ സമനില)

കൂടുതൽ തവണ കളിയിലെ താരമായത് – മെസ്സി (5 മത്സരങ്ങളിൽ)

ഒരു കളിയും ജയിക്കാത്ത ടീമുകൾ – കാനഡ, ഡെൻമാർക്ക്, ഖത്തർ, സെർബിയ, വെയ്ൽസ്

കൂടുതൽ തോൽവികൾ വഴങ്ങിയ ടീമുകൾ – കാനഡ

മികച്ച ഒരുപാട് ഓർമ്മകൾ ബാക്കിവച്ച് 2022 ലോകകപ്പ് ഫുട്ബോളിന്റെ കൊടിയിറങ്ങി. കളിയാരാധകർ അമേരിക്കയും മെക്സിക്കോയും കാനഡയും ഒത്തുചേർന്ന് നടത്തുന്ന 2026 ലോകകപ്പിലേക്ക് കണ്ണും കാതും തുറന്ന് കാത്തിരിക്കുന്നു. കളിയാരവങ്ങൾക്കായി..........



# കാകദൃഷ്ടി

തുളസിക്കുന്നിലെ ആൽമരക്കൊമ്പിലിരുന്ന കിളിക്ക് പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ വരികളാണ് ഓർമ്മ വന്നത് :

''രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റി

നടത്തുന്നതും ഭവാൻ.....

മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പു-

കേറ്റുന്നതും ഭവാൻ.....''

കാരണഭൂതന്റെ ഓരോ ലീലാവിലാസങ്ങളെക്കുറിച്ചെന്ത് പറയാൻ ? S.O ആയെന്ന കാരണം പറഞ്ഞ് വിദൂരജില്ല കളിലേക്ക് പറക്കേണ്ടി വന്നവർ, ആ പേരിൽ നിർബന്ധിത ഡ്യൂട്ടികൾക്ക് നിയോഗിക്കപ്പെട്ടവർ ഒക്കെ ഇപ്പോൾ സദാ ASO കിളികളായി മടങ്ങിയെത്തിയിരിക്കുന്നു. ശമ്പളം കിട്ടിയ കാലം മറന്നു, ഒരു ചായ കുടിക്കണമെങ്കിൽ നാട്ടുകാരുടെ മുന്നിൽ കൈ നീട്ടണം. ലീലകൾ അപാരം തന്നെ. ജീവിതം തന്നെ ഒരു മിഥ്യയാണെന്നും, സർക്കാർ ജോലി വിശിഷ്യാ പി.എസ്.സി യിലേതിനേക്കാൾ വലിയ ഏടാകൂടമില്ലെന്നുമൊക്കെ കിളികൾക്ക് മനസ്സിലാക്കാനായതു തന്നെ വലിയ കാര്യം. അതേസമയം ഇവിടത്തെ കാരണഭൂതൻ ജില്ലകൾതോറും സ്വീകരണങ്ങൾ ഏറ്റുവാങ്ങുന്ന തിരക്കിലായിരുന്നു. ഉപഹാരം ആദ്യം ജില്ലയിലെത്തും. പിന്നീട് സുസ്മേരവദനനായി അദ്ദേഹമെത്തും അതായിരുന്നു പതിവ്. ഒരു വ്യാഴവട്ടക്കാലം പല നിലകളിൽ സേവിച്ചിട്ടും സ്ഥാപനത്തെ ഒരു വഴിക്കാക്കിയിട്ടും മതിയാവാതെ ഭവാൻ ഈ മനോഹര തീരത്ത് ഒരു മാസം കൂടി അധികം തങ്ങിയിട്ടാണത്രേ മടങ്ങിയത്. ഔദ്യോഗിക യാത്രയയപ്പ് പോരെന്ന് തോന്നിയതു കൊണ്ടാണോ എന്നറിയില്ല, ചുവപ്പൻ കിളികളുടെ വക പ്രത്യേക യാത്രയയപ്പും നടന്നത്രേ. ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ എന്നല്ലാതെ എന്ത് പറയാൻ ?

പി.എസ്.സി യുടെ ജോലിഭാരം കുറയ്ക്കാൻ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഭരണപരിഷ്കാരിയായിരുന്ന അച്ചുമാമന്റെ ശുപാർശ വന്നപ്പോൾ ചർച്ചകൾ സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം അന്വേഷിച്ച അസോസിയേഷൻ കിളികളോട് അപേക്ഷ പിൻവലിച്ചില്ലെങ്കിൽ സസ്പെന്റ് ചെയ്യുമെന്ന് ചന്ദ്രഹാസമിളക്കിയവർക്ക് ഇപ്പോൾ സന്തോഷമായിട്ടുണ്ടാവും. ഒരിക്കൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ തിരിച്ചെടുക്കാനാവില്ലെന്ന് നാളിതുവരെ പറഞ്ഞവർ തന്നെ വേക്കൻസി ഇല്ലെന്നറിയിക്കാൻ ഔദ്യോഗികമായി അവസരം നൽകിയെന്നാണ് കേൾവി. വേക്കൻസികൾ തരം മാറ്റി ചിറ്റപ്പൻ നിയമനങ്ങൾക്ക് സ്കോപ്പു കൂട്ടിയ ഉത്സവകമ്മിറ്റിയെ എത്ര അഭിനന്ദിച്ചാലും മതിയാവില്ലെന്നാണ് കിളിമൊഴികൾ.

തുളസിക്കുന്നിലെ ഭരണപരിഷ്കാരങ്ങളിൽ വട്ടം കറങ്ങി ജീവനക്കിളികൾ കിളി പോയ മട്ടിലാണ്. വളരെ കൃത്യതയോടെ




സമയബന്ധിതമായി പ്രസിദ്ധീകരിച്ചിരുന്ന റാങ്ക് പട്ടികകൾ പൊതുപരീക്ഷകൾ കാരണം താളം തെറ്റിയത് പിൻവാതിൽ നിയമനങ്ങൾക്ക് വഴിവച്ചതായി നാട്ടുക്കിളികളാകെ ചിലയ്ക്കുന്നു. പുറത്തുവരുന്ന റാങ്ക് പട്ടികകളിലാകെ ഒരേ മുഖങ്ങൾ! എന്തായാലും ഒരു കാര്യം ഉറപ്പായി. നിയമന ശുപാർശകളുടെ എണ്ണത്തിന്റെ കാര്യത്തിൽ 'എൽഡിഎഫ് സർക്കാർ' വരും വർഷങ്ങളിൽ ഇടാൻ പോകുന്ന 'റെക്കോർഡ്' ലോകാവസാനം വരെ ആർക്കും തിരുത്താൻ കഴിയില്ല. ഇതിനറുതി വരുത്തുന്നതിനായി അപേക്ഷ അയയ്ക്കുന്നവർക്ക് അത് പരിഗണിക്കുന്നതിന് മുമ്പ് തന്നെ 'റിലിൻക്യുഷ്മെന്റ്' സന്ദേശം നൽകിയത് ദീർഘവീക്ഷണത്തിന്റെ ഉദാത്ത മാതൃകയായി. പാവം ഉദ്യോഗാർത്ഥികിളികൾക്ക് ജോലി നൽകിയില്ലെങ്കിലും കുഴപ്പമില്ല, ഇത്തരം പണികൾ കൊടുക്കാതിരുന്നാൽ മതി. ''കുറുന്തോട്ടിക്കും വാതം വന്നു'' എന്ന ദുഷ്പേര് കേട്ടെങ്കിലെന്ത്, പി.എസ്.സിയിലും ഒ.എ, അസിസ്റ്റന്റ് തസ്തികകളിലേക്ക് റാങ്ക് പട്ടികകൾ നിലവിലില്ലാത്ത കാരണം പറഞ്ഞ് നൂറ് സഖാക്കൾക്കെങ്കിലും നിയമനം നൽകാനായല്ലോ എന്ന നിർവൃതിയിലാറാടുന്ന ചുവപ്പൻ കിളികൾക്ക് നൂറ് കലക്കൻ അഭിവാദ്യങ്ങൾ!

ക്രിസ്തുമസ് എത്തിയപ്പോൾ സന്ദർഭോചിതമായി ഒരു സന്ദേശം നൽകലും കരോൾ ഗാനാലാപനവും ഒരു കൂട്ടർ സംഘടിപ്പിക്കുന്നതായി മണത്തറിഞ്ഞ ചുവപ്പർ സംഘം നാലാളെങ്കിലും കുറയട്ടേ എന്ന 'സദുദ്ദേശത്തിൽ' അന്ധവിശ്വാസത്തെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കാൻ മറന്നില്ല. എന്നാൽ പിറ്റേ ദിവസം കലാസമിതി വക 'നാസിക് ഡോൽ' പെരുമ്പറ കേട്ട് കിളികൾക്കാകെ കൺഫ്യൂഷനായി. ഇങ്ങനെയും ക്രിസ്തുമസ് ആഘോഷിക്കുമോ, അതോ അന്ധവിശ്വാസങ്ങളെ ആട്ടിപ്പായിക്കാനാണോ എന്ന്. സംശയം അതിൽ മാത്രം ഒതുങ്ങുന്നില്ല. ഈ ഡി.എ, ലീവ് സറണ്ടർ, പേ റിവിഷൻ അരിയർ ഇത്യാദിയൊക്കെയും അന്ധവിശ്വാസങ്ങളാണോ ആവോ ? എന്തോ, കിളിക്കറിയില്ല. എന്നാൽ പൊതുയോഗത്തിൽ ഒരു ചുവപ്പൻകിളി തർക്കമേതുമില്ലാതെ എഴുന്നേറ്റു നിന്ന് പറഞ്ഞത്രേ, ലീവ് പ്രൊമോഷൻ കൊടിയ പാപവും വലതുപക്ഷ വ്യതിയാനവുമാണെന്ന്. അതിനാൽ അത് ആവശ്യപ്പെടുന്നത് മഹാഅപരാധമാണെന്നും. ഇത് നന്നേ ബോധിച്ച നേതൃത്വം അദ്ദേഹത്തോട് നീ തങ്കപ്പനല്ലടാ പൊന്നപ്പൻ എന്ന് തോളിൽ തട്ടി പറഞ്ഞതായാണറിവ്. ഇതൊരിടം കോലിടലായി ചിലർക്ക് തോന്നിയെങ്കിലും നേതാക്കൾ ചെങ്കോലു നൽകിയ സ്ഥിതിക്കു അണികൾ കിരീടവും ചാർത്തിക്കൊടുത്ത് പിരിഞ്ഞത്രേ.

സർക്കാരിന്റെ ജീവനക്കിളികളോടുള്ള കരുതൽ അപാരം തന്നെ. 2022-23 വർഷത്തെ ലീവ് സറണ്ടർ 2027 ൽ പി.എഫിൽ നിന്ന് പിൻവലിക്കാൻ അനുവദിച്ചുത്തരവായത്രേ. ഈ വർഷം ടാക്സ് കൊടുക്കുന്ന തുക നാലു വർഷം കഴിഞ്ഞ് അധികാരത്തിലുള്ളവർ തരുമെന്ന്. കാരണഭൂതന് കൊട്ടാരവളപ്പിൽ പശുത്തൊഴുത്തിന് അരക്കോടിക്കും രണ്ടുനില മന്ദിരത്തിൽ ലിഫ്റ്റ് പിടിപ്പിക്കാനും നീന്തൽക്കുള നവീകരണത്തിന് മറ്റൊരു അരക്കോടിക്കുമൊന്നും സാമ്പത്തിക പ്രതിസന്ധി തടസ്സമല്ലാത്തപ്പോൾ ഇത് ജീവനക്കാർക്ക് മാത്രമേ ബാധകമായുള്ളോ എന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. വിലക്കയറ്റം ജുഡീഷ്യ ഓഫീസർമാരെ മാത്രമേ ബാധിക്കുകയുള്ളോ എന്ന സംശയം വേറെ. വാഴക്കുല മറിച്ചു നൽകി ഡാക്ടറായ ചിന്തിക്കുന്ന കിളിയുടെ ശമ്പള കുടിശിക, തിരുതയുടെ ഇന്ദ്രപ്രസ്ഥവാസത്തിന്റെ ചിലവ് എന്നിവ കൂടി ഓർക്കുമ്പോൾ ജീവനക്കാർ ഇനിയും മുണ്ടു മുറുക്കണമെന്നതിൽ സംശയമില്ല. പശുത്തൊഴുത്തിന് അരക്കോടി വകയിരുത്തിയപ്പോൾ മരണപ്പെടുന്ന ഓരോ 'വൈറ്റ് കോളർ തെണ്ടി'യുടെ കുടുംബത്തിന് ആശ്രിത നിയമനത്തിന് പകരമായി രൂഫാ പത്ത് ലക്ഷം ഓഫർ ചെയ്ത മഹാദയാലുവിന് നീന്തൽക്കുളമല്ല, ഒരു ക്ഷീരസാഗരം തന്നെ നിർമ്മിച്ചു നൽകണമെന്നാണ് കിളിയുടെ പക്ഷം.

അടുത്തിടെ കൊട്ടിഘോഷിച്ച് ഒരു ലോഗോ മത്സരവും പ്രകാശനവും നടന്നു കണ്ടു. ഇപ്പോഴത്തെ സാഹചര്യത്തിൽ കിളിക്ക് ഏറ്റവും അനുയോജ്യമായി തോന്നുന്നത് ജീവനക്കാരുടെ ദുഃസ്ഥിതിയുടെ നേർസാക്ഷ്യമായ 'പിച്ചച്ചട്ടിയും രണ്ടിറ്റ് കണ്ണീരുമാണ്.' അതിലും കിടുക്കിയത് സാമൂഹ്യപ്രതിബദ്ധത, സമരതീക്ഷ്ണത, സേവനനിരത എന്ന വാക്‌ധോരണിയാണ്. സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായാണല്ലോ മുന്തിയ സഖാക്കൾ പണ്ട് പലർക്കും നൽകാനാവില്ലെന്ന് ശഠിച്ചെങ്കിലും ഇപ്പോൾ ആഫീസിലെത്താനായി ദിവസവും നൂറിലേറെ കിലോമീറ്ററുകൾ സർക്കാർ വണ്ടി പറപ്പിക്കുന്നത്. അടിത്തൂൺ പറ്റുമ്പോഴേക്ക് മുന്തിയ കസേരയൊന്ന് വേറെ ഒപ്പിക്കാൻ പാർട്ടിയാഫീസ് തിണ്ണ നിരങ്ങാനും ഇതേ വണ്ടി ശരണം. മാന്വൽ പരിഷ്കരണം പൂർത്തിയാക്കണമെങ്കിൽ കോവളത്തെ കടൽക്കാറ്റ് ഏറ്റെങ്കിലേ ഇവർക്ക് പറ്റുവത്രേ. സമരതീക്ഷ്ണതയുടെ ഉഗ്രതാപത്തിൽ മോദിയുടെയും അമിട്ടിന്റെയുമൊക്കെ ടൺക്കണക്കിന് കാക്കിക്കളസങ്ങൾ ചിതറിതെറിച്ചെന്നാണ് വാദം. പി.എസ്.സി കിളികൾ ഈ തീവ്രത അവസാനം കണ്ടത് 2013 ൽ പങ്കാളിത്ത പെൻഷന് എതിരേ നടന്ന സമരസമയത്താണ്. അന്ന് അടുപ്പിച്ച് രണ്ട് അവധിദിനങ്ങൾ വരുംമുമ്പ് 'കോഴമാണി' വിളിക്കാത്ത വിളികേട്ട് സമരം നിർത്തി തുളസിക്കുന്നിൽ പാഞ്ഞെത്തി കണ്ടക്ടർ അളവെടുപ്പ് ഡ്യൂട്ടിക്ക് സ്ഥിരമായി നിയോഗിക്കപ്പെട്ട പാവങ്ങളെ തള്ളിമാറ്റി സ്വയം ഡ്യൂട്ടിയിൽ പ്രവേശിച്ച സമരതീക്ഷ്ണ യൗവ്വനങ്ങളെ ഓർമ്മ വരുന്നു. അന്നത്തെ സമരം കൊണ്ട് ഒന്നും നേടിയതായി വിവരമില്ല. എങ്കിലും മാണിപുത്രൻ ഇപ്പോൾ ഇവർക്ക് ദൈവപുത്രനാണെന്നും പങ്കാളിത്ത പെൻഷൻ പിൻവലിക്കാനാകില്ലെന്ന നിലപാടാണ് ഭരണത്തിലെത്തിയപ്പോൾ ഇക്കൂട്ടർക്കുള്ളതെന്നും വ്യക്തം. പിന്നെ സേവനനിരതയാണ് മെയിൻ. ഓണം, വിഷു, സംക്രാന്തി, പൊങ്കൽ, ക്രിസ്തുമസ് പെരുന്നാൾ, ജന്മനാൾ, വിവാഹവാർഷികം എന്നു വേണ്ട എല്ലാത്തരം ആഘോഷങ്ങളും ഏരിയ, ബ്രാഞ്ച് തലങ്ങളിൽ ഏറ്റെടുത്ത് നടത്തിക്കൊടുക്കാനാണ് പാർട്ടി നയരേഖ. കേക്ക് മുറിപ്പാണ് പ്രധാന ഐറ്റം. പിരിവും തകൃതി. അടുത്ത വർഷം മുതൽ അക്ഷയ ത്രിതീയയും ആഘോഷിക്കാൻ പദ്ധതിയുണ്ടത്രേ.

ഇവിടെ 30 ന്റെ ഗുണിതങ്ങളായ ദിവസങ്ങളിലെ അവധിക്ക് പകരം പ്രമോഷന്റെ കണക്ക് പറയുമ്പോൾ പണ്ട് 'വി ആർ 99' എന്ന് പറഞ്ഞവർ 1300 ന്റെയും 300 ന്റെയുമൊക്കെ



ഗുണിതങ്ങൾ തപ്പിപ്പെറുക്കി എന്തൊക്കെയോ സമർത്ഥിക്കാനുള്ള തത്രപ്പാടിലാണ്. ചുവപ്പൻമാർക്ക് ത്രിവർണ്ണക്കാരുടെ ചില്ലിക്കാശ് വേണ്ടത്രേ. അവർ അങ്ങനെ ചിന്തിക്കുന്നതിൽ തെറ്റില്ല. കാരണം പി.എസ്.സി അവരുടേത് മാത്രമാണെന്നും അവിടെ അവർ മാത്രം മതിയെന്നും അവർ ആഗ്രഹിക്കുന്നു. അതിനാൽ അവർ അവർക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്നു. സ്വാർത്ഥത ജീവസഹജം തന്നെ. എന്നാൽ അവരുടെ ചിലവിലാണ് ത്രിവർണ്ണക്കാർ സമ്മേളനം നടത്തുന്നതെന്ന കണ്ടെത്തൽ തരംതാണതെന്ന് പറയാതെ വയ്യ. ഈ വർഷം സമ്മേളനത്തിന് പിരിവ് നൽകരുതെന്ന് പല തവണ പല രീതിയിൽ വിലക്കിയവർ 1300 ൽ ഭാരവാഹികളെയും എണ്ണിയിട്ടുണ്ടോ ആവോ ? ത്രിവർണ്ണക്കാർ ഇക്കുറിയും ഒരു കുറവും വരുത്തിയില്ല. സമ്മേളനം പൂർവ്വാധികം ഭംഗിയായി നടത്തി. ചുവപ്പന്മാർ ആയിരങ്ങൾ പിടുങ്ങിയ ശേഷം നൽകുന്ന മീനും മരച്ചീനിയും വാങ്ങാവുന്ന സഞ്ചിയല്ല, മറിച്ച് നല്ല ബാഗു തന്നെയാണ് ഇക്കുറിയും നൽകിയത്. ഇപ്പോൾ കൈയിലെത്തിയിട്ടുള്ള തുളസീരവം ലക്കവും സൗജന്യം തന്നെ. പി.എസ്.സി ജീവനക്കാരെന്ന നിലയിൽ സംഘടനാഭേദമെന്യേ എല്ലാ ജീവനക്കാരെയും തുടർന്നും അസോസിയേഷൻ സമീപിക്കുക തന്നെ ചെയ്യും. സഹകരിക്കുന്നവരുടെ നല്ല മനസ്സിനെ അംഗീകരിക്കുകയും ചെറും. ഒരു തീട്ടൂരവും ഇതിന് വിലങ്ങുതടിയാവില്ല.

റൊട്ടേഷൻ എഴുതി ഫയൽ വയ്ക്കും മുമ്പ് ഉദ്യോഗാർത്ഥികളെ കണ്ട് വിരട്ടിയും, സെക്രട്ടറിയേറ്റിലേക്ക് മാറ്റം നൽകാമെന്ന് പ്രലോഭിപ്പിച്ചും പ്രാദേശികതലത്തിൽ ഭരണസ്വാധീനമുപയോഗിച്ച് ഭീഷണിപ്പെടുത്തിയുമൊക്കെ ഇപ്പറഞ്ഞ 'എണ്ണം' ഉണ്ടാക്കുന്നവരോട് ഒന്നേ

പറയാനുള്ളൂ, ചോദിക്കാനും പറയാനും ഉത്തരവാദിത്തപ്പെട്ടവരില്ലെങ്കിൽ ആർക്കും എന്തുമാവാം. പക്ഷേ ത്രിവർണ്ണക്കാർക്ക് ഇപ്പോഴുള്ളവർ ധാരാളം. പുതുതായി ഒപ്പം ചേരാൻ വിരലിലെണ്ണാവുന്നവരെങ്കിലും ആദർശശാലികൾ ഇപ്പോഴുമുണ്ടെന്ന ബോ ദ്ധ്യമുണ്ടാവുന്നത് നന്ന്. കാക്കിക്കളസമിട്ട് റൂട്ട് മാർച്ച് നടത്തി നടന്നവരെയൊന്നും എന്തായാലും ഈയുള്ളവർ ചുമക്കുന്നില്ല. ചിലരൊക്കെ പോയി കഴിയുമ്പോൾ ത്രിവർണ്ണക്കാരുടെ കഥ കഴിയുമെന്ന് പ്രവചിച്ച മഹാന്മാരൊക്കെ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ ആവോ ? ത്രിവർണ്ണക്കാരുടെ ഭാവിയോർത്ത് വേവലാതിപ്പെട്ട് സമയം പാഴാക്കാതെ പിരി വുതന്ന് നടുവൊടിഞ്ഞ സ്വന്തം അണികളോട് അൽപ്പമെങ്കിലും ആത്മാർത്ഥത കാണിക്കാൻ ശ്രമിക്കുന്നതാവും ഉചിതം.

1997 ന് മുമ്പ് പി.എസ്.സി ഇല്ലായിരുന്നോ എന്നൊരു സംശയം ചിലരുടെയൊക്കെ അവകാശവാദങ്ങൾ കേൾക്കുമ്പോൾ കിളിക്ക് തോന്നുന്നു. ഇതിന് ശേഷം ലഭിച്ച തസ്തിക കളിൽ കൂടുതലും ചുവന്നതാണു പോലും. ജില്ലാ ആഫീസർ തസ്തിക യു.എസിൽ നിന്ന് ഡി.എസ് ആക്കിയതും മേഖലാ ആഫീസുകളനു വദിച്ചതും ജില്ലാ സഹകരണ, അപ്പെക്സ് ബാങ്ക് നിയമനങ്ങൾ പി.എസ്.സി യ്ക്ക് കൈമാറിയതുമൊക്കെയാണ് പിന്നീട് തസ്തിക കൾ ലഭിക്കാൻ ഇടക്കാക്കിയതെന്നിരിക്കെ ഇതൊ ക്കെ ആരാണനുവദിച്ചതെന്ന് സ്മരിക്കാത്തത് വഞ്ചനാപരമാണെന്ന് മാത്രമേ കിളിക്ക് പറയാ നുള്ളൂ. വയനാട് നിയമനത്തട്ടിപ്പ് പുറ ത്തുവന്നപ്പോൾ പി.എസ്.സി ക്ക് ഇതിലൊന്നും ചെയ്യാനില്ലെന്ന് കൈമലർത്തിയ കാരണവരേയും ഇതിന്റെ പേരിൽ A.S ഉൾപ്പെടെ നൂറോളം തസ്തികകൾ തരപ്പെടുത്തിയ GAD കിളിക ളെയും ഈ അവസരത്തിൽ സ്മരിക്കാതെ തരമില്ല. പിരിവൊന്നും തന്നില്ലെങ്കിലും എളിയ നിലയിൽ തുടർന്നും സംഘടനാ പ്രവർത്തനം നടത്തി ജീവിച്ചു പോകാൻ ഈ കിളികളോട് കരുണയുണ്ടാവണമെന്ന് മാത്രമാണ് രോമവദന മഹാരായാവിനോടും സിൽബന്തികളോടും അപേക്ഷിക്കാനുള്ളത്. ഡി.എ, ലീവ് സറണ്ടർ, പേ റിവിഷൻ അരിയർ, സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടങ്ങിയ അന്ധവിശ്വാസങ്ങളെ പൂർണ്ണമായി തുടച്ചുനീക്കാൻ ബഡ്ജറ്റ് പ്രഖ്യാ പനത്തിന് തൊട്ട് മുൻപ് നടത്തിയ മിന്നൽ പ്രവർത്തനഫണ്ട് പിരിവിനെ തുടർന്നുള്ള ഊർജിതമായ പ്രവർത്തനങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യട്ടെ.

തുളസിക്കുന്നിൽ ചില മാറ്റങ്ങളൊക്കെ കണ്ടു തുടങ്ങിയിട്ടുണ്ട്. ചരടു കൈയി ൽ കിട്ടില്ലെന്നുറപ്പായപ്പോൾ പാരവച്ച് വഴിമുടക്കാൻ നോക്കി പരാജയപ്പെട്ട ചിലരുടെ വേവലാതി കാണുമ്പോൾ കിളിക്ക് ചിരിയാണ് വരുന്നത്. ശിഷ്ടകാലമെങ്കിലും വാങ്ങുന്ന ശമ്പളത്തിനുള്ള ജോലി ചെയ്ത് പാരപണി കളൊക്കെ നിർത്തി സാമൂഹ്യപ്രതിബദ്ധത അക്ഷരാർത്ഥത്തിൽ നിറവേറ്റാൻ എല്ലാവർക്കും കഴിയട്ടെ ജീവനക്കാരുടെ ക്ഷേമമുറപ്പാക്കാനുള്ള ബാദ്ധ്യത ഉത്തരവാദിത്തപ്പെട്ടവർ നിറവേറ്റട്ടെ. കാര്യക്ഷമവും സമർപ്പിതവുമായി പ്രവർത്തനം കാഴ്ചവച്ച് സ്ഥാപനത്തിന്റെ യശസ്സുയർത്തി പറക്കാൻ നിറഭേദമില്ലാതെ പി.എസ്.സി കിളികൾക്കാകട്ടെ, നമോവാകം!

## 2022 ഒക്ടോബർ മാസം മുതൽ 2023 ജനുവരി മാസം വരെ സർവ്വീസിൽ നിന്നും വിരമിച്ച സംഘടനാ അംഗങ്ങൾ



**ഗ്രേസികുട്ടി വി.ഡി.**
(എൻക്വയറി ഓഫീസർ)



**അനിത എസ്.**
(പേഴ്സണൽ അസിസ്റ്റന്റ്)



**ഓമന കെ.എം.**
(ഓഫീസ് സൂപ്രണ്ട്)



**ബേബിരാജ്**
(അസിസ്റ്റന്റ്)

# സംസ്ഥാന കൗൺസിൽ അംഗങ്ങൾ 2022-23

ചെയർമാൻ



ഷാനവാസ്.എ.എസ്


വൈസ് ചെയർമാൻ




ഫ്രഞ്ചസ്.ഡി



രഞ്ജിത് മോഹൻ



ആർ.സി.സുരേഷ്കുമാർ



അനിൽകുമാർ.വി.എസ്



സന്തോഷ്കുമാർ.ഡി



ആൽബിൻരാജ്.ഡി.എസ്



സുനിൽകുമാർ.പി



ബിജു.പി.എസ്



നിസാം യൂസഫ്



ഗോപകുമാർ.എസ്.എസ്



അബ്ദുൾ റഷീദ്



സനീഷ് സമദ്



സുരേഷ് ഭട്ട്



വിനോദ് കുമാർ.വി



വിനോദ്.ബി.ടി



രാജു എഡ്വേർഡ്



രാജേഷ്കൃഷ്ണൻ



ജയസേനൻ എസ്.എസ്.



ശ്രീദേവ്.എം.എസ്.



ബിന്ദു സോജ



ആശ.ആർ.നായർ



ദീപാറാണി.വി.പി



സജിതകുമാരി.എസ്.എസ്



രാജലക്ഷ്മി.എച്ച്



ശ്രീലേഖ.ടി.പി



സുമ.ടി.എം



ഷിജിനിമോൾ തമ്പി

## വനിതാ കമ്മിറ്റി



സിന്ധു എ.എസ്.
കൺവീനർ



ജീജ എം.എം
ജോയിന്റ് കൺവീനർ



**പി.എസ്.സി.എംപ്ലോയീസ്**
**അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന**

# പ്രതിഷേധ ധർണ്ണ

**2023 ജനുവരി 25**



